THE MALANKARA SABHA

മലങ്കരസഭ

ജൂൺ 2016

The Official Media of Malankara Orthodox Syrian Church

Rs : 15



Hebron Hill Retirement Home

An outreach of Mar Theodosius Memorial Mission International Regd.

✵ Help the helpless to help himself ✵

Inviting application for parents from NRIs Living in USA, Europe and Australia

Amenities include furnished rooms, bath attached, hot water Micro wave, A/c as needed, Orthodox Chapel & priestly presence, common dining, community life and many more...

For more information contact:

Fr. Mathai Alakot

19 Sequoia Grove Way, American Canyon, CA 94503

Ph: USA +1408-868-4000, India +914682286001, www.hebronhills.org

രജത ജൂബിലി സംഗമം... 2016



രജത ജൂബിലി സംഗമം: ഓർത്തഡോക്സ് സെമിനാരി 1987–91 ബാച്ചിന്റെ 25–ാം വാർഷിക കൂട്ടായ്മയിൽ പങ്കു ചേർന്നവർ. **ഇരിക്കുന്നവർ:** ഫാ. ഡോ. സാം കുട്ടംമ്പേരൂർ, ഫാ. രാജൻ ജോർജ്, വെരി. റവ. നഥാനിയേൽ റമ്പാൻ, ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ, ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, വെരി.റവ. സിൽവാനിയോസ് റമ്പാൻ, ഫാ. എസ്. തങ്കച്ചൻ, ഫാ. പി. കെ. ഗീവർഗീസ്. **പിന്നിൽ:** ഫാ. ഡോ. ജേക്കബ് മാത്യു കാരിച്ചാൽ, ഫാ. റോയി പി. തോമസ്, ഫാ. ഐസക്ക് തോമസ്, ഫാ. മാത്യൂസ് താന്നിമൂട്ടിൽ, ഫാ. ജോൺ പീറ്റർ, ഫാ. ജോസഫ് സണ്ണി ജോൺ, ഫാ. തോമസ് കെ. ചാക്കോ, ഫാ. എൻ. പി. ജേക്കബ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ.



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 6, പുസ്തകം 70, ജൂൺ 2016



മലങ്കരസഭാ തേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ മെത്രാപ്പോലീത്തായുടെ
107-ാം ഓർമ്മ ജൂലൈ 12 -ന് കോട്ടയം പഴയ സെമിനാരിയിൽ

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
മാർത്തോമ്മൻ പൈതൃകം
- ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

8 വന്യജീവന വാണിജ്യം
പരിസ്ഥിതി
- ഡോ. ജോസഫ് മാർ ദിവന്നാസിയോസ്

10 കാനോനിക നമസ്കാരങ്ങൾ
പഠനം
- ഡോ. മാത്യൂസ് മാർ തീമോത്തിയോസ്

14 കൂനൻ കുരിശ്...
ചരിത്രം
- ഫാ. ഡോ. ജോസ് ജോൺ

18 മൗനം തിരുവചനത്തിൽ
വേദപഠനം
- ജസ്റ്റിസ് ബഞ്ചമിൻ കോശി

20 പ്രാർത്ഥന എന്തിന്
പഠനം
- അഡ്വ. പി. ജോൺ ചെറിയാൻ

26 ആകാശത്തിലുള്ള ഞങ്ങളുടെ..
പഠനം
- സഖേർ

32 രഹസ്യപ്രാർത്ഥനകളുടെ...
ആരാധന
- ഫാ. ഡോ. എബ്രഹാം ഉമ്മൻ

44 സ്വർഗ്ഗവും നരകവും
പഠനം
- ഫാ. കെ.വി. ഏലിയാസ്

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

BRIEFLY

ജൂലൈ -3, മിഷൻ സൺഡേ. സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി അന്നേദിവസം പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേ കവർപിരിവിൽ ഏവരും മുൻവർഷത്തേക്കാൾ അധികമായി സഹകരിക്കുകയും ചെയ്യണമെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ പള്ളികൾക്ക് അയച്ച കല്പനയിൽ ആഹ്വാനം ചെയ്തു.

ഐനാംസ് വാർഷിക കോൺഫറൻസ് ഒക്ടോബർ 8 മുതൽ 11 വരെ ഭിലായ് സെന്റ് തോമസ് മിഷൻ സെന്ററിൽ നടത്തും.

ശ്ലീഹാ നോമ്പാരംഭം ജൂൺ-16. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ജൂൺ -29, ശ്ലീഹാ നോമ്പ് വീടൽ. പന്ത്രണ്ട് ശ്ലീഹന്മാരുടെ ഓർമ്മ ജൂൺ-30.

യുവജന പ്രസ്ഥാനം അഖില മലങ്കര വാർഷിക കോൺഫ്രൻസ് സെപ്റ്റം. 30 മുതൽ ഒക്ടോ. 2 വരെ അഹമ്മദ്ബാദിൽ നടത്തും.

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാവുക

മലങ്കരസഭ മാസിക

70 വർഷത്തെ അക്ഷര വെളിച്ചം

www.malankarasabhaonline.in

മലങ്കരസഭ

10 ജൂൺ 2016

എല്ലാ മാസവും മലങ്കരസഭയുടെ അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

Cover & Graphic Designing:-
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
മെത്രാപ്പോലീത്താ

കത്തുന്നതിലൂടെ തീ നിലനിൽക്കുന്നതുപോലെ, പ്രേഷിത പ്രവർത്തിനത്തിലൂടെയാണ് സഭ നിലനിൽക്കുന്നത് എന്ന എമിൽ ബ്രൂണറുടെ മിഷനെക്കുറിച്ചുള്ള ദർശനം ജീവിതത്തിൽ മുറുകെപ്പിടിച്ച പിതാവായിരുന്നു ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്. ഊണിലും ഉറക്കത്തിലും മിഷനെക്കുറിച്ചു മാത്രമേ തിരുമേനിക്കു പറയുവാനുണ്ടായിരുന്നുള്ളൂ. 'ദരിദ്രരെ ഓർത്തുകൊള്ളണം' (ഗലാത്യർ 2:10) എന്ന വേദഭാഗം തന്റെ അന്ത്യ കല്പനയിലും ചേർക്കുവാൻ വിട്ടുപോകാതിരുന്നത്, ആ സമൂഹത്തോടുള്ള തന്റെ കരുതലിന്റെ ഭാഗമായിരുന്നു. “വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം” (അപ്പോ. പ്ര. 20:35) എന്ന കർത്തൃവചനം അക്ഷരാർത്ഥത്തിൽ പാലിച്ച പിതാവായിരുന്നു തിരുമേനി.

ദൈവതിരുനാമമഹത്വത്തിനും സമൂഹത്തിൽ കഷ്ടപ്പെടുന്നവരുടേയും ദുരിതമനുഭവിക്കുന്നവരുടേയും ഉയർച്ചയ്ക്കും വിടുതലിനും വേണ്ടി ചെയ്യുന്നതെല്ലാം 'മിഷൻ' ആണെന്നു തിരുമേനി വിശ്വസിച്ചിരുന്നു. ആയതിനാൽ അദ്ദേഹത്തിന്റെ കർമ്മമണ്ഡലങ്ങൾ എല്ലാം ഈ ആത്മാവിന്റേതുമായിരുന്നു. മിഷൻ അദ്ദേഹത്തിന്റെ വാക്കിലും എഴുത്തിലും മാത്രമല്ല രക്തത്തിലലിഞ്ഞത് പോലെയായിരുന്നു. അതുകൊണ്ടാണ് സഭയിൽ മിഷനെ ഇത്രമാത്രം ചലനാത്മകമാക്കാൻ കഴിഞ്ഞത്. തിരുമേനിയുടെ അധരങ്ങൾ ചലിച്ചത് കൂടുതലും മിഷനെപ്പറ്റി പറയാനും അതിലൂടെ ദൈവസ്നേഹത്തെ വിവരിക്കാനുമായിരിക്കണം. അദ്ദേഹത്തിന്റെ യാത്രകൾ മിക്കതും മിഷന് വേണ്ടിയായിരുന്നു. ആയതിനാൽ പ. സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഏവരുടേയും പ്രാർത്ഥനാപൂർവ്വമായ സഹകരണം തുടർന്നും ഉണ്ടാകണം.

മുൻപതിവുപോലെ, കഴിഞ്ഞവർഷത്തെ മിഷൻ സൺഡേ പിരിവിന്റെ കണക്കുകൾ പള്ളികൾക്ക് അയച്ചിട്ടുണ്ട്. നിങ്ങൾ ഏവരുടേയും പ്രാർത്ഥനയാലും സഹകരണത്താലും ഓരോ വർഷവും പിരിവുതുക വർദ്ധിച്ചുവരുന്നു. ഈ വർഷത്തെ വരവ് **91,53,118.34** രൂപയാണ്. ദൈവകൃപയാൽ എല്ലായിടത്തുമുള്ള മിഷൻ പ്രവർത്തനങ്ങളും ഭംഗിയായി നടക്കുന്നു. പ്രവർത്തകരുടെ കുറവ് മിഷൻ പ്രവർത്തനത്തെ ബാധിച്ചു തുടങ്ങി. ദൈവവേല ആഗ്രഹിക്കുന്ന യുവതീ-യുവാക്കൾ മുന്നോട്ടു വരുവാനായി പ്രാർത്ഥിക്കണം. മാവേലിക്കര എം.റ്റി.സി.യിൽ നടന്നുവരുന്ന ത്രിവത്സര ഡിപ്ലോമാ കോഴ്സിന്റെ 19-ാമത് ബാച്ച് 2016 ജൂണിൽ എങ്കിലും ആരംഭിക്കേണ്ടതാണ്. +2 പാസ്സായവർക്ക് ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കാം. അനുയോജ്യരായവരെ കണ്ടുപിടിച്ച് മാവേലിക്കര മിഷൻ സെന്ററുമായി ബന്ധപ്പെടുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

സഭാ മിഷൻബോർഡിന്റെ നേരിട്ടുള്ള ചുമതലയിൽ കോട്ടയം-അമയന്നൂരിൽ ആരംഭിക്കുന്ന സ്ഥാപനത്തിന്റെ കൂദാശ 2016 മാർച്ച് 12-ാം തീയതി നടത്തുകയുണ്ടായി. മിഷൻബോർഡിന്റെ കൂടി ഉത്തരവാദിത്വത്തിൽ ആൻഡമാൻസിൽ ആരംഭിക്കുന്ന കേന്ദ്രത്തിന്റെ കൂദാശ 2016 ഏപ്രിൽ 27-ാം തീയതി നടന്നു. ചെങ്ങന്നൂരിനടുത്തുള്ള തട്ടയ്ക്കാട്ട് ആരംഭിക്കുന്ന മാർ ഒസ്താത്തിയോസ് ഗ്ലോറിയാ ഭവന്റെ നിർമ്മാണവും പൂർത്തിയായി വരുന്നു. നേപ്പാളിൽ ഉണ്ടായ ഭൂകമ്പകെടുതിയിൽ തകർന്നുപോയ ആദിവാസികളുടെ അൻപത് ഭവനങ്ങൾ അടങ്ങിയ ഒരു ഗ്രാമം നാം ദത്തെടുത്തു. 2016 ജൂൺ-ജൂലൈയോടുകൂടി പണികൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

ദൈവതിരുനാമ മഹത്വത്തിനും പ: സഭയുടെ സുവിശേഷ സാക്ഷ്യത്തിനും നിർദ്ധനരായ അനേകരുടെ ആശ്വാസത്തിനും അനുഗ്രഹത്തിനുമായി പ. സഭ നടത്തിവരുന്ന എല്ലാ മിഷൻ പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും തുടർന്നും ഭംഗിയായി കൊണ്ടുപോകുവാനുള്ള ഉത്തരവാദിത്വം നമുക്കേവർക്കുമുണ്ടല്ലോ.

മഹാപുരോഹിത സന്ദേശം

കർത്താവിൽ പ്രിയരേ,

ദൈവസൃഷ്ടിയുടെ മകുടമായ മനുഷ്യൻ ദൈവമഹത്വം നിറഞ്ഞുനിൽക്കുന്നവനും ഭൂമിയുടെ കാര്യവിചാരകനുമാണ്; എങ്കിലും തന്റെ സ്വാർത്ഥതയാൽ പ്രകൃതിയിൽ കാലങ്ങളായി മനുഷ്യവർഗ്ഗം നടത്തുന്ന ചൂഷണത്തിന്റെ തിക്ത ഫലമാണ് നാം അനുഭവിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ. കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ ശോഷണം, മരുവത്കരണം, ഊർജ്ജ പ്രതിസന്ധി, പ്രകൃതിക്ഷോഭങ്ങൾ, ജലക്ഷാമം തുടങ്ങിയവ ജീവന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്നു. മഹാരാഷ്ട്രയിലെ ലാത്തൂരിലും കേരളത്തിലെ പല ജില്ലകളിലും ഇപ്പോൾ അനുഭവപ്പെടുന്ന കൊടുംവരൾച്ച വരുംകാലങ്ങളിൽ നാം അനുഭവിക്കുവാൻ പോകുന്ന കൊടിയ പരിസ്ഥിതി പ്രശ്നങ്ങളുടെ സൂചനയാണ്. ഈ സാഹചര്യത്തിൽ ജലം ഉൾപ്പടെയുള്ള പ്രകൃതി വിഭവങ്ങളുടെ ഉപയോഗം സൂക്ഷ്മതയോടെ നിർവ്വഹിക്കുവാൻ നാം നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ നദികളും പുഴകളും ദൈവത്തിന്റെ വരദാനമാണെന്നുള്ള തിരിച്ചറിവ് സഭാ മക്കളിൽ ഉണ്ടാകണം. പരിസ്ഥിതി പ്രശ്നങ്ങളെ തിരിച്ചറിഞ്ഞ് അദ്ധ്യാത്മിക അടിത്തറയിൽ ഊന്നി അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുവാനും അവ പ്രാവർത്തികമാക്കുവാനും പരിശുദ്ധ സഭയ്ക്ക് ചുമതലയുണ്ട്.

"നിങ്ങൾ എന്റെ സാക്ഷികളാകുവീൻ" എന്ന കർത്തൃകല്പന പരിശുദ്ധ സഭയുടെ സാക്ഷ്യജീവിതത്തിന്റെ പ്രഖ്യാപനമാണ്. ക്രിസ്തു സ്നേഹത്തിന്റെ ആവിഷ്കാരമായി സഭാ ജീവിതം മാറുമ്പോഴാണ് ഈ കൽപന അന്വർത്ഥമാകുന്നത്. ഇപ്രകാരമുള്ള ക്രിസ്തീയ ദൗത്യം നിറവേറ്റുവാൻ ദൈവകൃപയാൽ മലങ്കര സഭയ്ക്ക് കുറെയെങ്കിലും സാദ്ധ്യമാകുന്നു എന്നതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. കുഷ്ഠരോഗികൾ, എയിഡ്സ് രോഗികൾ, അവരുടെ മക്കൾ, ക്യാൻസർരോഗികൾ, അനാഥർ, ആലംബഹീനർ, വൃദ്ധർ, പാർശ്വവൽക്കരിക്കപ്പെട്ടവർ തുടങ്ങി നാനാതരത്തിൽ ക്ലേശിക്കുന്നവർക്ക് ആശ്വാസവും ആലംബവുമായി അനേക മിഷൻ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു. യാച്ചാരം, പൂന-ദേഹുറോഡ്, കലഹണ്ടി, ഇറ്റാർസി, ഭിലായ്, മക്കോഡിയാ, കർണ്ണാടകയിലെ കുണിഗൽ തുടങ്ങി അനേക സ്ഥലങ്ങളിലും കേരളത്തിനകത്തുമായി പ്രവർത്തിക്കുന്ന മിഷൻ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി മുന്നേറിക്കൊണ്ടിരിക്കുന്നു എന്നതിൽ നാം അതിയായി സന്തോഷിക്കുന്നു. ആൻഡമാൻസിലെ മിഷൻ കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കോട്ടയത്ത് അമയന്നൂരിലെ വികലാംഗഭവന്റെ കൂദാശ നിർവ്വഹിക്കപ്പെട്ടു. ഈവർഷം ജൂലൈ മാസത്തിൽ മാവേലിക്കര മിഷൻ സെന്ററിൽ ആരംഭിക്കുന്ന 18-ാം ബാച്ച് ഡിപ്ലോമാ കോഴ്സിലേക്ക് +2 വിദ്യാഭ്യാസമുള്ളവരെ കണ്ടെത്തി അയയ്ക്കണമെന്ന് താത്പര്യപ്പെടുന്നു.

വീണ്ടും പ്രിയരെ,

മിഷൻ സൺഡേ പിരിവായി കഴിഞ്ഞ വർഷം 5,41,364.92 രൂപാ അധികമായി ലഭിച്ചതിലുള്ള നമ്മുടെ സന്തോഷം അറിയിക്കുന്നു. വൈദികരുടെ പ്രോത്സാഹനവും മിഷൻ പ്രവർത്തനങ്ങളോടുള്ള ദൈവമക്കളുടെ താല്പര്യവുമാണ് ഇതിലൂടെ വെളിവാകുന്നത്. ഈ വർഷത്തെ മിഷൻ സൺഡേ 2016 ജൂലൈ 3-ാം തീയതിയാണ്. സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി അന്നേദിവസം പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേ കവർപിരിവിൽ ഏവരും മുൻവർഷത്തേക്കാൾ അധികമായി സഹകരിക്കുകയും ചെയ്യണം.

വേനൽ അവധി അവസാനിച്ച് പുതിയ അദ്ധ്യായന വർഷം ആരംഭിച്ചിരിക്കുകയാണ്. നമ്മുടെ കുഞ്ഞുങ്ങൾ വളരെ ഉത്സാഹത്തോടെ സ്ക്കൂളിലേക്ക് പ്രവേശിക്കണം. ജീവിതം സമഗ്രമായി പടർന്നു പന്തലിക്കുവാൻ വിദ്യാഭ്യാസം എപ്പോഴും ആവശ്യമാണ്. നല്ല വിദ്യാഭ്യാസം ദൈവത്തെ ഭയപ്പെട്ട് ജീവിക്കുന്നതാണ്. നല്ലതു പോലെ വായിച്ച് പഠിച്ച് ഓർമ്മയും ബുദ്ധിയും എല്ലാം വികസിപ്പിക്കുവാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കണം. ദൈവത്തിന്റെ കൃപ അനുദിനം ഉൾക്കൊള്ളുവാൻ കഴിയണം.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

മാർത്തോമ്മൻ പൈതൃകം



The Way of Life:
MARTHOMA HERITAGE

വി. മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ
ജൂലൈ 3

‘

ദൈവത്തിന്റെ സമ്പൂർണ്ണ നന്മയിലേക്ക് മനുഷ്യൻ വളരുന്നത് സുശിക്ഷിതവും ആരാധനാപൂർണ്ണവുമായ ജീവിതം കൊണ്ടുമാത്രമാണ്. ആരാധനയിൽ ദൈവത്തോട് അനുരൂപപ്പെടുകയും അതിലൂടെ രൂപാന്തരപ്പെടുകയും ചെയ്യുന്നു. അതിന് വിശ്വാസികളെ സജ്ജമാക്കുന്ന ദൗത്യം സഭയുടേതാണ്.

- നിസ്സായിലെ ഗ്രിഗോറിയോസ്

* * *

‘സ്നേഹം, പങ്കിടിൽ എന്നിവയിൽ കേന്ദ്രീകൃതമായ ദർശനമാണ് മിഷൻ. സമ്പൂർണ്ണ പങ്കിടിൽ നീതിയും സമത്വവും ഉളവാക്കുന്നു. യേശുവിന്റെയും ആദിമ സഭയുടെയും ജീവിത ശൈലിയാണ് മിഷൻ കൂട്ടായ്മയിൽ ഉണ്ടാകേണ്ടത്.

-ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

* * *

ഉപ്പ് ഭക്ഷണത്തിൽ ലയിച്ച് അദൃശ്യമായിത്തീർന്ന് ഭക്ഷണത്തിന് രുചി വരുത്തുന്നു. രുചിച്ചു നോക്കാതെ ഉപ്പുണ്ടോയെന്ന് അറിയുക സാധ്യമല്ല.... ഉപ്പിനെപ്പോലെ സ്വയം നഷ്ടപ്പെടുവാനും പെരുമ്പറ അടിക്കാതെ വിനയപൂർവ്വം മനുഷ്യരെ സേവിക്കാനും ക്രിസ്തീയ സമൂഹത്തിന് സാധിച്ചാൽ അത് സാക്ഷ്യത്തിന്റെ യഥാർത്ഥ സ്വഭാവം കാണിക്കുന്നു.

-ഫാ. ഡോ. കെ. എം. ജോർജ്

മാർത്തോമ്മൻ പൈതൃകം മലങ്കര സഭയുടെ മുഖമുദ്രയാണ്. ദേശിയ-തദ്ദേശിയ സംസ്കാര ധാരകളിൽ വളർന്ന പാരമ്പര്യമാണ് മാർത്തോമ്മ ക്രിസ്ത്യാനികൾക്കുള്ളത്. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഭാരതസഭയുടെ നസ്രാണി പാരമ്പര്യത്തിൽ വളർന്ന് വികസിച്ച സുറിയാനി ക്രിസ്ത്യാനികളാണ് മലങ്കര നസ്രാണികൾ അഥവാ സെന്റ് തോമസ് ക്രിസ്ത്യാനികൾ. ആരാധനയിലുള്ള സുറിയാനി ഭാഷാപാരമ്പര്യമാണ് *സുറിയാനി ക്രിസ്ത്യാനികൾ* എന്ന വിളിപ്പേരിന് ആധാരം.

സാംസ്കാരികമായി തദ്ദേശിയവും ഭരണപരമായി സ്വയംഭരണ സ്വാതന്ത്ര്യവും ആദ്ധ്യാത്മികമായി പൗരസ്ത്യ സ്വഭാവവും സാമുദായികമായി മതസൗഹാർദ്ദവും പുലർത്തിയ മലങ്കര സഭാ പാരമ്പര്യത്തിലേക്ക് പതിനഞ്ചാംനൂറ്റാണ്ടിൽ പാശ്ചാത്യ ക്രൈസ്തവ സന്ദർശകരും പതിനാറാം നൂറ്റാണ്ടിൽ കത്തോലിക്കാ മിഷനറിമാരും പ്രവേശിച്ചു. എന്നാൽ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ തദ്ദേശീയമായി നിലനിന്ന മലങ്കരസഭയെ റോമൻ സഭയോടു ചേർക്കുവാൻ ശ്രമിച്ചപ്പോൾ വൈദേശിക അധിനിവേശത്തെയും ആധിപത്യത്തെയും നഖശിഖാന്തം പ്രതിരോധിക്കുവാനുള്ള ധാർമ്മിക ചങ്കുറ്റം ഈ നസ്രാണി സമൂഹത്തിനുണ്ടായി. 1599 ലെ ഉദയംപേരൂർ സുന്നഹദോസും അനന്തരഫലമായിട്ടുണ്ടായ 1653 ലെ കൂനൻകുരിശ് സത്യവും മലങ്കര നസ്രാണികളുടെ സ്വാതന്ത്ര്യത്തിനും അഖണ്ഡതയ്ക്കുമുള്ള പ്രതിരോധമുന്നേറ്റം വിളിച്ചറിയിക്കുന്നതാണ്. ലത്തീൻവൽക്കരണവും ആംഗ്ലിക്കൻവൽക്കരണവും പാശ്ചാത്യ സുറിയാനിവൽക്കരണവും മലങ്കര നസ്രാണികളുടെ സ്വത്വത്തെ വിവിധ തരത്തിൽ ശിഥിലമാക്കിയെങ്കിലും മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പൈതൃക സിദ്ധാന്തത്തിൽ നിറയുന്നത് അധിനിവേശ വിരുദ്ധ ചരിത്രമാണ്. മലങ്കര നസ്രാണി പൈതൃക വഴികൾ വിളമ്പരം ചെയ്യുന്നത് നസ്രാണികളുടെ സ്വാതന്ത്ര്യബോധവും തദ്ദേശീയമായ സ്വത്വദർശനവുമാണ്.

നിരവധി അഗ്നിപരീക്ഷണങ്ങളെ അതിജീവിച്ച മലങ്കരസഭ അതിന്റെ സ്വതന്ത്രവും തദ്ദേശീയവും ശ്ലൈഹികവും സ്വയംശീർഷകവുമായ പൈതൃകത്തെ പരിരക്ഷിച്ച് ആരാധനയിലും വിശ്വാസത്തിലും പൗരസ്ത്യ ഓർത്തഡോക്സ് തനിമ സംരക്ഷിക്കുന്നു. ഭാരത്തിലെ സാമുദായിക സംഘടനകൾ രൂപപ്പെടുന്നതിനു മുമ്പേ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ പാർലമെന്റ് എന്നു വിശേഷിപ്പിക്കുന്ന *മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ* 1875-ൽ രൂപീകൃതമായി. എപ്പിസ്കോപ്പസിയും ജനാധിപത്യവും സമന്വയിപ്പിച്ചുള്ള ഭരണ സംവിധാനത്തിന്റെ അടിത്തറയിലാണ് സഭ നിലനിൽക്കുന്നത്. ഭാരതത്തിന് സ്വന്തമായ ഭരണഘടന രൂപപ്പെടുന്നതിന് മുമ്പേ ജനാധിപത്യ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുള്ള ഭരണഘടന 1934-ൽ മലങ്കര

സഭയ്ക്ക് ഉണ്ടായി. ഇത് ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി 1995ൽ അംഗീകരിച്ച് ഉറപ്പിച്ചു. മലങ്കരസഭയെ നയിച്ച പേർഷ്യൻ മെത്രാന്മാരും (-1599), മലങ്കര മെത്രാന്മാരും (1653-1815) *മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനമെന്ന്* ഉപയോഗിച്ചിട്ടുള്ളത് മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പൈതൃകത്തിന്റെ വിശാലത വെളിപ്പെടുത്തുന്നു.

മലങ്കരസഭയുടെ എക്കാലത്തുമുള്ള മഹത്തായ മാർത്തോമ്മൻ പാരമ്പര്യം എല്ലാ സമുദായിക സമൂഹങ്ങളോടും സാഹോദര്യ സഹവർത്തിത്വത്തിൽ കഴിയുന്ന ദർശനമാണ്. എന്നാൽ സഭയുടെ സ്വാതന്ത്ര്യവും തനിമയും അഭംഗുരം സംരക്ഷിക്കപ്പെടുവാനും നൂറ്റാണ്ടുകളായി മലങ്കര നസ്രാണികൾ കൈമാറിയ മാർത്തോമ്മൻ പൈതൃക വേരുകൾ പരിരക്ഷിക്കുവാനും മലങ്കര സഭാംഗങ്ങൾ എക്കാലവും പ്രതിജ്ഞാബദ്ധമാണ്. എല്ലാ സഭകളോടും ഹൃദ്യമായ എക്യുമെനിക്കൽ ബന്ധവും ഇതരമതങ്ങളോട് സഹിഷ്ണുതാ മനോഭാവവും പുലർത്തുന്ന മലങ്കരസഭ രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങൾക്കും വികസനത്തിനും എന്നും ശക്തി പകരുന്നു. മലങ്കര നസ്രാണി സമൂഹത്തിന്റെ സ്വാതന്ത്ര്യപോരാട്ടങ്ങൾക്കും സഭയുടെയും സമൂഹത്തിന്റെയും വിവിധ നവോത്ഥാന പ്രവർത്തനങ്ങൾക്കും എന്നു ധീരമായ നേതൃത്വം നൽകിയിട്ടുണ്ട്. സഭകളുടെ ദേശീയവും അന്തർദേശീയവുമായ വേദികളിൽ മലങ്കര സഭയുടെ ശക്തമായ സാന്നിധ്യവും പങ്കാളിത്തവും ഉണ്ട്. മതസൗഹാർദ്ദവും സാഹോദര്യവും തകർക്കുന്ന കർമ്മപദ്ധതിയും മതപരിവർത്തനവും മലങ്കര നസ്രാണിയുടെ ദൗത്യചരിത്രത്തിലില്ല. മലങ്കരസഭയുടെ ജീവിതസാക്ഷ്യം തദ്ദേശീയ സംസ്ക്കാരത്തിലും പാരമ്പര്യത്തിലും അനുഷ്ഠാനങ്ങളിലും ലയിച്ചിരുന്നു. ആരാധനയിലും സാക്ഷ്യജീവിതത്തിലും കേന്ദ്രീകൃതമായ ദൗത്യം നിർവ്വഹിച്ച വിശ്വാസ സമൂഹത്തെയാണ് ചരിത്രം അടയാളപ്പെടുത്തുന്നത്.

മലങ്കരസഭയുടെ വിശ്വാസവും പാരമ്പര്യവും പ്രതിഫലിക്കുന്നത് *വിശ്വാസസമൂഹത്തിലൂ*ടെയാണ്. അത് വിവിധ സാംസ്കാരിക പൈതൃകത്തിൽ അധിഷ്ഠിതവുമാണ്. അതിനാൽ ഇടവക സാക്ഷികളുടെ സമൂഹമാണ്. വിശ്വാസികൾ ക്രിസ്തുവിനെ ആരാധനാ ജീവിതത്തിലൂടെ അനുഭവിച്ചറിഞ്ഞ് സാക്ഷ്യം വഹിക്കണം. സാമൂഹ്യ പ്രതിബദ്ധതയോടെ വിശുദ്ധിയിലേക്ക് വളരുന്ന നീതിയും സാകല്യവും സ്നേഹവുമുള്ള തീർത്ഥാടന സമൂഹമാകുന്നു സഭ.

EDITORIAL

ആരാധന (Worship), കൂട്ടായ്മ (Fellowship), പഠനം (Teaching), ശുശ്രൂഷ (Service), സാക്ഷ്യം (Witness) എന്നിവയാണ് ദൗത്യനിർവ്വഹണത്തിന്റെ അടിസ്ഥാനം. മലങ്കര സഭയുടെ സാക്ഷ്യജീവിതത്തിൽ പാരമ്പര്യവും സംസ്കാരവും, ദേശീയതയും, ആചാരാനുഷ്ഠാനങ്ങളും സമഗ്രമായി സമന്വയിച്ചിരിക്കുന്നു. ദൈവികതയിൽ ജീവിച്ച് സാമൂഹിക പ്രതിബദ്ധത നീതിപൂർവ്വം നിർവ്വഹിക്കപ്പെടുമ്പോൾ വിശുദ്ധ ജീവിതത്തിലേക്ക് വളരുവാൻ കഴിയും. *കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു* എന്ന് നിഖ്യാ വിശ്വാസപ്രമാണത്തിൽ ഏറ്റുചൊല്ലുമ്പോൾ നാം ക്രിസ്തുശരീരമായ സഭയുടെ ഭാഗമായിത്തീർന്ന് വിശുദ്ധസഭയിലേക്ക് ഉയരുകയാണ്. സാമൂഹിക ഉത്തരവാദിത്തങ്ങൾ വിസ്മരിക്കുമ്പോൾ സാക്ഷ്യജീവിതം ഭൗതികമായിത്തീരും. അതിനാൽ സഭയുടെ സാമൂഹിക ഉത്തരവാദിത്വം ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ അധിഷ്ഠിതമാകണം.

പ്രാർത്ഥന, ഉപവാസം എന്നിവയ്ക്ക് ഒപ്പമുള്ളതാണ് ദാനധർമ്മം (മത്താ. 6:5). ക്രിസ്തു ദരിദ്രരോട് താദാത്മ്യം പ്രാപിച്ചു. അനാഥരും ദരിദ്രരും രോഗികളും വിധവകളും കുട്ടികളും എല്ലാം യേശുവിന്റെ ശുശ്രൂഷയിൽ മുഖ്യസ്ഥാനം നേടി. ആദിമസഭയുടെ ജീവിതത്തിലും ഈ സാമൂഹിക ഉത്തരവാദിത്വം പ്രകടമാണ് (അപ്പോ. 2:43-47; യാക്കോ. 1:27). സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നു പുറത്താക്കപ്പെട്ട ദരിദ്ര വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായവും പ്രാർത്ഥനകളും മാത്രം മതിയോ? നീതിനിഷേധങ്ങൾക്ക് എതിരെയുള്ള പോരാട്ടങ്ങളിൽ പങ്ക് ചേരുവാൻ കഴിയണം. സ്നേഹപൂർവ്വമായ സാമ്പത്തിക സഹായങ്ങൾക്ക് ഒപ്പം അന്തസ്സോടെയുള്ള ജീവിതത്തിന് ആവശ്യമായ സംരക്ഷണവും നൽകണം. അവരോട് ചേർന്ന് കൂട്ടായ്മയിലും സഹവർത്തിത്വത്തിലും ആതിഥേയത്തിലും ജീവിക്കുവാൻ കഴിയണം. ഇതിന് സമാധാനവും സ്നേഹവും നീതിയും പങ്കിടുന്ന സാമൂഹിക ഉത്തരവാദിത്വത്തിന്റെ ക്രമങ്ങൾ രൂപപ്പെടണം.

ദൈവരാജ്യത്തിന്റെ അനുഭവങ്ങൾ സഭയിലും സമൂഹത്തിലും സൃഷ്ടിക്കുവാൻ കഴിയുമ്പോൾ മാർത്തോമ്മൻ പൈതൃകത്തിലെ സാമൂഹിക പ്രതിബദ്ധത ക്രിയാത്മകമാകും. സാമൂഹിക സഭാ ശുശ്രൂഷകളിൽ സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചു പങ്കുചേരുന്ന നീതിപൂർവ്വമായ ഒരു സാകല്യ വ്യവസ്ഥിതിയിൽ മാത്രമേ സാമൂഹിക പ്രതിബദ്ധതയോടെ മാർത്തോമ്മൻ പൈതൃകം സംരക്ഷിക്കുവാൻ കഴിയൂ.

> "ഇടവകകളിൽ ആഘോഷങ്ങളും ആർഭാടങ്ങളും ധൂർത്തും നിയന്ത്രിച്ച് സാമൂഹിക ക്ഷേമത്തിനുള്ള ദശാംശം ഫലപ്രദമായി സ്വരൂപിക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കണം. സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് കൃത്യമായ കൈത്താങ്ങലുകൾ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം. ലളിതവും വിശുദ്ധവുമായ ജീവിതസാക്ഷ്യം ദൈവജനത്തിന്റെ പ്രധാന ദൗത്യമാകണം."

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

പരിസ്ഥിതി

1973 മുതൽ ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നു. വിവിധ സർക്കാരുകളും ചില സംഘടനകളും മാത്രം പ്രാധാന്യം നല്കിയിരുന്ന പരിസ്ഥിതി ദിനാഘോഷം ഇന്ന് പ്രചുരപ്രചാരം നേടിയിരിക്കുന്നു. ഇതിനു കാരണം ആശങ്കാജനകമായി വർദ്ധിച്ചുവരുന്ന പരിസ്ഥിതി പ്രശ്നങ്ങളാണ്. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ തങ്ങൾക്കും നല്ല പങ്ക് വഹിക്കുവാനുണ്ടെന്നും പരിസ്ഥിതി ശോഷണത്തിന് കാരണമാകുന്ന ചര്യകളിൽ നിന്ന് പിന്തിരിയണമെന്നും ജീവിക്കുന്ന ചുറ്റുപാടും അനുവർത്തിക്കുന്ന ജീവിത ശൈലിയും പരിസ്ഥിതി സൗഹൃദപരമായി നിലനിർത്തണമെന്നും ഓരോ പരിസ്ഥിതി ദിനവും നമ്മോട് ആവശ്യപ്പെടുന്നു.

ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി വിഭാഗം (UNEP) ഓരോ വർഷവും പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഓരോ പ്രബല വിഷയങ്ങൾ ഉയർത്താറുണ്ട്. ഈ വർഷത്തെ ചിന്താവിഷയം 'നിയമവിധേയമല്ലാത്ത വന്യജീവന വാണിജ്യത്തിനെതിരെ പോരാടാം' എന്നതാണ്. വനത്തിനുള്ളിൽ വളരുന്ന സസ്യ - വൃക്ഷ - ലതാദികളും മനുഷ്യനോടിണങ്ങിയിട്ടില്ലാത്തതും വനത്തിനുള്ളിൽ ജിവിക്കുന്നതുമായ പക്ഷി - ജന്തുജാലങ്ങളും സൂക്ഷ്മജീവികളെയുമാണ് സാധാരണയായി 'വനജീവനമായി' കണക്കാക്കുന്നത്. കൊള്ള ചെയ്യപ്പെടുന്ന വനസമ്പത്തിനെതിരെ പോരാടുവാനുള്ള ആഹ്വാനം ഏറെ പ്രസക്തമാണ്. മയക്കുമരുന്നു കടത്തും ആയുധ കടത്തുംപോലെ നൂറുകണക്കിന് മില്യൻ ഡോളറിന്റെ അനധികൃത വ്യാപാരമാണ് ഈ മേഖലയിൽ നടക്കുന്നതെന്ന് കണക്കാക്കപ്പെടുന്നു.

ആനക്കൊമ്പ്, പുലിത്തോൽ, പുലിനഖം, നക്ഷത്ര ആമ, വെള്ളിമൂങ്ങ, മയിൽ, തുടങ്ങിയവ വൻതോതിൽ കടത്തുന്ന സംഘം ഇന്ത്യൻ വനങ്ങളിൽ വിഹരിക്കുന്നുണ്ടെന്ന് അടുത്തകാലത്തായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ വ്യക്തമാക്കുന്നുണ്ട്. കൊടിയ കുറ്റവാസനയുള്ളതും അന്താരാഷ്ട്ര ബന്ധമുള്ളതുമായ തീവ്രവാദ സംഘങ്ങൾ പോലും ഇന്ന് ഇത്തരം വ്യാപാരങ്ങളിൽ സജീവമാണെന്നത് ആശങ്കാജനകമാണ്.

വൻ ലാഭം നേടാനുള്ള സാധ്യത, ആവശ്യക്കാരുടെ പെരുപ്പം സംരക്ഷണ സംവിധാനങ്ങളുടെ അഭാവം എന്നീ കാരണങ്ങളാൽ വന്യജീവന - വ്യാപാരം വ്യാപിച്ചുകൊണ്ടേയിരിക്കുന്നു. ഒരു കാലത്ത് മാധ്യമങ്ങളിൽ നിറഞ്ഞു നിന്നിരുന്ന കാട്ടുകള്ളൻ വീരപ്പൻ നടത്തിയിരുന്ന കൊള്ള ഇന്ന് സംഘടിതമായി നടക്കുന്ന കൊള്ളയെ അപേക്ഷിച്ച് ചെറുതായിരുന്നു. ചില പ്രദേശങ്ങളിൽ ക്രമമായുണ്ടാകുന്ന കാട്ടുതീ പോലും വനം കൊള്ളയ്ക്ക് വേദി ഒരുക്കുവാനുള്ള ആസൂത്രിത ശ്രമങ്ങളാണെന്നതാണ് സത്യം. ഭക്ഷണം, പ്രദർശനം, മരുന്ന്, കെട്ടിട നിർമ്മാണം, ആഭരണം, അലങ്കാരം, അന്ധവിശ്വാസം എന്നിവയ്ക്കായിട്ടാണ് വനജീവനം കൊള്ളയടിക്കപ്പെടുന്നത്.

പ്രകൃതി വിഭവങ്ങളുടെ ഇത്തരത്തിലുള്ള ചൂഷണം നമ്മുടെ ജൈവ - വ്യവസ്ഥയെ തന്നെ ബാധിക്കുന്ന വിപത്താണ്. കാടിന്റെ സമ്പത്തും നാടിന്റെ നന്മയും പരസ്പരം പൂരകങ്ങളാണ്. ശക്തമായ നിയമനിർമ്മാണവും ബഹുലമായ ബോധവത്ക്കരണവും വിവര സാങ്കേതിക വിദ്യ കൂടി ഉപയോഗപ്പെടുത്തുന്ന ആധുനിക സുരക്ഷാ സംവിധാനങ്ങളും കൈകോർത്താൽ മാത്രമേ ഈ ദുഃസ്ഥിതിക്ക് മാറ്റം വരുകയുള്ളു. വനത്തിൽ നിന്ന് കൊള്ളചെയ്യപ്പെടുന്ന വസ്തുക്കൾക്കും ജീവജാലങ്ങൾക്കുമുള്ള ആവശ്യക്കാരുടെ

വന്യജീവന വാണിജ്യം

■ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത

എണ്ണം ഗണ്യമായി കുറഞ്ഞാൽ അനധികൃത വാണിജ്യത്തിൽ ഏർപ്പെട്ടിരിക്കുന്നവർ പിൻമാറും.

മതങ്ങളുടെ ദൗത്യം

ലോകത്തിലെ എല്ലാ പ്രമുഖ മതങ്ങളും വന-ജീവന സംരക്ഷണത്തിനായി നിലകൊള്ളുന്നു. യഹൂദമതത്തിലും ക്രൈസ്തവ മതത്തിലും എന്നപോലെ ഹിന്ദുമതം, ഇസ്ലാം മതം, ബുദ്ധ മതം തുടങ്ങിയ മതങ്ങളും മരങ്ങളുടെയും മൃഗ-ജന്തുജാലങ്ങളുടെയും സംരക്ഷണത്തിന് പ്രഥമ പരിഗണന നൽകുന്നുണ്ട്. ആഗോളതലത്തിൽ 25% സസ്തനികളും, 20 % ഉരഗങ്ങളും, 25% ഉഭയജീവികളും 34% മത്സ്യങ്ങളും വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണെന്ന് പുതിയ കണക്കുകൾ സൂചിപ്പിക്കുന്നു. വനം വെട്ടിനശിപ്പിച്ചും വയൽ നികത്തിയും ആരാധനാലയങ്ങൾ പണിയുന്നതിലെ വിരോധ ഭാസം തിരിച്ചറിയപ്പെടണം.

പ്രകൃതിയുടെ സംരക്ഷകനാകേണ്ട മനുഷ്യൻ അന്തകനാകുന്നത് സ്രഷ്ടാവിനോടുള്ള വെല്ലുവിളിയാണ്. വരും തലമുറകൾക്കായി അവശേഷിപ്പിക്കേണ്ടവയാണ് വനങ്ങൾ. ഹൈന്ദവ പുരാണങ്ങളിൽ വനത്തിന് വലിയ പ്രാധാന്യമാണുള്ളത്. ഹൈന്ദവ പാരമ്പര്യം മൂന്ന് വനജീവിതം പരിചയപ്പെടുത്തുന്നു. ഐശ്വര്യം നല്കുന്ന ശ്രീവനം, ധ്യാനത്തിനും തപസ്സിനും തപോവനം, സസ്യമൃഗാദികളാൽ സമ്പന്നമായ മഹാവനം എന്നിവയാണത്. ഭഗവത് ഗീതയിൽ ശ്രീകൃഷ്ണ ലോകത്തെ ഉപമിക്കുന്നത് ധാരാളം ശിഖരങ്ങളുള്ള ആൽമരവുമായിട്ടാണ്. പക്ഷി-മൃഗാദികൾക്ക് ഹൈന്ദവ പാരമ്പര്യത്തിലുള്ള പ്രാധാന്യം പ്രശസ്തമാണ്. ഇസ്ലാമിക സംസ്കൃതിയുടെ നിറം തന്നെ പച്ചയാണ്.

സ്രഷ്ടിക്രമങ്ങളിലെ പാരസ്പര്യവും താളാത്മക ബന്ധവും ജീവന്റെ ഗുണമേന്മയും നിലനിർത്തി അവയെ സ്രഷ്ടാവിങ്കലേക്ക് നയിക്കുകയും കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന പ്രവാചക ദൗത്യവും, പൗരോഹിത്യവും രാജത്വവും നല്കി അവയുടെ മകുടമായി ദൈവം മനുഷ്യനെ നിയമിച്ചു. സ്നേഹവാത്സല്യത്തോടെ സമസ്രഷ്ടങ്ങളോടുള്ള കർത്തവ്യം നിറവേറ്റുന്ന മനുഷ്യനെ ഉൽപ്പത്തി പുസ്തകം എടുത്തു കാട്ടുന്നു. 'ഭൗമ പറുദീസ'യുടെ ഈ അനുഭവം 23-ാം സങ്കീർത്തനത്തിൽ പുനരവിഷ്കരിക്കപ്പെടുന്നുണ്ട്.

സകല ജീവജാലങ്ങളും മനുഷ്യനാൽ സംരക്ഷിക്കപ്പെടണമെന്ന ദൈവനിശ്ചയം വെളിവാക്കുന്ന ഉദാത്തമായ സന്ദർഭമാണ് നോഹയുടെ കാലത്തെ പ്രളയം. നോഹ നിർമ്മിച്ച പെട്ടകത്തിലേക്ക് തന്റെ കുടുംബത്തോടൊപ്പം കാട്ടു മൃഗങ്ങളും, കന്നുകാലികളും, ഇഴജന്തുക്കളും, പക്ഷികളും ആണും പെണ്ണുമായി പ്രവേശിച്ചു.

ഈ മനോഹരമായ പ്രപഞ്ചവും സർവ്വസൃഷ്ടികളും തമ്മിലുള്ള താളാത്മകമായ സഹവാസമാണ് ദൈവം ആഗ്രഹിക്കുന്നത്. ആസന്നമായ പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്നും സകലസൃഷ്ടിയേയും മോചിപ്പിക്കണമെങ്കിൽ നമ്മുടെ ജീവിത വീക്ഷണത്തിനും ജീവിത ശൈലിക്കും കാര്യമായ മാറ്റം ആവശ്യമാണ്. പരിസ്ഥിതി ആദ്ധ്യാത്മികതയിലൂടെയും ആരാധനാജീവിതത്തിലൂടെയും നമ്മുടെ അതിജീവനം (Out living) സാദ്ധ്യമാവണം.

പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ ദൈവശാസ്ത്രവും ആരാധനാ ദൈവശാസ്ത്രവും പരിസ്ഥിതി ആദ്ധ്യാത്മിക ദർശനങ്ങളാൽ സമ്പന്നമാണ്. 'കാട്ടിലെ സകല മൃഗവും പർവ്വതങ്ങളിലെ ആയിരം ആയിരം ജന്തുക്കളും എനിക്കുള്ളവയാകുന്നു. മലകളിലെ പക്ഷികളെ ഒക്കെയും ഞാൻ അറിയുന്നു; (സങ്കീ: 50 : 10 : 11)' എന്ന വാകൃത്തിന്റെ സാരാംശം ദൗത്യബോധത്തോടെ ക്രൈസ്തവർ ഏറ്റെടുക്കേണ്ടതുണ്ട്. അപ്പോൾ മാത്രമേ ഈ വർഷത്തെ പരിസ്ഥിതി ദിനാഘോഷം അർത്ഥവത്താവുകയുള്ളൂ. ■

ആർദ്ര സഹായ പദ്ധതി : ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ വിദ്യാഭ്യാസ സഹായ പദ്ധതി സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ദേവലോകം അരമനയിൽ ഉദ്ഘാടനം ചെയ്യുന്നു. കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ്, തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, ഫാ. എം.റ്റി. കുര്യൻ, എ.കെ. തോമസ്, തോമസ് കുതിരവട്ടം, അഡ്വ.ഡോ.ഐസക് പാമ്പാടി, ഒ.എ. മാത്തൻ എന്നിവർ സമീപം.

വിദ്യാഭ്യാസ അവാർഡ്



ബറോഡ: അഖിലേന്ത്യ മറുനാടൻ മലയാളി അസോസിയേഷന്റെ വിദ്യാഭ്യാസ അവാർഡ് നേടിയ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത.

അരനൂറ്റാണ്ടിലധികമായി ഗുജറാത്തിന്റെ വിവിധ മേഖലകളിൽ നടത്തുന്ന മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഈ ദേശീയ അവാർഡ്. ഫെഡറേഷൻ ഓഫ് ആൾ ഇന്ത്യ മറുനാടൻ മലയാളി അസോസിയേഷൻ ബറോഡായിൽ നടത്തിയ പ്രവാസി സംഗമത്തിൽ വച്ച് അവാർഡ് ഏറ്റുവാങ്ങി.



കാനോനിക നമസ്കാരങ്ങൾ

■ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപോലീത്താ

ഒരു ക്രിസ്ത്യാനി എപ്പോഴും നടത്തേണ്ട ശുശ്രൂഷയാണ് പ്രാർത്ഥന. പൗലോസ് അപ്പോസ്തലൻ പറയുന്നത് ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്നാണ്. എല്ലാ യാമങ്ങളും മനുഷ്യ സൃഷ്ടിയുടെ ശുദ്ധികരണത്തിനായി ക്രമീകരിച്ചിരിക്കുന്നു. മനുഷ്യനും പ്രപഞ്ചത്തിനുമായി നാം പ്രാത്ഥിക്കുന്നു. നമ്മുടെ കാനോനിക നമസ്കാരങ്ങൾ സർവ്വ സൃഷ്ടിയേയും സമർപ്പിച്ചുള്ളതാണ്. ദൈവസ്നേഹത്തിന്റെ പ്രതിസ്പന്ദനമാണ് പ്രാർത്ഥന. ആയതിനാൽ ഓരോ നിമിഷവും നാം നന്ദി അർപ്പിക്കണം. സഭാ കാനോനിക നമസ്കാരങ്ങൾ ക്രമീകരിച്ചിരിക്കുന്നത് മനുഷ്യന്റെ നൻമയ്ക്കായിട്ടാണ്. അതിനായി പ്രത്യേക സമയം നാം മാറ്റി വെയ്ക്കുന്നുണ്ട്. പ്രാർത്ഥനകൾ എല്ലാം നമ്മുടെ സ്നേഹപ്രകടനമാണ്. ദൈവ കരുണയിലാണ് ജീവിക്കുന്നത് എന്ന ഓർമ്മപ്പെടുത്തലും ദൈവത്തിന് നന്ദി പറയുന്നതുമാണ് പ്രാർത്ഥന. ദൈവ കൃപയ്ക്കനുസരിച്ച് നാം ജീവിക്കുന്നു എന്ന പ്രകടനമാണ് പ്രാർത്ഥന. It's a Symbol of our humility. ദൈവത്തിലുള്ള നമ്മുടെ ആശയബോധം വെളിവാക്കുന്നു. നമ്മുടെ അഹങ്കാരത്തെ നിയന്ത്രിക്കാൻ കഴിയുന്നതാണ് പ്രാർത്ഥന. ദൈവത്തിൽ നാം ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നു.

ദാവീദ് ഏഴു നേരം പ്രാർത്ഥിച്ചിരുന്നതായി നാം കാണുന്നു. ഇതിനൊക്കെ യഹൂദ പശ്ചാത്തലുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ ആരാധന 7 യാമങ്ങളായി ക്രമീകരിച്ചിരിക്കുന്നത്. 7 പൂർണതയുടെ സംഖ്യയായി യഹൂദന്മാർ കണക്കാക്കിയിരിക്കുന്നു.

യാമപ്രാർത്ഥനകൾ

സങ്കീ: 119:164-ൽ ഇപ്രകാരം പറയുന്നു. നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കും. ദാവീദ് ഏഴു നേരം പ്രാർത്ഥിച്ചിരുന്നതായി നാം കാണുന്നു. ഇതിനൊക്കെ യഹൂദ പശ്ചാത്തലുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ ആരാധന 7 യാമങ്ങളായി ക്രമീകരിച്ചിരിക്കുന്നത്. 7 പൂർണതയുടെ സംഖ്യയായി യഹൂദന്മാർ കണക്കാക്കിയിരിക്കുന്നു. 7 നേരത്തേ പ്രാർത്ഥന-ആഴ്ചയ്ക്ക് 7 ദിവസം എന്ന പൗരാണിക കണക്കും ഉണ്ട്. സൃഷ്ടി കർമ്മത്തിൽ 6 ദിവസം സൃഷ്ടിച്ചു. ഏഴാം ദിവസം സ്വസ്ഥമായിരുന്നു. അതിലും ഏഴിന്റെ കണക്ക് ഉണ്ട്.

ഓർത്തഡോക്സ് വിശ്വാസമനുസരിച്ച് ദിവസത്തിൽ 7 തവണ പ്രാർത്ഥിക്കുന്നതിനായി 7 യാമങ്ങളായി ഒരു ദിവസത്തെ ക്രമീകരിച്ചിരിക്കുന്നു. സങ്കീ 119:164: "നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴ് പ്രാവശ്യം നിന്നെ സ്തുതിക്കും."

സന്ധ്യായാമത്തിൽ തുടങ്ങി ഒമ്പതാം മണിയോട് (3 pm) കൂടി അവസാനിക്കുന്ന ഒരു പ്രാർത്ഥനാ ക്രമീകരണമാണ് യാമ പ്രാർത്ഥനയിൽ ഉള്ളത്. സന്ധ്യാ, സുത്താറ, രാത്രി, പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒമ്പതാം മണി എന്നിവയാണ് 7 യാമങ്ങൾ. ഇതനുസരിച്ച് തലേദിവസം സന്ധ്യയോടുകൂടിയാണ് ഒരു ദിവസം ആരംഭിക്കുന്നത്. ഇത് സുറിയാനി പ്രാർത്ഥനാ ക്രമമനുസരിച്ചാണ് ഉടലെടുക്കുന്നത്. എല്ലാ യാമങ്ങളും കർത്താ

വിന്റെ കഷ്ടാനുഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു.

രാത്രി - കർത്താവിന്റെ ബന്ധനം

പ്രഭാതം - കർത്താവിന്റെ വിസ്താരം

മൂന്നാം മണി - വിധി പ്രസ്താവിക്കുന്നു

ആറാം മണി - ക്രൂശിൽ തറയ്ക്കുന്നു.

ഒമ്പതാം മണി - ക്രിസ്തു പ്രാണനെ വെടിയുന്നു

സന്ധ്യ - കർത്താവിന്റെ ശരീരം കുരിശിൽ നിന്നിറക്കുന്നു

സൂത്താറ - കബറടക്കുന്നു.

ഈ പ്രാർത്ഥനകൾ എല്ലാം അതത് യാമങ്ങളിൽ നടത്താൻ കഴിയുന്നത് നല്ലത്. എങ്കിലും സൗകര്യാർത്ഥം മൂന്നു യാമങ്ങളായി നടത്താം. രാത്രിയും, പ്രഭാതവും ഒന്നിച്ച്, മൂന്നാം മണിയും, ആറാം മണിയും ഒന്നിച്ച്, ഒമ്പതാം മണിയും, സന്ധ്യയും സൂത്താറയും ഒന്നിച്ചു നടത്താം.

കൗമാ

കൗമാ എന്നാൽ നിൽപ്പ് എന്നാണ് അർത്ഥം. ത്രിത്വസ്തുതി മുതൽ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! വരെയാണ് കൗമാ. കൃപ നിറഞ്ഞ മറിയമേ... എന്നുള്ളത് കൗമായുടെ ഭാഗമല്ല. ആരാധനകളും കൂദാശകളും യാമപ്രാർത്ഥനകളും ആരംഭിക്കുന്നത് കൗമായിലാണ്. യാമപ്രാർത്ഥനകൾ ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമയിലാണ്. നമ്മെ സൃഷ്ടിച്ച ത്രിത്വത്തിന് സ്തുതി അർപ്പിച്ചുകൊണ്ടുമാത്രമേ ഏതു പ്രാർത്ഥനയും ആരംഭിക്കാവൂ... കൗമാ പ്രാർത്ഥനയുടെ ഉദ്ദേശം അതാണ്. നിന്നുകൊണ്ട് നാം പ്രാർത്ഥിക്കുന്ന മുഖവുര പ്രാർത്ഥനയാണ് കൗമാ.

കിഴക്ക്

കേദേം എന്ന ഹിബ്രു വാക്കിന് Source, Origin എന്നാണർത്ഥം. എല്ലാത്തിന്റെയും ആരംഭം കിഴക്കു കുറിക്കുന്നു. എല്ലാത്തിന്റെയും പ്രഭവ കേന്ദ്രം കിഴക്കാണ്. നമ്മുടെ ആരാധനകൾ കിഴക്കോട്ടായി നാം നടത്തുന്നു. കിഴക്ക് ഉദയസൂര്യന്റെ ദിക്കാണ്. ക്രിസ്തു നീതി സൂര്യനാകുന്നു. ആദ്യം പ്രകാശം സൃഷ്ടിക്കപ്പെട്ടത് കിഴക്കാണ് എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. ദൈവത്തിന്റെ തേജസ്സ് കിഴക്കു വഴിയായി വന്നുവെന്ന് യെഹസ്കിയേൽ പ്രവചനത്തിൽ (43:2) പറയുന്നു. കിഴക്കോട്ട് അഭിമുഖമായി പ്രാർത്ഥിക്കുന്നതിലൂടെ ആരാധനയ്ക്ക് ഒരു ക്രമം ഉണ്ടാകുന്നു. ഇത് ഒരു Discipline ഭാഗമായി കണക്കാക്കാം.

സമൂഹപ്രാർത്ഥനയും വ്യക്തിപരമായ പ്രാർത്ഥനയും

വ്യക്തിപരമായ പ്രാർത്ഥന എന്ന പ്രാർത്ഥന ഇല്ല. Every Prayer is Communal Prayer. ഒരാൾ പ്രാർത്ഥിക്കുമ്പോഴും അയാളുമായി ബന്ധപ്പെട്ട അനേകർ ഉണ്ട്. വ്യക്തിപരമായി പ്രാർത്ഥിക്കുമ്പോഴും, ഞാൻ എന്ന വ്യക്തി വളരുന്നത് സമൂഹത്തിലൂടെയാണ്. സ്വന്തമായി വാചാപ്രാർത്ഥന ആണെങ്കിലും, സഭയുടെ പ്രാർത്ഥനയുമായി ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ അംഗമായി ഇരിക്കുമ്പോൾ ഞാൻ ചെയ്യുന്ന ഓരോ പ്രവൃത്തിയും സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ അന്തരീക്ഷത്തിലാണ് ഓരോരുത്തരും പ്രാർത്ഥിക്കുന്നത്. സഭയാകുന്ന ഗാത്രത്തിലൂടെ ആ പ്രാർത്ഥന ഒഴുകിക്കൊണ്ടിരിക്കുകയാണ്. എഴുതപ്പെട്ടതും എഴുതപ്പെടാത്തതും അനുഭവമാണ്. ദാവീദിന് അനുഭവപ്പെട്ടത് എഴുതിയിരിക്കുന്നു. എല്ലാം നാം പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ വാചാ പ്രാർത്ഥന പ്രാർത്ഥിക്കുമ്പോൾ എല്ലാ ദിവസത്തേയും ഏകദേശം ഒന്നുതന്നെയായിരിക്കും. എന്നാൽ നമ്മുടെ നമസ്കാരങ്ങൾ എല്ലാം തന്നെ നമ്മുടെ ശ്രദ്ധയെ ബാധിക്കും. വാചകപ്രാർത്ഥനയാൽ, നാം വാക്കുകൾ കണ്ടുപിടിക്കാൻ ശ്രദ്ധിക്കുമ്പോൾ, നമ്മുടെ എഴുതപ്പെട്ട നമസ്കാരങ്ങളാൽ നമുക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കും. നമുക്ക് ഒരു 'Set of Pattern' ഉണ്ട്. പ്രാർത്ഥനയ്ക്കുള്ള Discipline സഭാപിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നു.

ലുത്തിനിയകൾ

ജനത്തെ പ്രാർത്ഥനയ്ക്ക് ഒരുക്കുന്നതാണ് ലുത്തിനിയാകൾ. ഇടയ്ക്ക് ആളുകളെ ഒരുക്കുന്നതിനും വേണ്ടിയാണ് ലുത്തിനിയവിഷയക്രമീകരണം ഇതിൽ ഉണ്ട്. പൊതുഘടന ഉണ്ട്. ആ വിഷയത്തെ സംബന്ധിച്ച ആശയങ്ങളിൽ ഊന്നൽ കൊടുക്കുന്നു. എഴുതിഉണ്ടാക്കിയ പ്രാർത്ഥന സിനഡിന്റെ അംഗീകാരം ഇല്ലാതെ ചെയ്യാൻ അനുവാദമില്ല. ആരാധന പലരീതിയിലായാൽ സഭയുടെ Discipline നഷ്ടപ്പെടുന്നു. ആരാധനയുടെ Body ൽ വ്യത്യാസം വരരുത്. അവരവരുടെ ഇഷ്ടമനുസരിച്ച് ചെയ്യാൻ കഴിയില്ല.

പ്രാർത്ഥനാ ചരട്

4-ാം നൂറ്റാണ്ടിൽ Egypt ഉണ്ടായിരുന്ന പാരമ്പര്യം സന്യാസിയിൽ ഉള്ളവരും ഇല്ലാത്തവരും ഉണ്ട്. സന്യാസചര്യയെന്നാൽ സങ്കീർത്തനം തുടർച്ച

മലങ്കരസഭാ മാസിക

- മലങ്കരസഭാ മാസികയിലേക്ക് വരിസംഖ്യ, പരസ്യം ഇനത്തിൽ ബാങ്കിൽ പണം നിക്ഷേപിക്കുന്നവർ 0481-2573234 എന്ന നമ്പരിൽ വിളിച്ചറിയിക്കണം.

[Bank -S.B.T Devalokam,
Account Name & Number
- MALANKARA SABHA
(57017053203)
IFSC Code - SBT R 0000820]

- എല്ലാ മാസവും 10-ന് മലങ്കരസഭാ മാസിക കോട്ടയത്തു നിന്നും പോസ്റ്റു ചെയ്യുന്നു.
- ഏതെങ്കിലും കാരണവശാൽ മാസിക ലഭിക്കാതെ വരുന്നവർ അതതു പോസ്റ്റാഫീസുമായി ബന്ധപ്പെടണം.
- മലങ്കരസഭാ മാസിക സംബന്ധമായ പരാതികൾ രാവിലെ 10 മുതൽ 4 വരെ 0481-2573234 എന്ന നമ്പറിൽ അറിയിക്കാവുന്നതാണ്.
- ലേഖനങ്ങൾ പേജ്മേക്കറിൽ (pmd) ML-TT Revathy Font ൽ അയച്ചു തരണം. A4 മൂന്നു പേജിൽ കവിയരുത്.
- പരസ്യപേജ് ലേ-ഔട്ട് ചെയ്ത് PDF-ൽ അതതുമാസം 25-നു മുമ്പ് നൽകണം.
- സൺഡേസ്കൂൾ കേന്ദ്രതല സമ്മാനാർഹരുടെ ഫോട്ടോയോടൊപ്പം വികാരിയുടെ കത്ത് നിർബന്ധമായും ഉണ്ടായിരിക്കണം.

Malankara Sabha Masika
Catholicate Aramana
Devalokam, Kottayam-686004

malankarasabha1946@gmail.com
sabhamasika@yahoo.com

മലങ്കരസഭ മാസിക

വരിസംഖ്യ

ഒറ്റപ്രതി	: ₹ 15
ഒരുവർഷം	: ₹ 180
രണ്ട് വർഷം	: ₹ 360
6 വർഷം	: ₹ 1000
വിദേശത്തേക്ക്:	
ഒരു വർഷം	: ₹ 2000

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477

യായി വായിക്കുക പതിവായിരുന്നു. അന്യർക്കും വിദ്യാഭ്യാസമില്ലാത്തവരെയും ഏതെങ്കിലും ഒരു സങ്കീർത്തനം പഠിപ്പിക്കുകയും. അത് 150 തവണ ഉരുവിടുകയും വേണം. അതിന് ഒരു ചരടും 150 മണികളും ഉണ്ട്. ഇപ്പോൾ മണികളുടെ എണ്ണം പലതാണ്. സങ്കീർത്ത ഉച്ചരിക്കാൻ ഈജിപ്ഷ്യൻ ആശ്രമത്തിൽ ഉണ്ടായതാണ്. എന്നാൽ ബൈസന്റൈൻ ചർച്ചിൽ 17-ാം നൂറ്റാണ്ടിൽ ജീസസ് പ്രയർ ചൊല്ലാനായി ഉപയോഗിച്ചിരുന്നു. പിതാക്കന്മാർ പഠിപ്പിച്ച പ്രാർത്ഥനകൾ ഉരുവിടുകയും ചെയ്യുന്നു. ദൈവചിന്ത മാത്രം നിലനിർത്താൻ സഹായിക്കുന്നതാണ് ഇതിലെ പ്രാർത്ഥനകൾ.

നമസ്കാരങ്ങളിലെ വേദപുസ്തകവായന

നമസ്കാരങ്ങളിലെ വേദപുസ്തക വായന പുതിയ നിയമ, പഴയനിയമ സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ ആരാധനയിലെ ഭൂരിഭാഗം പദ്യങ്ങളും, ഗദ്യങ്ങളും വി. വേദപുസ്തകത്തിൽ നിന്നുള്ളവയാണ്. ഉദാ: കുക്കിലിയോനുകൾ സങ്കീർത്തന ഭാഗത്തുനിന്നുള്ളവയാണ്. വി: കുർബ്ബാനയിൽ പഴയനിയമ, പുതിയനിയമ, സുവിശേഷ ഭാഗങ്ങൾ നാം വായിക്കുന്നു. രാത്രി, പ്രഭാത യാമ നമസ്കാരങ്ങളിലും സങ്കീർത്തന ഭാഗങ്ങൾ നാം ധാരാളമായി ഉപയോഗിക്കുന്നു.

യെശയ്യാ പ്രവാചകനെ മഹത്വമുള്ളവനായ യെശയ്യാവ് എന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?

സഭയുടെ ആരാധനാ പാരമ്പര്യത്തിൽ രണ്ടു വ്യക്തികളെ മാത്രമേ 'മഹത്വമുള്ളവൻ' എന്ന് വിശേഷിപ്പിക്കുന്നുള്ളു. യെശയ്യാ പ്രവാചകനെയും സ്തേപ്പാനോസ് ശെമ്മാശനെയും (നാലാം തുബ്ദേനിൽ). കാരണം, ഇവർ രണ്ടു പേർ മാത്രമേ സ്വർഗ്ഗം തുറന്നിരിക്കുന്നതും ദൈവമഹത്വവും ദർശിച്ചിട്ടുള്ളു.

യാമ പ്രാർത്ഥനകൾ ഒന്നിച്ച് നമസ്കരിക്കുമ്പോൾ കൗമാ നമസ്ക്കരിക്കുന്നതിനെപ്പറ്റി

യാമപ്രാർത്ഥനകൾ ഒരുമിച്ചല്ല നടത്തേണ്ടത്. പക്ഷേ, നമ്മുടെ സൗകര്യാർത്ഥം ഒന്നിച്ച് നടത്തപ്പെടുന്നു. പൂർണ്ണമായ അർത്ഥത്തിൽ നടത്തുമ്പോൾ 2 കൗമാ ചൊല്ലണം. യഥാർത്ഥത്തിൽ ഓരോ യാമപ്രാർത്ഥനയും വിശ്വാസപ്രമാണവും കുക്കിലിയോനും ചൊല്ലി അവസാനിപ്പിക്കേണ്ടതാകുന്നു. പക്ഷേ, എല്ലാത്തിലും നാം ചൊല്ലുന്നില്ല. വാങ്ങിപ്പോയവരെ ഓർക്കുന്നതിനായി Symbolic ആയി തിരശ്ശീല ഇട്ട് നടത്തുന്നു. യാമ പ്രാർത്ഥന ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമായോടെയാണ്.

സൂത്താറാ നമസ്ക്കാരത്തിന് രണ്ടു തിരി കത്തിക്കുന്നത് എന്തിന്?

സൂത്താറാ നമസ്ക്കാരത്തിന് രണ്ടു തിരി കത്തിക്കുന്നതിന് രണ്ടു വിശദീകരണം ഉണ്ട്.

1. 'സേത്തോറോ' എന്നാൽ 'കാവൽ' എന്നാണ് കൂടുതൽ ദൈവീക പ്രകാശത്തെ നൽകുന്നു. ദൈവത്തിന്റെ കൂടുതൽ കരുതലിന്റെ അടയാളമാണ്.

2. ദൈവസന്നിധിയിൽ മാലാഖമാർ 2 ഗണങ്ങളായി സ്തുതിപാടുന്നു. 2 മസ്മൂറാ 2 ഗണങ്ങളായി വായിക്കുന്നു. അതിന് മുമ്പാണ് 2 തിരികൾ കത്തിക്കുന്നത്. നമസ്കാരം നടത്തുന്നവർ തന്നെ കത്തിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നതിനാൽ അവർ കൗമാ സമയത്ത് കത്തിച്ചു എന്ന് മാത്രമേ ഉള്ളൂ. വലിയ നോമ്പിൽ *ബോവൂസാ* ചൊല്ലുന്നതിന് മുമ്പാണ് കത്തിക്കുന്നത്. ■

ST. THOMAS ORTHODOX CHRISTIAN YOUTH MOVEMENT

P.O. Box: 2563, Dubai-U.A.E., E-mail: ocymdubai@gmail.com, www.stthomasocymdubai.org

ഉന്നത വിദ്യാഭ്യാസ സഹായ പദ്ധതി

EDIFY CARE

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു എന്നതിന്റെ പേരിൽ മാത്രം കഴിവുണ്ടായിട്ടും ഉന്നത വിദ്യാഭ്യാസത്തിൽ നിന്ന് പുറന്തള്ളപ്പെട്ടുപോകുന്ന നമ്മുടെ സഭാംഗങ്ങളായ കുട്ടികൾക്ക് തുടർന്ന് പഠിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായി ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം 2008 മുതൽ ആവിഷ്ക്കരിച്ചിട്ടുള്ള വിദ്യാഭ്യാസ സഹായ പദ്ധതിയാണ് എഡിഫൈ കെയർ. 2016-17 അദ്ധ്യനവർഷത്തിലേക്ക് എം.ബി.ബി.എസ്. / എൻജിനീയറിംഗ് / ബി.എസ്.സി. നഴ്സിംഗ് എൻട്രൻസിൽ മെറിറ്റ് മുഖേന ഉപരിപഠനത്തിനു യോഗ്യത നേടുന്ന അർഹതയുള്ള ഒരു വിദ്യാർത്ഥി / വിദ്യാർത്ഥിനിക്കാണ് സാമ്പത്തിക സഹായം നൽകുന്നത്. തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥിയുടെ ഉപരിപഠനത്തിനുവേണ്ട മുഴുവൻ ചെലവുകളും പ്രസ്ഥാനം വഹിക്കും. ഇതിനായി അപേക്ഷാ ഫോറം പൂരിപ്പിച്ച് ആവശ്യമായ ഡോക്യുമെന്റ്സ് ഉൾപ്പെടെ, The President, St. Thomas Orthodox Cathedral Youth Movement, P.O. Box: 2563, Dubai, U.A.E. എന്ന വിലാസത്തിൽ സാധാരണ തപാലിൽ 2016 ഓഗസ്റ്റ് 31-ന് മുമ്പ് ലഭിക്കത്തക്കവിധത്തിൽ അയച്ച് തരേണ്ടതാണ്.

അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും: ocymdubai@gmail.com / 00971 50 429 8662.



പുസ്തകശാല

മലങ്കരസഭാ ഗുരുരത്നം...
ജോർജ് വർഗീസ് നെല്ലുമാവ്

മലങ്കരസഭാ ഗുരുരത്നം ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ ജീവിതവും ദർശനവും വെളിപ്പെടുത്തുന്നു. പൗരോഹിത്യ വജ്രജൂബിലി അഭിനന്ദനോപഹാരം. 10 പ്രമുഖർ ജോഷ്വാച്ചന്റെ ജീവിതവും സാക്ഷ്യവും വിവരിക്കുന്നു. അവതാരിക: ഡോ. സിറിയക് തോമസ്, സി.എസ്.എസ്. പേജ്-96, വില-100 രൂപ.

മുൻപേ നടന്നവർ
ഫാ. ജോൺ സ്ലീബ



വൈവിദ്ധ്യ വിഷയങ്ങൾ ഉൾക്കൊണ്ട് പുതുചിന്തകൾ ആവിഷ്ക്കരിക്കുന്ന കവിതാസമാഹാരം. ഈ കവിതകൾക്ക് വേദഗ്രന്ഥങ്ങളുടെ ആധാരശ്രുതിയുണ്ട്. സൂക്ഷ്മമായ ജീവിത നിരീക്ഷണങ്ങളുടെ ചൈതന്യമുണ്ട്. ഇവ അസാധാരണ അനുഭവ തലങ്ങൾ സൃഷ്ടിക്കുന്നു. അവതാരിക: ഡോ. ജോർജ് ഓണക്കൂർ, മകരം ബുക്സ്, പുനലൂർ-691331. പേജ്-96, വില-100

വിശുദ്ധിയുടെ മൗനപർവ്വം
റവ. ഏലിയാസ് കോശി റമ്പാൻ

പരിശുദ്ധ ബസേലിയോസ് ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ ജീവിതവും ദർശനവും സമഗ്രമായി വിവരിക്കുന്ന പഠന സമാഹാരം. സഭയിലെ പ്രമുഖരായവരുടെ 56-ൽ പരം ലേഖനങ്ങൾ. പേജ്-264, വില: 150, സോഫിയ ബുക്സ്, കോട്ടയം.

Pampady Thirumeni
Jose Kurian Puliyeril

This book deals with the life and ministry of a unique saint Pampady Thirumeni. The author shares some glorious encounters with the saint in a magnificeant manner. Introduction: Ommen Chandy, Puliyeril, 686029.

COVERAGE

ബാലസമാജം : അഖില മലങ്കര ബാലസമാജം ഉത്തരമേഖല നേതൃത്വ പരിശീലന ക്യാമ്പ് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത, ഡോ.വി.എം.മാത്യു, ജെഫിൻ വർഗീസ്, റവ.പി.യു.കുര്യാക്കോസ് കോർ-എപ്പിസ്കോപ്പ, ഫാ. ജെയിംസ് മർക്കോസ്, ഫാ.ബോബി വർഗീസ്, ഫാ.യാക്കോബ് തോമസ്, ഫാ.ജിതിൻ ജോർജ്ജ്, ജേക്കബ് തോമസ്, ഷൈജു ജോൺ, ആനി ജോൺ, ജെബിൻ സാബു, റിജോഷ് ഫിലിപ്പ് എന്നിവർ സമീപം.

പ്രാർത്ഥനായോഗം : മലങ്കര ഓർത്തഡോക്സ് സഭ പ്രാർത്ഥനായോഗം കേന്ദ്ര വാർഷികം പാമ്പാടി മാർ കുര്യാക്കോസ് ദയറായിൽ പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ, ഫാ. ഡോ. റ്റി. ജെ. ജോഷ്വാ, ഫാ. ഗീവർഗ്ഗീസ് ജോൺ, പി.എസ്. ജോർജ് എന്നിവർ സമീപം.

25th Death Anniversary, 1-07-2016



KADAMANPATHALIL
AYROOR

Renovative Founder &
Life Vicar of
Salem St. Johns O.C.
Ayroor

REV. FR. K.S. ZACHARIAH

കൂനൻ കുരിശ് സത്യത്തിലേക്ക് വഴി തെളിച്ചത്...

കൂനൻ കുരിശ് സത്യത്തിലേയ്ക്ക് വഴി തെളിച്ച ചരിത്ര പശ്ചാത്തലം എന്ന ലേഖനത്തിന്റെ (2015 ഡിസംബർ) അവസാന ഭാഗം.



■ ഫാ. ഡോ. ജോസ് ജോൺ

കൂനൻ കുരിശ് സത്യത്തെക്കുറിച്ചുള്ള മലങ്കരസഭയുടെ നിഗമനങ്ങൾ

കൂനൻ കുരിശ് സത്യത്തേക്കുറിച്ചുള്ള മലങ്കരസഭയുടെ നിഗമനങ്ങൾ മനസ്സിലാക്കുന്നതിന് ഏതാനും ചില ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രസ്തുത ചോദ്യങ്ങൾക്കുള്ള ശരിയായ ഉത്തരം മലങ്കരസഭയുടെ ഈ സംഭവത്തെക്കുറിച്ചുള്ള നിഗമനങ്ങളായി നമുക്ക് കണക്കാക്കാവുന്നതാണ്.

a. കൂനൻ കുരിശ് സത്യത്തിന്റെ വാചകഘടന എന്ത്?

കൂനൻ കുരിശ് സത്യത്തെക്കുറിച്ചുള്ള അഭിപ്രായ വ്യത്യാസങ്ങളുടെയെല്ലാം കേന്ദ്രബിന്ദു ഈ ചോദ്യമാണ്. കൂനൻ കുരിശ് സത്യം നടക്കുമ്പോൾ മലങ്കര നസ്രാണികൾ ഉച്ചരിച്ച സത്യവാചകം എന്തായിരുന്നുവെന്ന് അർത്ഥശങ്കയില്ലാതെ പറയുവാൻ നിർവ്വാഹമില്ല, കാരണം ആ സത്യവാചകം ചരിത്രത്തിന്റെ താളുകളിൽ അതേപടി എഴുതപ്പെട്ടിട്ടില്ല എന്നുള്ളതാണ് വസ്തുത. എന്നാൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഒന്നടങ്കം കൂനൻ കുരിശ് സത്യത്തിൽ പങ്കുകൊള്ളുകയും, പ്രസ്തുത സത്യം നിലവിലിരുന്ന അധികാര കേന്ദ്രങ്ങളോടും, അടിച്ചേല്പിക്കപ്പെട്ട വിശ്വാസ പാരമ്പര്യങ്ങളോടുമുള്ള ശക്തമായ എതിർപ്പും, അമർഷവുമാണ് എന്നുള്ളതിൽ രണ്ട് പക്ഷമില്ല. കത്തോലിക്കാ സഭാ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ള രേഖകളിൽ വിവരിക്കുന്ന സത്യവാചകം, കൂനൻ കുരിശ് സത്യത്തിനുശേഷം, അർക്കദിയാക്കോന്റെ നേതൃത്വത്തിലുള്ള വിഭാഗത്തെ ത്യജിച്ച് കത്തോലിക്കാ വിശ്വാസം പ്രാപിച്ചവരുടെ സാക്ഷ്യമൊഴിയാണ്. ആയതിനാൽ അത്തരം മൊഴിപകർപ്പുകൾ പക്ഷപാതപരവും, അപൂർണ്ണവും, മലങ്കരസഭയ്ക്ക് പ്രതികൂലവുമായിരിക്കും എന്നുള്ളതിന് തർക്കമില്ല. മലങ്കരസഭയുടെ ചരിത്രബോധ്യത്തിൽ കൂനൻ കുരിശ് സത്യം റോമൻ കത്തോലിക്കാ സഭയ്ക്കും, അതിന്റെ അധികാര കേന്ദ്രങ്ങൾക്കും എതിരെയുള്ളതും, റോമാ സഭയുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കുന്നതും, കത്തോലിക്കാ വിശ്വാസത്തിന്റെ നുകം തൂത്തെറിയുന്നതുമായ ഒന്നായിരുന്നു.

b. കൂനൻ കുരിശ് സത്യത്തിനുത്തരവാദി ആര്?

ലത്തീൻ വൽക്കരണം (റോമാവൽക്കരണമായിരുന്നു) കൂനൻ കുരിശ് സത്യത്തിന്റെ മൂലകാരണമെങ്കിൽ, അതിനുത്തരവാദികൾ ആരായിരിക്കും എന്ന് ഊഹിക്കാവുന്നതേയുള്ളൂ. മാർപാപ്പായുടെ പ്രത്യേക നിർദ്ദേശവും, അനുവാദവും, ആശീർവാദവും സ്വീകരിച്ചുകൊണ്ടാണ് ഈശോ സഭക്കാരും, പോർട്ടുഗീസ് മിഷനറിമാരും മലങ്കരയിൽ വിശ്വാസ പ്രചരണം നടത്തിയത്. കത്തോലിക്കാ മിഷനറിമാർ മലങ്കരസഭയെ കത്തോലിക്കാ വിശ്വാസത്തിലേയ്ക്കും, അതിന്റെ തനിമയിലേക്കുമാണ് നിർബന്ധപൂർവ്വം ആനയിച്ചത്. നിർബന്ധിതമായ സഭാഭ്രംശത്തിനെതിരെയുള്ള ഒന്നായിരുന്നു കൂനൻ കുരിശ് സത്യമെങ്കിൽ നിശ്ചയമായും അതിന് റോമൻ കത്തോലിക്കാ സഭയും അതിന്റെ ഭരണ കേന്ദ്രങ്ങളുമാണ് ഉത്തരവാദികൾ

c. ആർക്ക് എതിരെയായിരുന്നു കൂനൻ കുരിശ് സത്യം?

മലങ്കരസഭയുടെ ബോധ്യത്തിൽ കൂനൻ കുരിശ് സത്യം കത്തോലിക്കാ സഭയുടെ ആത്മീയ മേൽക്കോയ്മക്കെതിരെയുള്ള ഒരു പ്രക്ഷോഭമായിരുന്നു. കത്തോലിക്കാ സഭയുടെ ആഗോള സഭാ സങ്കല്പത്തിനെതിരെയുള്ള ഒരു



പോർവിളിയായിരുന്നു കൂനൻ കുരിശ് സത്യം എന്നതിന് തർക്കമില്ല. ആത്മീയ അടിമത്വത്തിൽ നിന്നുള്ള വിമോചനം മലങ്കര നസ്രാണികൾ ആഗ്രഹിച്ചിരുന്നു. ജനാധിപത്യ ഭരണ സംവിധാനത്തിൽ മാർത്തോമ്മായുടെ പാരമ്പര്യവും, വിശ്വാസവും പരിചയിച്ചിരുന്ന മലങ്കര മക്കൾക്ക് പത്രോസിന്റെ നിയമവും പാശ്ചാത്യ ഭരണ സംവിധാനവും അടിമത്വത്തിന്റെ കൈവഴികളായിരുന്നു. കത്തോലിക്കാ സഭയുടെയും അതിന്റെ വിശ്വാസ പാരമ്പര്യങ്ങളുടേയും അടിമനുകം വലിച്ചെറിയുന്ന സ്വാതന്ത്ര്യത്തിന്റെ ശംഖനാദമാണ് കൂനൻ കുരിശ് സത്യത്തിൽ പ്രതിഫലിക്കുന്നത്. ആർച്ച് ബിഷപ്പ് ഗാർസിയായ്ക്കും, പോർട്ടുഗീസ് മിഷനറിമാർക്കും എതിരെ മാത്രമുള്ള ഒരു പ്രക്ഷോഭമായിട്ടാണ് പലപ്പോഴും കത്തോലിക്കാ സഭാ ചരിത്രകാരന്മാർ ഇതിനെ വിശേഷിപ്പിക്കുന്നത്. എന്നാൽ 1599 മുതൽ 1653 വരെയുള്ള മലങ്കര നസ്രാണികളുടെ ചരിത്രം സസൂക്ഷ്മം പരിശോധിച്ചാൽ, അവരുടെ ഉള്ളിൽ ഉറഞ്ഞുകൂടിയ വൈദേശിക അധിനിവേശത്തിനെ രെയുള്ളതും, നഷ്ടപ്പെട്ട മാർത്തോമ്മൻ വിശ്വാസ-പാരമ്പര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനുള്ള ഒരു പോരാട്ടത്തിന്റെ ചരിത്രം കൂനൻ കുരിശ് സത്യത്തിലൂടെ നമുക്ക് ദർശിക്കാവുന്നതാണ്. എന്നാൽ പലപ്പോഴും മലങ്കരസഭ യുടെ ചരിത്രബോധ്യത്തെ സാധൂകരിക്കുന്ന എഴുതപ്പെട്ട രേഖകൾ കൈവശമില്ല എന്നുള്ളത് ചരിത്രസത്യത്തിന് മങ്ങലേല്പി ക്കുന്നു.

കൂനൻ കുരിശ് സത്യത്തേക്കുറിച്ചുള്ള മലങ്കരസഭയുടെ ബോധ്യത്തെ ബലപ്പെടുത്തുന്ന/സാധൂകരിക്കുന്ന പ്രാമാണിക ചരിത്ര രേഖകൾ റോമാ സഭയുടെ കൈവശം ഉണ്ടെന്നുള്ളതും സ്പഷ്ടമാണ്. റോമിലുള്ള ഈശോ സഭക്കാരുടെ ആർക്കൈവ്സിൽ ഈ രേഖകൾ കണ്ടെത്താവുന്നതാണ്. അതിലൊന്നിൽ കൊടുങ്ങല്ലൂർ കോളജിന്റെ റെക്ടറായിരുന്ന യൗസേപ്പ് കത്തനാർ നിസ്സംശയം സാക്ഷ്യപ്പെടുത്തുന്നു കൂനൻ കുരിശ് സത്യം റോമാ സഭയ്ക്ക് എതിരായിരുന്നുവെന്ന്. (ARSI, Goa 68, f. 565) ["... che fu quando i cristiani della Serra nuncupati si erano ribellati alla Santa Chiesa Romana mentre negavano l'obbedienza al suo leg'mo prelato dopo che approdo' in queste parti un Heresiarco Armeno"]. കൂടാതെ ARSI, Goa 68, f. 578, 73, 502, 549, 387, 178 എന്നീ രേഖകളിലും സമാനമായ വെളിപ്പെടുത്തലുകളും കാണുന്നുണ്ട്. പ്രോപ്പഗാന്ദ ഫിഡേയുടെ ആർക്കൈവ്സിലുള്ള APF, SOCG 233, f. 363, 364 എന്നീ രേഖകളിലും കൂനൻ കുരിശ് സത്യം റോമാ സഭക്കെതിരായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു. മലങ്കരസഭയുടെ ചരിത്രബോധ്യം എഴുതപ്പെടാത്ത വാമൊഴി കളിൽ മാത്രമല്ല, മറിച്ച് കത്തോലിക്കാ സഭയുടെ എഴുതപ്പെട്ട പ്രാമാണിക രേഖകളിലും ഉണ്ടെന്നുള്ളത് ചരിത്രസംഭവ ങ്ങളുടെ സത്യാവസ്ഥയ്ക്ക് നിറം പകരുന്നു.

d. മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് റോമൻ കത്തോലിക്കാ സഭയോടും, അതിന്റെ സംവിധാനങ്ങളോടുമുള്ള മനോഭാവം എന്തായിരുന്നു?

മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് തങ്ങളുടെ വിശ്വാസ-പാരമ്പര്യങ്ങളും തനതായ ആരാധനാ ജീവിതവും നഷ്ടപ്പെടുത്തിയവരോട് തോന്നാവുന്ന വികാരം എന്തായിരിക്കും എന്ന് നമുക്ക് ചിന്തിക്കാവുന്നതേയുള്ളൂ. 1500 വർഷങ്ങൾ വിശുദ്ധമായി, പവിത്രമായി കരുതി ആചരിച്ചുപോന്ന 'മാർത്തോമ്മായുടെ മാർഗ്ഗം' അബദ്ധ ജടിലവും, അന്ധവിശ്വാസവുമാണ് എന്ന് പഠിപ്പിച്ചവരോട് മലങ്കര നസ്രാണികൾ എങ്ങനെയാവും പ്രതികരിച്ചിരിക്കുക. റോമിലുള്ള ഈശോ സഭക്കാരുടെ ആർക്കൈവ്സിലെ മറ്റൊരു രേഖയിൽ ഇപ്രകാരം കാണുന്നു: "It is certain that the rebellion of the archdeacon and his followers does not and did not originate from the rigors, but the visceral hatred they hold aganist the Roman Church, and from the ancient affection they always showed and still show for the errors of Babylon and Alexandria" (ARSI, Goa 50, ff.227, 232). കൂടാതെ കൂനൻ കുരിശ് സത്യത്തിനുശേഷം അപ്പോസ്തോലിക് കമ്മീഷനറായി മലങ്കരയിലെത്തിയ ജോസഫ് സെബസ്ത്യാനിയുടെ എഴുത്തുകളിൽ അദ്ദേഹത്തിന്റെ മലങ്കരയിലുള്ള താമസസമയത്ത് അദ്ദേഹം കണ്ടെത്തിയ ചില രേഖകളെക്കുറിച്ച് വിവരിക്കുന്നു. അതിലൊന്നിൽ ആർച്ച് ഡീക്കൺ സഹായം അഭ്യർത്ഥിച്ച് പൗരസ്ത്യ പിതാക്കന്മാർക്ക് കത്തെഴുതിയിരുന്നതായും, അത്തരം ഒരു കത്തിൽ ഇപ്രകാരം വായിക്കുന്നതായും സാക്ഷ്യപ്പെടുത്തുന്നു. "Archdeacon Thomas wrote letters to the Oriental Patriarchs in which he asked for books, masters and help for escaping from the wickedness of the Portuguese and the Pope" (J. Sebastiani, *Seconda Speditione*, 163). ഇവയിൽനിന്നെല്ലാം മലങ്കര നസ്രാണികൾക്ക് കത്തോലിക്കാ സഭയോടും, അതിന്റെ വിശ്വാസ-പാരമ്പര്യങ്ങളോടുമുള്ള സമീപനം എന്തായിരുന്നു എന്ന് വളരെ സ്പഷ്ടം.

3. കൂനൻ കുരിശ് സത്യത്തേക്കുറിച്ചുള്ള മലങ്കര സഭയുടെ ബോധ്യം

1. തദ്ദേശീയ ഭരണ സ്വാതന്ത്ര്യത്തിനുള്ള പ്രക്ഷോഭം

1599 മുതൽ 1653 വരെയുള്ള മലങ്കര നസ്രാണികളുടെ സഭാജീവിതം പ്രവാസസമാനമായിരുന്നു. സ്വദേശത്ത് എങ്കിലും വിദേശീയന്റെ അധികാരത്തിൽ കീഴിൽ അമർന്ന് സ്വസ്വാതന്ത്ര്യം നഷ്ടപ്പെട്ട അവസ്ഥ. " ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും, ബന്ധനം ബന്ധനം തന്നെ പാരിൽ"എന്ന കവിത ശകലത്തിലെ അവസ്ഥ. തീർത്തും നിരാശപൂർണ്ണവും, അപകടകരവുമായ ഈ ബന്ധനാവസ്ഥയിൽ നിന്നുള്ള മോചനം മലങ്കര നസ്രാണികൾ അഗ്രഹിച്ചിരുന്നു. പാശ്ചാത്യ ഭരണ സംവിധാനത്തിന്റെ വ്യാപനത്തോടെ തദ്ദേശീയ ജനായത്ത ഭരണ സംവിധാനവും, ഭരണ രീതിയും നഷ്ടപ്പെട്ട് വൈദേശിക അധികാരഭ്രമത്തിനുമുന്നിൽ അടിമകളേപോലെ കഴിയേണ്ട അവസ്ഥയിൽ നിന്നും തങ്ങൾക്കുണ്ടായിരുന്ന പുരാതന ജനായത്ത ഭരണ സംവിധാനത്തിങ്കലേക്കുള്ള ഒരു മടക്കയാത്രയായിരുന്നു കൂനൻകുരിശ് സത്യം. ലത്തീൻ മെത്രാന്റെ അധികാരത്തിനുമപ്പുറം , വിദേശ സഭാമേലദ്ധ്യക്ഷന്റെ മേൽക്കോയ്മയും, പോർട്ടുഗീസ് രാജാക്കന്മാരുടെ അധീശത്വമനോഭാവവും മലങ്കര നസ്രാണികളുടെ സ്വദേശാഭിമാനത്തെ തട്ടിയുണർത്തി. സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്ന വിധേയത്വവും, അനുസരണവും, അടിമനുകത്തിനു സമമാണെന്ന തിരിച്ചറിവ് മലങ്കര നസ്രാണികളെ പോരാട്ടത്തിലേക്ക് നയിച്ചു. സ്വതവേ ശാന്തശീലരും, സമാധാനപ്രിയരുമായ ഒരു ജനതയെ പ്രക്ഷോഭകാരികളാക്കി. അഹിംസ മാർഗ്ഗത്തിലൂടെ, സമാധാനപരമായ പ്രക്ഷോഭത്തിലൂടെ മലങ്കര മക്കൾ തങ്ങളുടെ തദ്ദേശീയ ഭരണസ്വാതന്ത്ര്യം നേടിയെടുത്തതാണ് കൂനൻ കുരിശ് സത്യം.

2. വിശ്വാസ സംരക്ഷണത്തിനുവേണ്ടിയുള്ള പോരാട്ടം

ഭരണസ്വാതന്ത്ര്യം നേടിയെടുക്കുക മാത്രമായിരുന്നില്ല മലങ്കരമക്കളുടെ ആഗ്രഹം. നൂറ്റാണ്ടുകളായി വിശ്വസിച്ച് ആചരിച്ചുപോന്ന വിശ്വാസത്തെ തിരികെപ്പിടിക്കുക എന്നുള്ളതും കൂടെയായിരുന്നു. ഉദയംപേരൂർ സുന്നഹദോസിലൂടെ കൈമോശം വന്ന വിശ്വാസാചാരങ്ങൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പോരാട്ടമായിരുന്നു കൂനൻ കുരിശ് സത്യം. പോർട്ടുഗീസുകാരുടെ വരവിന് മുമ്പ് മലങ്കരയിൽ നിലനിന്നതും, കത്തോലിക്ക മിഷനറിമാരാൽ നിർത്തലാക്കിയതുമായ പൗരസ്ത്യ സഭാവിശ്വാസത്തേയും, പാരമ്പര്യങ്ങളേയും വീണ്ടെടുക്കുക എന്ന ലക്ഷ്യവും കൂനൻ കുരിശ് സത്യത്തിൽ അന്തർലീനമായിരുന്നു. കൂനൻ കുരിശ് സത്യത്തിനു ശേഷം "പുത്തൻകൂർ" എന്ന അഭിധാനം മലങ്കര നസ്രാണികൾക്ക് ചാർത്തിക്കൊടുത്തത് വൈരുദ്ധ്യാത്മകമത്രേ. കാരണം കത്തോലിക്കാ വിശ്വാസത്തിലേക്ക് വരുന്നതിന് മുമ്പ് പൂർവ്വസൂരികളായ മലങ്കരമക്കൾ സ്വീകരിച്ചേറ്റുപറഞ്ഞ വിശ്വാസധാരയിലേക്കുള്ള മടങ്ങിപ്പോക്കിന്റെ ചിത്രം കൂടി കൂനൻകുരിശ് സത്യത്തിലുണ്ട്. ആയതിനാൽ കൂനൻ കുരിശ് സത്യം വിശ്വാസ സംരക്ഷണത്തിനു വേണ്ടിയുള്ള മലങ്കര നസ്രാണികളുടെ പോരാട്ടമായിരുന്നു.

3. സാംസ്കാരിക തനിമ വീണ്ടെടുക്കുവാനുള്ള പോർവിളി

പോർട്ടുഗീസുക്കാരുടെ വരവിന് മുമ്പുള്ള മലങ്കര നസ്രാ

A User-Friendly Church Operations and Accounting Suite

HA MANAHEL
CHRISTIAN CHURCH SOFTWARE

Ha Manahel is a software developed to suite the demands of Companies Act 2013. With modifications to satisfy the increasing and developing demands, we now bring to you the revised Version 6 with Double Entry Book Keeping. Data entry at a single point provides access to variety of reports related to church activities.

Facilities available in Ha Manahel :

■ Membership Register ■ Cash/Day Book ■ General Ledger ■ Journal Entries ■ Balance Sheet ■ Trial Balance ■ Income & Expenditure ■ Receipts & Payments ■ Financial Statements / Quarterly ■ Fixed Asset Register ■ Cash Flow Statement ■ Anniversaries Alerts ■ Parish Register ■ Church Service Register ■ Endowment register ■ Stock Register ■ Church Directory ■ Member Volunteer Information ■ Multi-Conditional Search ■ Individual Giving Statement ■ Members Dues List ■ Voters List ■ Blood Group List ■ Prayer request Register ■ Registers for Baptism , Marriage, Death, First Communion, Premarital Counseling ■ Certificates ...

Phone 09446431460 / 09447046957 / 09495673797
E-mail hamanahel@gmail.com / sales@hamanahel.com Website : hamanahel.com
HM Software Solution, Kottayam Road, Mallappally 689585
Kothamangalam, Ernakulam 686691

Installed Mar Thoma churches Including :
Maramon, Enathu, Eraviperoor, Saudi Arabia (Dammam), Bangalore (Marathahalli), Kottarakkara, Panavely, Mukhathala, Chathannoor, Channappatta, Karavaloor, Perumbavoor, Nedumpram, Angadickal-Pathanamthitta, Parckathanam, Kumily, etc (100+ Installations)

New Options
Annual Income & Expenditure Account , Balance Sheets are generated for IT purposes (Diocese) automatically

ണികളുടെ തനിമയെ Fr. Placid J. Podipara ഇങ്ങനെ സംഗ്രഹിക്കുന്നു: "Hindu in Culture, Christian in Religion and Oriental in Worship". മലങ്കര നസ്രാണികളുടെ സാംസ്കാരിക തനിമയിലേക്കുള്ള ഒരെത്തിനോട്ടം കൂടിയായിരുന്നു പ്രസ്തുത വാക്യം. പ്ലാസിഡച്ചൻ " Hindu in Culture" എന്ന് പ്രയോഗിച്ചെങ്കിലും അത് " Indian in Culture" എന്ന് തിരുത്തി വായിക്കുന്നതാവും അഭികാമ്യമെന്ന് തോന്നുന്നു. പോർട്ടുഗീസുകാരുടെ വരവിന് മുമ്പ് മലങ്കരയിൽ വ്യാപരിച്ചിരുന്നതെല്ലാം അന്ധവിശ്വാസവും , അനാചാരങ്ങളുമാണെന്ന് ഇന്നും പല കത്തോലിക്ക ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ 16-ാം നൂറ്റാണ്ടിന് മുമ്പുള്ള സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ അതിനെനോക്കിക്കാണുമ്പോൾ, മലങ്കര നസ്രാണികളുടെ മതസൗഹാർദ്ദത്തിന്റേയും ഏകമാനവീകതയുടേയും ദൃഷ്ടാന്തങ്ങൾ ആ തനിമയിൽ നമുക്ക് ദർശിക്കാവുന്നതാണ്. സ്വന്തം രൂപം നഷ്ടപ്പെട്ടുപോയ ഒരു ജനതയുടെ ആത്മാവിഷ്ക്കാരത്തിന്റെ പോർവിളിയാണ് കൂനൻ കുരിശ് സത്യം. ആ മഹാസംഭവത്തിലൂടെ നഷ്ടപ്പെട്ടുപോയ സ്വരൂപം മലങ്കര നസ്രാണികൾ വീണ്ടെടുത്തു.

4. വൈദേശിക അധിനിവേശത്തിന്നെതിരെയുള്ള ഇന്ത്യയിലെ ആദ്യത്തെ സ്വാതന്ത്ര്യ സമരം

കൂനൻകുരിശ് സത്യത്തെ ഇന്ത്യയിലെ ആദ്യത്തെ സ്വാതന്ത്ര്യ സമരമെന്നാണ് ബഹു. ഡോ. കെ. എം. ജോർജ്ജ് അച്ചൻ വിശേഷിപ്പിക്കുന്നത്. അച്ചന്റെ അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നവരാകും കൂനൻ കുരിശ് സത്യത്തെക്കുറിച്ച് പര്യവേഷണം നടത്തിയിട്ടുള്ള എല്ലാവരും. ഒരു ജനതമുഴുവനും യാതൊരും രാഷ്ട്രീയ പിൻബലമോ, ആയുധ സന്നാഹങ്ങളോ ഒന്നുമില്ലാതെ ഒന്നായി, ഒറ്റക്കെട്ടായി അഹിംസാ മാർഗ്ഗത്തിലൂടെ തങ്ങളുടെ ഭാവി തലമുറകൾക്കായി നടത്തിയ സംഘടിത സമരത്തിന്റെ മുഖചിത്രമാണ് കൂനൻ കുരിശ് സത്യത്തിനുള്ളത്. വിദേശികളായ പോർട്ടുഗീസ് - കത്തോലിക്കാ മിഷനറിമാരുടെ നയങ്ങളോടും, സംസ്ക്കാരങ്ങളോടും, അടിച്ചേല്പിക്കപ്പെട്ട വിശ്വാസ പാരമ്പര്യങ്ങളോടുമുള്ള പ്രതിഷേധ സ്വരമാണ് 1653-ൽ മട്ടാഞ്ചേരിയിൽ മുഴങ്ങിക്കേട്ടത്- സ്വാതന്ത്ര്യത്തിനായുള്ള, അധിനിവേശത്തിനെതിരെയുള്ള ഒരു ജനതയുടെ പരിശ്രമം. പൂർണ്ണ അർത്ഥത്തിൽ അത് വിജയകരമായിരുന്നില്ല എങ്കിലും വൈദേശിക അധികാര സ്ഥാനങ്ങളോടും വിദേശ മേൽക്കോയ്മകളോടും ഇന്നും ചിലർ കാണിക്കുന്ന അടിമത്വ-വിധേയത്വ മനോഭാവങ്ങൾക്കുള്ള ചുട്ട മറുപടിയായി കാണുന്നതിൽ തെറ്റില്ല എന്നു കരുതുന്നു.

4. ഉപസംഹാരം

കൂനൻ കുരിശ് സത്യത്തെ പലപ്പോഴും ഒരു വിപ്ലവമായി, ശീശ്മയായി, വിഭജനമായി കത്തോലിക്കാ ചരിത്രകാരന്മാർ കാണുന്നുണ്ടെങ്കിലും മലങ്കരസഭയെ സംബന്ധിച്ച് 1653-ൽ മട്ടാഞ്ചേരിയിൽ നടന്ന മഹാസംഭവം ഒരു ജനതയുടെ സ്വാതന്ത്ര്യത്തിന്റെ ആത്മാവിഷ്കാരമായിരുന്നു. നിഷേധ സൂചകങ്ങളായ പദങ്ങളിലൂടെയാണ് (Rebellion, Revolution, Schism, Tragedy) ഈ മഹാസംഭവത്തെ പലരും വീക്ഷിക്കുന്നത്. എന്നാൽ മലങ്കര സഭ കൂനൻ കുരിശ് സത്യത്തെ വിശ്വാസ സംരക്ഷണത്തിനും, തദ്ദേശിയ ഭരണസ്വാതന്ത്ര്യത്തിനും, സാംസ്ക്കാരിക തനിമ വീണ്ടെടുക്കുവാനുമായുള്ള സമരമായി, പോരാട്ടമായി വീക്ഷിക്കുവാൻ ആഗ്രഹിക്കുന്നു. കൂനൻ കുരിശ് സത്യം മലങ്കര സഭക്ക് നഷ്ടമല്ല, മറിച്ച് പൂർവ്വ വിശ്വാസത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കുമുള്ള സാധ്യതയും വിജയവുമാണ് പ്രദാനം ചെയ്തത്. ■

25-ാം ചരമ വാർഷികം, 27-6-1991

പി. പി. ഡാനിയേൽ
പാറക്കടവിൽ, തെള്ളിയൂർ

23rd Death Anniversary, 25-06-2016



Vattasseril Poickudiyil
Chengaroor,
Mallappally

P. V. MATHEW (BABY)

Inserted by

Mrs. Aleyamma Mathew (Wife)
Sons: Saji Mathew & Mrs. Sheeba
Suja Jose & Mr. Jose
Biji Mathew & Mrs. Cini

Grand Childrens:
Phil, Reshma, Shon
Bestin & Benet

M.B.C. COLLEGE PEERMADE

B.Tech, M.Tech. കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ECE, EEE, Computeor Science, Civil, Mechanical എന്നീ ബ്രാഞ്ചുകളിൽ B.Tech. കോഴ്സിനും, ECE, Computer Science എന്നീ ബ്രാഞ്ചുകളിൽ M.Tech കോഴ്സിനും അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

Ph: 0481-2574522, 9447781645

SILENCE

മൗനം തിരുവചനത്തിൽ

എപ്പോൾ മൗനം പാലിക്കണം?

■ ജസ്റ്റിസ് ബഞ്ചമിൻ കോശി
(മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ)

മൗനം വിദ്വാന് ഭൂഷണം എന്ന പഴഞ്ചൊല്ല് ഇപ്പോൾ കൂടുതൽ അന്വർത്ഥമായിക്കൊണ്ടിരിക്കുകയാണ്. നാം പ്രതിനിധീകരിക്കുന്ന സമൂഹത്തിനും നമുക്കും പ്രയോജനമില്ലാത്ത ഉത്തരം കൊടുക്കേണ്ടിവരുമ്പോൾ അത്തരം ചോദ്യങ്ങൾക്കെതിരെ മൗനം പാലിക്കുക. പ്രയോജനമില്ലാത്ത കാര്യത്തിന് അധരവ്യായാമം നടത്തരുത്. ആ സമയത്ത് കർത്താവിനെ സ്തുതിക്കുവാനും നന്മ പഠിപ്പിക്കുവാനും നമുക്ക് കഴിയണം. ന്യായവിസ്താര സമയത്ത് നമ്മുടെ കർത്താവ് മറുപടി കൊണ്ട് പ്രയോജനമില്ലാത്ത സമയത്ത് മൗനം പാലിച്ചു (മത്താ. 26:63, 27:14, മർക്കോ. 15:4, ലൂക്കോ. 23:9).

വളരെയേറെ പരിചയസമ്പന്നനായ പ്രതിപക്ഷ നേതാവ് ശ്രീ.വി.എസ്. അച്യുതാനന്ദനെപ്പോലും മാധ്യമപ്രവർത്തകർ ചോദ്യങ്ങൾ ചോദിച്ച് ഒടുവിൽ പറഞ്ഞത് തിരുത്തിപറയേണ്ടി വരുന്ന ഈ കാലത്ത് സഭാ-സാമൂഹ്യ-രാഷ്ട്രീയ നേതാക്കന്മാർ വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഒരു പ്രസ്താവന നടത്തിയ ശേഷം അങ്ങനെ പറഞ്ഞിട്ടില്ല എന്ന് പറയുന്നതു തന്നെ നാണക്കേടാണ്. എതിരാളികൾ ആദ്യം പറഞ്ഞതിന്റെ വീഡിയോ കാണിച്ച് വീണ്ടും നാണം കെടുത്തും. പ്രത്യേകിച്ച്, ചാനലിലൂടെയോ പത്രങ്ങളിലൂടെയോ, പ്രഭാഷണങ്ങളും, പ്രസ്താവനകളും നടത്തുമ്പോൾ എപ്രകാരമാണ് സൂക്ഷിക്കേണ്ടതെന്ന് ബൈബിളിൽ ചില മുന്നറിയിപ്പുകൾ തരുന്നുണ്ട്.

1. വായും നാവും സൂക്ഷിക്കണം

വായും നാവും സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കഷ്ടങ്ങളിൽ നിന്ന് സൂക്ഷിക്കുന്നു (സദൃശ്യ. 21:23).

2. ആരെയും ശപിക്കാനായി അധരങ്ങൾ തുറക്കരുത്. മൗനം പാലിക്കുക.

'ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ട് നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു. കുതിരയെ അധീനമാക്കുവൻ വായിൽ കടിഞ്ഞാൺ ഇട്ട് അതിന്റെ ശരീരം മുഴുവനും തിരിക്കുന്നുവല്ലോ. കപ്പലും എത്ര വലിയത് ആയാലും കൊടുങ്കാറ്റടിച്ച് ഓടുന്നതായാലും അമരക്കാരൻ ഏറ്റവും ചെറിയ ചുക്കാൻ കൊണ്ട് തനിക്ക് ബോധിച്ച ദിക്കിലേക്ക് തിരിക്കുന്നു. അങ്ങനെ തന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പ് പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാട് കത്തിക്കുന്നു; നാവും ഒരു തീ തന്നെ; അത് നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിന് തീ കൊളുത്തുകയും നരകത്താൽ അതിന് തീ പിടിക്കയും ചെയ്യുന്നു. മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഈവക എല്ലാം മനുഷ്യജാതിയോട് മരുങ്ങുന്നു. മരുങ്ങിയുമിരിക്കുന്നു. നാവിനെയോ മനുഷ്യർക്കാർക്കും മരുക്കാവതല്ല; അത് അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു. ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു' (യാക്കോബ് 3:2-11).

3. കോപവും വിഷമവും കൊണ്ട് മുൻകോപമുണ്ടാക്കുമ്പോൾ മൗനം പാലിക്കണം.

'മുൻകോപി ഭോഷത്തം പ്രവർത്തിക്കുന്നു' (സദൃ. 14:17)

4. വിശദമായി അറിവില്ലാത്ത ഒരു കാര്യത്തെക്കുറിച്ച് ചോദിച്ചാൽ മൗനം പാലിക്കണം. ചോദ്യം മനസ്സിലാക്കിയ ശേഷം അറിയാമെങ്കിൽ മാത്രം ഉത്തരം പറയണം.

'കേൾക്കും മുമ്പേ ഉത്തരം പറയുന്നവന് അത് ഭോഷത്വവും ലജ്ജയുമായിതീരുന്നു' (സദൃ. 18:13).

5. കാര്യങ്ങൾ വിശദമായി പഠിച്ച ശേഷം മാത്രം പ്രസ്താവനകൾ നടത്തുക. അറിവുകുറഞ്ഞ കാര്യങ്ങളെക്കുറിച്ച് ചോദിച്ചാൽ മൗനം പാലിക്കുകയോ ഒഴിഞ്ഞു മാറുകയോ ചെയ്യുക.

'പരിജ്ഞാനമുള്ള അധരങ്ങൾ വിലയേറിയതാണ്' (സദൃ. 20:15).

6. കേട്ടറിവ് വച്ച് സത്യം ബോദ്ധ്യപ്പെടാതെ പ്രസ്താവന നടത്തരുത്.

'ശിക്ഷിക്കുന്നത് രണ്ടോ മൂന്നോ

സാക്ഷികളുടെ വാമൊഴിയിലായിരിക്കണം. ഏകസാക്ഷിയുടെ വാമൊഴിയാലരുത്' (ആവ. 17:6).

7. പാവപ്പെട്ടവരെ വിഷമിപ്പിക്കുന്ന പ്രസ്താവനകൾ അരുത്.

'ബലഹീന സഹോദരൻ നിന്റെ അറിവിനാൽ നശിച്ചുപോകരുത്. അവരുടെ ബലഹീന മനസാക്ഷിയെ ദണ്ഡിക്കുമ്പോൾ നിങ്ങൾ ക്രിസ്തുവിനോട് പാപം ചെയ്യുന്നു' (1 കൊരി. 8:11).

8. ഉപദേശം ശ്രദ്ധിക്കേണ്ട സമയത്ത് നാം മൗനം പാലിക്കണം.

'ജ്ഞാനമുള്ള മകൻ അപ്പന്റെ പ്രബോധനം കേൾക്കും, പരിഹാസിയോ ശാസന കേൾക്കുന്നില്ല' (സദൃ. 13:1).

9. ആവശ്യസന്ദർഭങ്ങളിൽ മാത്രം ശ്രദ്ധയോടുകൂടി സംസാരിക്കുക.

'വായെ കാത്തുകൊള്ളുന്നവർ പ്രാണനെ സൂക്ഷിക്കുന്നു. അധരങ്ങളെ പിളർത്തുന്നവന് നാശം ഭവിക്കും' (സദൃ. 13:3).

10. സത്യത്തിനെ മൂടത്തക്കവണ്ണമുള്ളവ പറയരുത്.

'വിശ്വസ്ത സാക്ഷി ഭോഷ്ക് പറകയില്ല. കള്ളസാക്ഷിയോ ഭോഷ്ക് നിശ്വസിക്കുന്നു. പരിഹാസി ജ്ഞാനം അന്വേഷിച്ചിട്ടും കണ്ടെത്തുന്നില്ല. വിവേകമുള്ളവന്നോ പരിജ്ഞാനം എളുപ്പം. മൂഢന്റെ മുമ്പിൽ നിന്ന് മാറിപ്പോക; പരിജ്ഞാനമുള്ള അധരങ്ങൾ നീ അവനിൽ കാണുകയില്ല. (സദൃ. 14:5-7)

11. അഹങ്കാരത്തിന്റെ വാക്കുകൾ പറയാൻ പാടില്ല.

'ഭോഷന്റെ വായിൽ ഡംഭത്തിന്റെ വടിയുണ്ട്; ജ്ഞാനികളുടെ അധരങ്ങളോ അവരെ കാത്തുകൊള്ളുന്നു' (സദൃ. 14:3).

12. നമ്മുടെ വാക്കുകളെക്കുറിച്ച് പിന്നീട് ദുഃഖിക്കേണ്ട അവസ്ഥ വരാതിരിക്കാൻ ഉൽക്കർഷമായതും സത്യവും മാത്രം സംസാരിക്കുക.

'കേൾപ്പിൻ, ഞാൻ ഉൽകൃഷ്ടമായത് സംസാരിക്കും; എന്റെ അധരങ്ങളെ തുറക്കുന്നത് നേരിന് ആയിരിക്കും. എന്റെ വായ് സത്യം സംസാരിക്കും; ദുഷ്ടത എന്റെ അധരങ്ങൾക്ക് അറപ്പാകുന്നു. എന്റെ വായിലെ മൊഴി ഒക്കെയും നീതിയാകുന്നു; അവയിൽ വക്രവും വികടവുമായത് ഒന്നുമില്ല' (സദൃ. 8:6-8).

13. നമ്മുടെ വാക്കുകൾ തെറ്റിദ്ധരിക്കാനിടയുണ്ടെങ്കിൽ മൗനം പാലിക്കുക.

'വാക്ക് അടക്കിവെക്കുന്നവൻ പരിജ്ഞാനമുള്ളവൻ; ശാന്തമാനസൻ ബുദ്ധിമാൻ തന്നെ. മിണ്ടാതിരുന്നാൽ ഭോഷനെപ്പോലും ജ്ഞാനിയായും അധരം അടെച്ചുകൊണ്ടാൽ വിവേകിയായും എണ്ണും' (സദൃ. 17:27-28).

14. നീതിക്ക് വിരുദ്ധമായ കാര്യങ്ങൾ കേൾക്കുകയോ പറയുകയോ ചെയ്യരുത്. സ്വന്ത കാര്യലബ്ധിക്കു പോലും വ്യാജം പറയരുത്.

'ദുഷ്കർമ്മി നീതികെട്ട അധരങ്ങൾക്ക് ശ്രദ്ധ കൊടുക്കുന്നു; വ്യാജം പറയുന്നവൻ വഷളത്വമുള്ള നാവിന് ചെവികൊടുക്കുന്നു'

'വ്യാജമുള്ള അധരം ഒരു പ്രഭുവിന് എങ്ങിനെ?' (സദൃ. 17:4-7).

15. മറ്റുള്ളവരുടെ സൽപ്പേരിനെ പരിഹസിക്കുന്ന വർത്തമാനങ്ങൾ കേൾക്കുകയോ പറയുകയോ ചെയ്യാൻ പാടില്ല.

'അധരങ്ങളിൽ കത്തുന്ന തീ ഉണ്ട്. വക്രതയുള്ള മനുഷ്യൻ വഴക്ക് ഉണ്ടാക്കുന്നു; ഏഷണിക്കാരൻ മിത്രങ്ങളെ ഭേദിപ്പിക്കുന്നു' (സദൃ. 16:27,28).

16. സ്വയം നിയന്ത്രിക്കാനാവാത്ത സന്ദർഭത്തിൽ നിശബ്ദത പാലിക്കുക.

'ആത്മസംയമനം ഇല്ലാത്ത പുരുഷൻ മതിൽ ഇല്ലാതെ ഇടിഞ്ഞുകിടക്കുന്ന പട്ടണം പോലെയാകുന്നു.' (സദൃ. 25:28).

17. വഞ്ചനയോടെ സംസാരിക്കരുത്

'അവന്റെ വായിൽ വഞ്ചനയൊന്നും ഉണ്ടായിരുന്നില്ല.' (1. പത്രോ. 2:22).

18. സംസാരിക്കുമ്പോൾ അതിന്റെ ഫലം നമ്മൾ തന്നെ അനുഭവിക്കുമെന്ന് ഓർക്കണം.

'മൗനം പാലിക്കേണ്ട സമയങ്ങളിൽ സംസാരിക്കുമ്പോൾ അതിന്റെ ഫലം നമ്മൾ തന്നെ അനുഭവിക്കും' (സദൃ. 18:21)

19. നമ്മളോട് എതിരുള്ളവർക്ക് വിഷമമുണ്ടാകുമ്പോൾ സന്തോഷ വർത്തമാനങ്ങൾ പറയരുത്.

'നിന്റെ ശത്രു വീഴുമ്പോൾ സന്തോഷിക്കരുത്; അവൻ ഇടറുമ്പോൾ നിന്റെ ഹൃദയം ആനന്ദിക്കരുത്. യഹോവ കണ്ടിട്ട് അവന്ന് ഇഷ്ടക്കേടാകുവാനും തന്റെ കോപം അവങ്കൽ നിന്ന് മാറ്റിക്കളവാനും മതി.' (സദൃ. 24:17,18).

20. ദുഷ്ടന്മാരെ ന്യായീകരിച്ച് സംസാരിക്കരുത്.

'ദുഷ്ടനോട് നീ നീതിമാൻ എന്ന് പറയുന്നവനെ ജാതികൾ ശപിക്കയും വംശങ്ങൾ വെറുക്കുകയും ചെയ്യും' (സദൃ. 24:24).

21. ജോലി ചെയ്യേണ്ട സമയത്ത് ജ്ഞാനം പ്രദർശിപ്പിക്കാൻ സംസാരിക്കരുത്. മൗനമായിരിക്കുക.



'വിവേകമുള്ളവന്റെ ഹൃദയത്തിൽ ജ്ഞാനം അടങ്ങി പാർക്കുന്നു; മൂഢന്മാരുടെ അന്തരംഗത്തിൽ ഉള്ളതോ വെളിപ്പെട്ടുവരുന്നു' (സദൃ. 14:33).

22. ദരിദ്രരെ ദുഃഖിപ്പിക്കുന്ന അവഗണിക്കുന്ന വർത്തമാനം പറയരുത്.

'ദരിദ്രനെ പരിഹസിക്കുന്നവൻ അവന്റെ സൃഷ്ടാവിനെ നിന്ദിക്കുന്നു' (സദൃ. 17:5).

23. ദൈവത്തെ കുറ്റപ്പെടുത്തിയോ പഴിചാരിയോ സംസാരിക്കരുത്.

'ഇതിലൊന്നും ഇയ്യോബ് പാപം ചെയ്യുകയോ ദൈവത്തിന് ഭോഷത്വം ആരോപിക്കുകയോ ചെയ്തില്ല' (ഇയ്യോബ് 1:22).

24. വിടുവായും നുണയും പറയരുത്.

'നുണയായി നടക്കുന്നവൻ രഹസ്യം വെളിപ്പെടുത്തുന്നു. ആകയാൽ വിടുവായനോട് ഇടപെടരുത്.' (സദൃ. 20:19).

25. വികടമായി സംസാരിക്കരുത്.

'വികടാധരം ഉള്ള മൂഢനേക്കാൾ പരമാർത്ഥതയിൽ നടക്കുന്ന ദരിദ്രൻ ഉത്തമൻ' (സദൃ. 19:1).

26. മനസ്സിൽ തോന്നുന്നതെല്ലാം പറയരുത്.

'തന്റെ മനസ്സ് വെളിപ്പെടുത്തുന്നതിൽ അല്ലാതെ മൂഢന്ന് ബോധത്തിൽ ഇഷ്ടമില്ല' (സദൃ. 18:2).

27. നേര് വിട്ട് സംസാരിക്കരുത്

'നേരുള്ള ഉത്തരം പറയുന്നവർ അധരങ്ങളെ ചുംബനം ചെയ്യുന്നു.' (സദൃ. 24:26).

28. മറ്റുള്ളവരെ പരിഹസിക്കരുത്

'പരിഹാസികൾക്കായി ശിക്ഷാവിധിയും മൂഢന്മാരുടെ മുതുകിന് തല്ലും ഒരുങ്ങിയിരിക്കുന്നു" (സദൃ. 19:29)

'പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാത്തവൻ ഭാഗ്യവാൻ' (സങ്കീ. 1:1)

29. സ്വയം പ്രശംസിച്ച് സംസാരിക്കരുത്.

'നിന്റെ വായല്ല മറ്റൊരുത്തൻ, നിന്റെ അധരമല്ല വേറൊരുത്തൻ നിന്നെ സ്തുതിക്കട്ടെ' (സദൃ. 27:2).

30. കാരുണ്യത്തോടുകൂടി സംസാരിക്കുക.

'ഇമ്പമുള്ള വാക്കു തേൻ കട്ടയാകുന്നു. മനസ്സിന് മധുരവും അസ്ഥികൾക്ക് ഔഷധവും തന്നെ' (സദൃ. 16:24).

■



പ്രാർത്ഥന എന്തിന്? എങ്ങനെ?

അഡ്വ. പി. ജോൺ ചെറിയാൻ

പ. സഭയിൽ ക്രമീകരിക്കപ്പെട്ടിട്ടുള്ള ഏഴു യാമപ്രാർത്ഥനകളാണ് സെമിനാരികളിലും സന്യാസ ഭവനങ്ങളിലും ഉപയോഗത്തിൽ ഇരിക്കുന്നത്. ഈ ഏഴുയാമങ്ങളിലെയും പ്രാർത്ഥനകൾ രണ്ടുനേരമായി (രാവിലെയും വൈകിട്ടും) നടത്തത്തക്ക വിധത്തിലാണ് കുടുംബങ്ങളിലെ (ഭവനങ്ങളിലെ) ആരാധന ക്രമീകരിച്ചിട്ടുള്ളത്. എഴുതപ്പെട്ട പുസ്തകത്തിൽ നിന്ന് (നമസ്കാരക്രമം) വായിച്ച് നമസ്ക്കാരം നടത്തപ്പെടുന്നതിനാൽ പ്രാർത്ഥനകൾ മുഴുവൻ ക്രമീകൃതമാണ്. നായകൻ നേതൃത്വം കൊടുക്കുകയും പ്രാർത്ഥനയുടെ പൂർത്തീകരണത്തിൽ ആശീർവാദം പറയുകയും ചെയ്യുന്നു. മറ്റുള്ളവർ ഒന്നിടവിട്ട നിർത്തുകൾ സംഘമായി ചൊല്ലുകയും പ്രതിവാക്യങ്ങൾ ഒന്നായി ചൊല്ലുകയും ചെയ്യുന്ന രീതിയാണ് ഉള്ളത്. ഇതിനുശേഷമാണ് ഓരോരുത്തർക്കും രഹസ്യപ്രാർത്ഥനയ്ക്കുള്ള അവസരം.

നമസ്ക്കാര ക്രമങ്ങളിൽ വിവിധ സ്വഭാവത്തിലുള്ള പ്രാർത്ഥനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ അതതു സമൂഹത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കുന്ന ഒരു പ്രത്യേക വാചാ പ്രാർത്ഥന കൂടി നടത്തുന്ന പതിവ് പ്രാർത്ഥനായോഗങ്ങളിൽ അനുവർത്തിച്ചു വരുന്നുണ്ട്. മോശമുഖാന്തിരം ലഭിച്ച പത്തു കല്പനകളും ന്യായപ്രമാണങ്ങളും സങ്കീർത്തനങ്ങളും അടിസ്ഥാനമാക്കി ഉരുത്തിരിയുന്ന പ്രാർത്ഥനകളാണ് യേശു ക്രിസ്തുവിന്റെ കാലത്ത് യഹൂദ മതാനുസാരികൾ ഉപയോഗിച്ചു വന്നത്. ഇവയിൽ ഏതെങ്കിലും ഉപേക്ഷിക്കണമെന്നോ തിരുത്തണമെന്നോ യേശു ക്രിസ്തു കല്പിക്കുന്നില്ല. കർതൃ പ്രാർത്ഥന പഠിപ്പിക്കുന്നത് തന്നെ, "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ചൊല്ലേണ്ടത്" (ലൂക്കോ, 11:12) എന്നു പറഞ്ഞുകൊണ്ടാണ് പ്രാർത്ഥനയിൽ സ്വീകരിക്കേണ്ട മനോഭാവത്തിനാണ് യേശു ക്രിസ്തു കൂടുതൽ പ്രാധാന്യം കൊടുത്തത്. ദൈവത്തിന്റെ അപരിമേയമായ സ്നേഹവും മനുഷ്യന്റെ സമ്പൂർണ്ണമായ ദൈവാശ്രയവും വെളിപ്പെടുന്ന ഒന്നാണ് കൂട്ടപ്രാർത്ഥന. മനസ്സിനെയും ആഗ്രഹങ്ങളെയും ദൈവമനസ്സിന് കീഴ്പ്പെടുത്തിയിട്ട് നമ്മുടെ ഭൂതം, ഭാവി, വർത്തമാനകാലങ്ങൾ ദൈവത്തിനു സമർപ്പിക്കുകയാണ്: ഭൂതകാലത്തെ സംബന്ധിച്ച് നമ്മുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു. വർത്തമാനകാലത്തിൽ ഇന്ന് ആവശ്യമുള്ള അപ്പം തരണമെന്ന് അപേക്ഷിക്കുന്നു. ഭാവികാലത്തിൽ പരീക്ഷയിൽ കടത്താതെ ദുഷ്ടനിൽ നിന്നും രക്ഷിക്കണമെന്ന് അപേക്ഷിക്കുന്നു. "പിതാവേ" എന്നു വിളിച്ചുകൊണ്ട് ദൈവസ്നേഹത്തിൽ ആശ്രയിക്കുന്നു. "ഞങ്ങളുടെ പിതാവേ" എന്നു വിളിച്ച് മനുഷ്യസാഹോദര്യത്തിന് ഊന്നൽ കൊടുക്കുന്നു. ഓരോ പ്രാവശ്യവും കർതൃ പ്രാർത്ഥനയിൽ പങ്കെടുക്കുമ്പോൾ ഈ തത്വങ്ങളെല്ലാം നമ്മുടെ ചിന്താമണ്ഡലത്തിൽ കൂടി കടന്നു പോകേണ്ടതാണ്. ദൈവത്തോടു നാം വ്യക്തിപരമായി മുട്ടിപ്പായി യാചിക്കുന്ന സംഗതികൾ ആരോഗ്യകരമായി ദൈവസന്നിധിയിൽ അവതരിപ്പിക്കുന്നിന് നാം ഒരുക്കപ്പെടുന്നത് ഈ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ്.

നമ്മുടെ വ്യക്തിത്വം തളർന്നു പോകാതെ സൂക്ഷിക്കുന്നതിനും ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ നമ്മുടെ പങ്കു തെളിവാക്കുന്നതിനും പ്രാർത്ഥനയിലുള്ള സജീവമായ പങ്കാളിത്തം നമ്മെ വളരെയധികം സഹായിക്കുന്നു. പ്രതികൂലാവസ്ഥയിൽ നിരാശപ്പെടാതിരിക്കാനും അന്യോന്യം താങ്ങുന്നതിനും അനുകൂല സാഹചര്യങ്ങളിൽ അലംഭാവപ്പെടാതിരിക്കുന്നതിനും പ്രാർത്ഥന വളരെയേറെ സ്വാധീനം ചെലുത്തും. ലക്ഷ്യം പക്വമാകുന്നതും ആത്മവിശ്വാസത്തോടു കൂടിയതുമായ പ്രാർത്ഥനയ്ക്കു മാത്രമേ ജീവൻ ഉണ്ടാവുകയുള്ളൂ. അതിന് നാം അനുദിനം പരിശീലിപ്പിക്കപ്പെടുന്നതിനാണ് പ. പിതാക്കന്മാർ പരിശുദ്ധാത്മ നിശ്വാസിതങ്ങളായ പ്രാർത്ഥനകൾ രചിച്ചു നമുക്ക് കൈമാറി തന്നിട്ടുള്ളത്. അനുദിന ജീവിതത്തിൽ നാം എന്തിനു പ്രാർത്ഥിക്കുന്നു, എങ്ങനെ പ്രാർത്ഥിക്കുന്നു എന്നതിന് ഏതാനും സൂചനകൾ അവതരിപ്പിക്കുകയാണ് എന്റെ ഉദ്യമം.

A. എന്തിനു പ്രാർത്ഥിക്കണം

1. ആരോഗ്യകരമായ മാനസികാവസ്ഥയിലേക്ക് നയിക്കപ്പെടുന്നതിന്

ഓരോ ദിവസത്തെയും നമ്മുടെ വ്യക്തിപരമായ പ്രാർത്ഥന സ്തോത്രാർപ്പണത്തോടുകൂടി ആയിരിക്കണം

ആരംഭിക്കേണ്ടത്. രാവിലെയോ വൈകിട്ടോ ഉള്ള നമസ്ക്കാരത്തോടു ചേർന്നോ അതിനു ശേഷമോ ഓരോരുത്തരും വ്യക്തിപരമായി ദൈവമുമ്പാകെ സമയം ചെലവിടുന്ന അവസരത്തെയാണ് ഞാൻ ഇവിടെ പ്രാർത്ഥന എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. കഴിഞ്ഞുപോയ സമയങ്ങളിലും സാഹചര്യങ്ങളിലും കർത്താവ് വഴി നടത്തിയതിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പ്രാർത്ഥനയിലേക്കു പ്രവേശിക്കുമ്പോഴാണ് ഓരോ വിഷയത്തിലും ദൈവം വഹിച്ച പങ്കും നമ്മുടേതായ തീരെ ചെറിയ പങ്കും കണ്ടെത്തി നമ്മെത്തന്നെ ബോധ്യപ്പെടുത്തുന്നതിനും അങ്ങനെ സ്വയം വിനയമുള്ളവരാകുന്നതിനും അവസരം ഒരുങ്ങുന്നത്. അടുത്ത ദിവസങ്ങളിൽ ഇതിൽ കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിന് ആഗ്രഹിച്ചുകൊണ്ട് തുടർന്നു പ്രാർത്ഥിക്കുകയും അതോടൊപ്പം തന്നെ ആ നിലയിലേക്ക് നാം പരിശീലിപ്പിക്കപ്പെടുകയും ചെയ്യും. ഈ നിലയിലുള്ള മാനസിക നിലവാരം കൈവരിക്കുന്നതിന് ഇത് സംബന്ധിച്ച സ്തോത്രഗീതങ്ങൾ ഇതോടൊന്നിച്ച് ആലപിക്കുന്നതും സഹായകമാണ്.

"എന്റെ ജീവിതത്തിൽ ദൈവം ഇന്ന് ഒരു പ്രവർത്തനവും നടത്തിയിട്ടില്ല" എന്ന് പറയുന്നതിന് ആർക്കാണു സാധിക്കുന്നത്? "എനിക്കു ഇന്നു കർത്താവ് ഒന്നും ചെയ്തില്ല" എന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ ആ വ്യക്തി ദൈവത്തിനു യാതൊരു പ്രയോജനവും ഇല്ലാത്തവനാണ് എന്ന് പറയേണ്ടി വരും.

2. ആത്മീയ പോരാട്ടം നടത്തുന്നതിന്

സാത്താന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുന്നതിനും ഉറച്ചു നിൽക്കാൻ കഴിയേണ്ടതിനുമാണ് (എഫെ.6:11,13) ദൈവത്തിന്റെ സർവായുധവർഗങ്ങളായ 1. സത്യം, 2. നീതി, 3. സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം, 4. വിശ്വാസം, 5. രക്ഷ ഇവ ധരിച്ചുകൊണ്ട് പ്രാർത്ഥനയിൽ പൂർണസ്ഥിരത കാണിക്കേണ്ടിയിരിക്കുന്നത്. ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ എന്നു (മത്താ. 26:41., മാർക്കോ: 13-33) കർത്താവു കല്പിക്കുന്നതും ജാഗ്രതയോടുകൂടിയ പ്രാർത്ഥനയെയാണ് സൂചിപ്പിക്കുന്നത്. ഈ സർവായുധ വർഗങ്ങൾ ദൈവത്തിന്റേതാണ്, നമ്മുടേതല്ല, അവ എടുത്ത് ഉപയോഗിക്കുന്നതിന് നമുക്ക് ദൈവം



ശക്തിയും ധൈര്യവും തരുവാനായിട്ടാണ് നാം പ്രാർത്ഥിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ ഇവ ഉപയോഗിക്കുന്നതിൽ വന്ന ഉപേക്ഷയും വീഴ്ചയും പരിഹരിക്കുന്നതിന് ഉറ്റു ശ്രമിക്കും എന്ന ഉറച്ച തീരുമാനം കൂടെ ഇതോടൊപ്പം സ്വീകരിക്കണം. ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ കർത്താവിന്റെ സംരക്ഷണയിൽ നാം നമ്മെത്തന്നെ സമർപ്പിക്കുകയാണ്. ഇങ്ങനെ നമ്മുടെ തീരുമാനവും കർത്താവിന്റെ ശക്തിയും ഒത്തുചേർന്നു പ്രവർത്തിക്കുന്നതിനായി പരിപൂർണ്ണമായ ആത്മസമർപ്പണം നടത്തുമ്പോഴാണ് നടത്തുമ്പോഴാണ് കർത്താവ് ശക്തിയായി നമ്മിലൂടെ പ്രവർത്തിക്കുന്നത്. പ്രവാചകന്മാരിലും പ. ശ്ലീഹന്മാരിലും അപ്പോസ്തോലിക പിതാക്കന്മാരിലും കർത്താവു ഇങ്ങനെ അതിശക്തിയായി പ്രവർത്തിച്ച ചരിത്രം ധാരാളമായി ലഭ്യമായിട്ടുള്ളത് ഈ അവസരത്തിൽ ധ്യാനിക്കാവുന്നതാണ്. അങ്ങനെ ആ പ. പിതാക്കന്മാരോട് ചേർന്ന് നാം ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്ക് കടന്നുചെല്ലുന്നു. ഈ അനുനഭവത്തിലൂടെയാണ് സ്വയം പരിത്യജിക്കുകയും സമർപ്പിക്കുകയും ചെയ്ത് ആത്മീയ പോരാട്ടത്തിന്റെ അഗാധതലങ്ങളിലേക്ക് നാം കടക്കുന്നത്. ഈ ജൈത്രയാത്രയിലാണ് പരിശുദ്ധാത്മസഹായം നമുക്ക് ലഭിച്ച് ദൈവത്തിനു നമ്മെ കൊണ്ടുള്ള ആവശ്യം (ദൈവം നമ്മെ കൊണ്ട് നടത്തിക്കുന്നതിന് ഉദ്ദേശിക്കുന്ന ദൗത്യം) നമുക്ക് വെളിപ്പെടുത്തി തരുന്നത്. മലങ്കര സഭയിലെ പുലിക്കോട്ടിൽ തിരുമേനി മാർ പ. വട്ടശ്ശേരിൽ തിരുമേനി, പൗരസ്ത്യ കാതോലിക്കമാരായിരുന്ന ഗീവറുഗീസ് II, മാത്യൂസ് I, കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താമാരായിരുന്ന കുര്യാക്കോസ് മാർ ഗ്രിഗോറിയോസ് (പാമ്പാടി തിരുമേനി), ഗീവറുഗീസ് മാർ ഈവാനിയോസ് എന്നിവരുടെ ദൈവാനുഭവം നമുക്ക് ഉത്തേജനവും പ്രോത്സാഹനവും നൽകുന്നതാണ്. നമുക്ക് ജ്ഞാനം, വിവേകം, ശക്തി, ബോധജ്ഞാനം, ദൈവഭക്തി ഇവ ലഭിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. ഇങ്ങനെ ദൈവീക ശക്തി ലഭിച്ചിട്ട് പ്രവർത്തിക്കുമ്പോൾ അതിശക്തിമാനായ ദൈവത്തോടൊപ്പം നാം പ്രവർത്തിക്കുന്നതായി അനുഭവപ്പെടും. ഈഅനുഭവം ഓരോ ദിവസവും ലഭിക്കാത്തവർക്ക് ദൈവത്തിന്റെ മകനോ മകളോ എന്ന് അവകാശപ്പെടുന്നതിന് കഴിയുമോ? ഈ അനുഭവം ഇല്ലാതെ എങ്ങനെയാണ് ദൈവീക സമ്പത്തിന്റെ കാര്യവിചാരകത്വം നടത്തുന്നത്? അങ്ങനെ കാര്യവിചാരകത്വം നടത്തണമെന്നുള്ള ഉൽകൃഷ്ടമായ ആഗ്രഹം തമ്മിൽ ഉണ്ടോ? അങ്ങനെ ഒരു ആഗ്രഹം ഉണ്ടാകേണ്ടതല്ലേ? ഓരോരുത്തരുടേയും വ്യക്തപരമായ വിലയിരുത്തലിനായി ഈ ഭാഗം വിടുകയാണ്.

3. പശ്ചാത്താപം ഉണ്ടാകുന്നതിന്

മുകളിൽ വിവരിച്ച ദൈവാനുഭവം ഉണ്ടാകുമ്പോഴാണ് നമുക്ക് നമ്മുടെ വീഴ്ചകൾ, തെറ്റുകൾ, അബദ്ധങ്ങൾ ഇവയെക്കുറിച്ച് ബോധ്യമാകുന്നത്. മോശ, യോശുവ, ഗിദയോൻ, യെശയ്യാ പ്രവാചകൻ, പൗലൂസ് ശ്ലീഹാ എന്നിവരുടെ ഉദാഹരണങ്ങൾ ധ്യാനവിഷയമാക്കാവുന്നതാണ്. അവരുടെ മദ്ധ്യസ്ഥതയിൽക്കൂടി ആശ്രയിച്ചുകൊണ്ട് നമ്മുടെ ജീവിതത്തെ മുഴുവനായി ദൈവത്തിന്റെ മുമ്പിൽ തുറന്നു വയ്ക്കുന്നതാണ് അടുത്ത ഘട്ടം. അപ്പോഴാണ് നമ്മുടെ ജീവിത്തിൽ

ദൈവത്തിന് എത്തിച്ചേരുന്നതിന് നാം അനുവദിച്ചിട്ടില്ലാത്ത ഭാഗങ്ങൾ നാം കണ്ടെത്തുന്നത്. നാം തെറ്റിപോകുമ്പോൾ പശ്ചാത്തപിക്കുന്നതുകൊണ്ടാണ് നമുക്ക് ദൈവകൃപയിലേയ്ക്ക് ഒഴുകി ചെല്ലുന്നതിനും, പുതുക്കം പ്രാപിച്ച് വിശുദ്ധീകരിക്കപ്പെടുന്നതിനും ഇടയാകുന്നത് എന്ന് അപ്പോഴാണ് നാം മനസ്സിലാക്കുന്നത്. ഇത് പരിശുദ്ധാത്മ കൃപ മൂലം മാത്രം ലഭിക്കുന്ന നൽവരമാണ്. അറിഞ്ഞും അറിയാതെയും കർത്താവിനെ പ്രകോപിച്ചതിനും ദുഃഖിപ്പിച്ചതിനും അവിടുത്തേയ്ക്ക് മാനക്കേട് ഉണ്ടാക്കിയതിനും നാം ആത്മാർത്ഥമായി ദുഃഖിക്കുകയും അവ എല്ലാം ദൈവത്തിന്റെ വിധിക്കായി വിട്ടുകൊടുക്കുകയും ചെയ്യണം.

4. മറ്റുള്ളവരോട് ക്ഷമിക്കുന്നതിന്

എന്റെ തെറ്റു ക്ഷമിക്കുന്ന ദൈവത്തിന്റെ മുമ്പിൽ ഞാൻ ആരോടും വിരോധമോ അമർഷമോ സൂക്ഷിക്കുന്നില്ല എന്നു തീരുമാനിക്കുന്നതു പരിശുദ്ധാത്മ പ്രവർത്തനമാണ്. കർതൃപ്രാർത്ഥനയിൽ നമ്മുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുന്നതിനുള്ള ഒരു വ്യവസ്ഥ കൂടിയാണിത്. എന്നത് പരമപ്രധാന്യം അർഹിക്കുന്നു. അങ്ങനെയാണ്, മനസ്സിൽ അടിഞ്ഞു കിടക്കുന്ന കോപം, അമർഷം, വിദ്വേഷം, ഈർഷ്യ എന്നിവയെ ഒഴിവാക്കി മോചിപ്പിക്കുന്നതിന് പരിശുദ്ധാത്മ സഹായം ലഭിക്കുന്നത്.

5. കർത്താവിനായി കാത്തിരിക്കുന്നത്

ദൈവവചനം വായിച്ച് വിശ്വാസവും പ്രത്യാശയും ഉൾക്കൊള്ളുന്നതിനും നമ്മുടെ ആശയ ആഗ്രഹങ്ങൾ ദൈവസന്നിധിയിൽ പകരുന്നതിനുമുള്ള സുവർണ്ണാവസരങ്ങളായി നമ്മുടെ പ്രാർത്ഥനാ വേളകൾ പ്രയോജനപ്പെടണം. അപ്പോൾ മനസ്സിൽ വരുന്ന ചിന്തകളും വാക്കുകളും കുറിപ്പു ബുക്കിൽ രേഖപ്പെടുത്തി വയ്ക്കുന്നത് പ്രയോജനകരമാണ് നമ്മെ പ്രോത്സാഹിപ്പിക്കുന്നതും സ്നേഹം പകരുന്നതും സുഖപ്രാപ്തി തരുന്നതുമായ മഹത് വചനങ്ങൾ ദൈവമുഖത്തുനിന്ന് മാത്രമാണ് വരുന്നതെന്ന് അനുഭവിച്ചു മാത്രമേ അറിയുന്നതിനു സാധിക്കുകയുള്ളൂ.അവ ശ്രദ്ധിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുമ്പോഴാണ് നല്ല നിലത്തുവീണ വിത്തുപോലെ നൂറുമേനി ഫലം കൊടുക്കുന്നതിന് നാം പ്രാപ്തരായി തീരുന്നത്.

> **ദൈവവചനം വായിച്ച് വിശ്വാസവും പ്രത്യാശയും ഉൾക്കൊള്ളുന്നതിനും നമ്മുടെ ആശയ ആഗ്രഹങ്ങൾ ദൈവ സന്നിധിയിൽ പകരുന്നതിനുമുള്ള സുവർണ്ണാവസരങ്ങളായി നമ്മുടെ പ്രാർത്ഥനാ വേളകൾ പ്രയോജനപ്പെടണം.**

ഇനി പ്രാർത്ഥിക്കുമ്പോൾ ആവശ്യം ഉണ്ടായിരിക്കേണ്ടതായ ലക്ഷ്യബോധങ്ങളെക്കുറിച്ച് സൂചിപ്പിക്കട്ടെ.

B. എങ്ങനെ പ്രാർത്ഥിക്കണം

1. മറ്റുള്ളവർക്കുവേണ്ടി മദ്ധ്യസ്ഥത വഹിച്ച്

നമ്മുടെ സഹായം ആവശ്യമുള്ളവരെ പരിശുദ്ധാത്മാവാണ് മനസ്സിലേയ്ക്ക് കൊണ്ടുവരുന്നത്. അവർക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നത്:

1. അവരെ സഹായിക്കുവാനും
2. അവരെ സൗഖ്യമാക്കുവാനും
3. അവരുടെ തെറ്റുകൾക്ക് മാപ്പ് കൊടുക്കുവാനും
4. അവരെ ദൈവസ്നേഹം അറിയിക്കുവാനും
5. അവരുടെ മേൽ ദൈവശക്തി ചൊരിയുവാനും അപേക്ഷിച്ചുകൊണ്ടാണ്. കർത്താവിന്റെ ഇഷ്ടം പോലെ ഇവയും ഇവയിൽ അധികമായിട്ടുള്ളതും ചെയ്തു കൊടുക്കുന്നതിനു നാം പ്രാർത്ഥിക്കണം. അപ്പോഴാണ് നമ്മെത്തന്നെ പൂർണമായി മറന്നും പൂർണമായി മറച്ചുംകൊണ്ട് ദൈവസന്നിധിയിൽ നാം പോരാടുന്നത്. കർത്താവായ യേശുക്രിസ്തു ഇങ്ങനെ പ്രാർത്ഥനയിൽപോരാട്ടം നടത്തിയത് സുവിശേഷങ്ങളിൽ നാം വായിക്കുന്നുണ്ട്. വി. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായത്തിൽ കാണുന്ന മഹാപുരോഹിത പ്രാർത്ഥന ശ്രദ്ധയോടെ വായിച്ചു ധ്യാനിക്കുന്നത് ഈ ആശയങ്ങൾ ഉൾക്കൊള്ളുന്നതിന് വളരെ സഹായകരമാണ്. ഇങ്ങനെ ക്രമമായും തുടർച്ചയായും പ്രാർത്ഥനയിൽ പോരാടുന്നവർക്ക് ആരോടും ശത്രുതയോ അമർഷമോ ചിന്തിക്കാൻ പോലും സാധ്യമാകുന്നതല്ല.

2. നമുക്ക് അത്യാവശ്യം വേണ്ട കാര്യങ്ങൾ ദൈവമുമ്പാകെ അവതരിപ്പിക്കുന്നതിന്

ജല്പനം ചെയ്യുകയോ അതിഭാഷണം നടത്തുകയോ ചെയ്യാതെ (വി. മത്താ. 6:7) സാവകാശത്തിലും സ്ഫുടതയോടും കൂടി നമ്മുടെ ആവശ്യങ്ങൾ നിരത്തി വയ്ക്കണം. ഭോഗങ്ങളിൽ ചെലവിടേണ്ടതിനു വല്ലാതെ യാചിക്കരുത് (യാക്കോ. 4:3) എന്ന ഉത്ബോധനം ശ്രദ്ധയിൽ വച്ചുകൊണ്ട് നമ്മുടെ ആവശ്യങ്ങൽ രൂപപ്പെടുത്തണം. ഇത് ക്രമമായി അനുദിനം നടത്തുന്ന കഠിനാദ്ധ്വാനം കൊണ്ടു മാത്രം ആർജ്ജിക്കാവുന്ന ഗുണമാണ്. ദൈവ ഇഷ്ടവും നമ്മുടെ ഇഷ്ടവും ഒന്നായി തീരണമെങ്കിൽ അതിനുള്ള അശ്രാന്ത പരിശ്രമം നമ്മുടെ ഭാഗത്തു നിന്നാണ് ഉണ്ടാകേണ്ടത് ഈ സ്വാഭാവം ജീവിതത്തിൽ കൈവരിക്കുന്നവരാണ് കർതൃദാസന്മാർ. അബ്രഹാം, യാക്കോബ്, ഇയ്യോബ്, ദാനിയേൽ, യെശയ്യാവ് എന്നിവരെക്കുറിച്ച് കർത്താവ് എത്ര അഭിമാനത്തോടെയാണ്. 'എന്റെ ദാസനായ......' എന്നു പറയുന്നത് എന്നതു ശ്രദ്ധയോടെ ധ്യാനിക്കാവുന്നതാണ്.

3. ദൈവ ഇഷ്ടത്തിനു സമർപ്പിക്കുന്നതിന്

നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും എല്ലാ സത്യസന്ധമായി അവതരിപ്പിച്ചു കഴിയുമ്പോൾ ഇതിൽ എന്താണ് നമുക്ക് ഉചിതം ആയിട്ടുള്ളത് എന്ന് സ്വയം തീരുമാനിക്കുന്നതിന് സാധ്യമല്ല എന്ന ബോധ്യം ഉണ്ടാകും. അപ്പോഴാണ് ആ തീരുമാനം കർത്താവിനു വിട്ടുകൊടുത്തുകൊണ്ട് 'ആവശ്യമുള്ള അപ്പം' തരുന്നതിനു പ്രാർത്ഥിക്കുന്നത്. നമുക്ക് ആവശ്യമുള്ള അപ്പം പണമാണോ, പദവിയാണോ, രോഗ സൗഖ്യമാണോ, മറ്റു വല്ലതുമാണോ എന്നതു ദൈവം മാത്രമാണ് അറിയുന്നത് എന്നു നാം സമ്മതിച്ചേ തീരൂ. അതു കർത്താവ് എങ്ങനെ, എപ്പോൾ ഏതു വിധത്തിൽ തന്നാലും സ്വീകരിക്കുമെന്ന് ഏറ്റുപറയണം. മാത്രവുമല്ല കർത്താവു തരുന്നത് സ്വീകരിച്ച് തൃപ്തിപ്പെടുകയും നന്ദി പറയുകയും ചെയ്യും എന്ന് ഏറ്റു പറയണം. അതോടൊപ്പം തന്നെ കഴിഞ്ഞ ദിവസങ്ങളിൽ

ഇങ്ങനെ 'ആവശ്യമുള്ള അപ്പങ്ങൾ' തന്ന് സംരക്ഷിച്ചതിനും കരുതിയതിനും നന്ദി പറയുകയും അതിൽ ഉണ്ടാകുന്ന സന്തോഷം മൗനമായി ഇരുന്ന് അനുഭവിക്കുകയും ചെയ്യണം.

4. സന്തോഷം അനുഭവിക്കുന്നതിന്

ദൈവവുമായി ഒത്തുചേർന്ന അവസരത്തിനും തന്റെ പരിശുദ്ധൻമാരോടൊത്ത് അവരുടെ നിലവാരത്തിൽ മദ്ധ്യസ്ഥത നടത്തുന്നതിന് സാധിച്ചതിനാലും എല്ലാറ്റിനും പരിഹാരമായി കർത്താവ് ഉള്ളതിനാലും ഉള്ള ആശ്വാസത്തിൽ നിന്ന് ഉളവാകുന്ന സന്തോഷം പ്രാർത്ഥനയുടെ പൂർത്തീകരിക്കപ്പെടുന്ന അവസരമാണ്. ധ്യാനനിരതമായി കണ്ണുകൾ അടച്ചിരുന്ന് ഈ വിവരങ്ങൾ ധ്യാനിക്കുമ്പോഴാണ് ഈ സന്തോഷം പൂർണ്ണമായി അനുഭവിക്കുന്നതിനു സാധിക്കുന്നത്. താലന്തുകൾ ശരിയായി വിനിയോഗിച്ചു വ്യാപാരം ചെയ്ത ദാസന്മാരോടു യജമാനൻ കല്പ്പിക്കുന്നത് (വി. മത്താ.25:23) "നിന്റെ യജമാന്റെസന്തോഷത്തിലേക്കു പ്രവേശിക്ക" എന്നാണ്. അതുപോലെ താലന്തുകൾ കൈകാര്യം ചെയ്തിട്ടുള്ളതിലെ സന്തോഷം അനുഭവിക്കുന്നതിനു നമുക്കും സാധിക്കും.

നമ്മുടെ ജീവിതത്തിൽ നേരിടേണ്ടി വന്നിട്ടുള്ള കഷ്ടനഷ്ടതകൾ ദൈവനാമ മഹത്വത്തിനായി പ്രയോജനപ്പെട്ടത് മനസ്സിലാക്കി ബോധ്യപ്പെടുന്നതിനുള്ള സന്തോഷം അനുഭവിച്ചു മാത്രമേ അറിയുന്നതിനു സാധിക്കൂ. ഇതിനെല്ലാം കർത്താവിന്റെ കരുണയും കരുതലുമുള്ള തൃക്കരം കണ്ട് സന്തോഷിക്കുന്നതിനു സാധിക്കും ഈ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കഴിയുമ്പോൾ തന്റെ നാമ മഹത്വത്തിനായി ഓരോ സാഹചര്യവും ദൈവം ഉപയോഗിക്കുന്നത് ഓർത്ത് അതിശയിക്കുന്നതിനും മറ്റു വിധത്തിൽ കൂടിയും നമ്മെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യുന്നതിൽ സന്തോഷിക്കുന്നതിന് അവസരം ഒരുങ്ങുകയും ചെയ്യുന്നു.

പ്രഭാതത്തിലും സന്ധ്യയ്ക്കും നമസ്ക്കാരത്തോടു ചേർന്നോ അല്ലാതെയോ നിശ്ചിത സമയം വേർതിരിച്ച് എല്ലാ ദിവസവും ദൈവം മുമ്പാകെ ചെലവഴിച്ച്, ദൈവവുമായി ഇടപെഴകി, നമ്മുടെ സ്വയത്തെ ത്യജിച്ച്, യേശുക്രിസ്തുവിന്റെ മനോഭാവങ്ങൾ പരമാവധി ഉൾക്കൊള്ളുമ്പോഴാണ് ഓരോ ദിവസവും നമുക്ക് പുതുക്കപ്പെട്ട ജീവിതം നയിക്കുന്നതിനു സാധിക്കുന്നത്. വ്യക്തിപരമായി ദൈവ സംസർഗം നടത്താത്തവരും രഹസ്യപ്രാർത്ഥനയിലൂടെ ശക്തി പ്രാപിക്കാത്തവരുമാണ് ആവേശകരമായി പ്രാർത്ഥിക്കുന്നതിനു കഴിവു നഷ്ടപ്പെട്ടവരായി തീരുന്നത്. അങ്ങനെയുള്ളവർ ചേരുന്ന പ്രാർത്ഥനാ കൂട്ടായ്മകൾ വിരസവും ബോറടിക്കുന്നതും ആയിത്തീരുന്നു. ഇതു കണക്കിലെടുത്തു കൊണ്ടുള്ള ബോധവൽക്കരണം ഇടവകതലത്തിലും വ്യക്തിപരമായ കൗൺസിലിംങ്ങിൽ കൂടിയും നൽകുന്നത് പ്രയോജനകരമാണ്. ഈ ശുശ്രൂഷകൾ എല്ലാം നമുക്ക് ഓരോരുത്തർക്കും ശരീരത്തോടുകൂടി ഇവിടെ എത്ര കാലത്തേയ്ക്കു നടത്തുന്നതിനു സാധിക്കുമെന്ന് നാം അറിയുന്നില്ല, ദൈവം മാത്രം അറിയുന്നു. അതുകൊണ്ട് ലഭ്യമായ സമയവും അവസരങ്ങളും കഴിയുന്നത്ര പ്രയോജനപ്പെടത്തി, സ്വയം ആത്മീയ ഔന്നത്യത്തിലേക്കു കരേറുന്നതിനും, സഹവിശ്വാസികളെ ആ വഴിക്കു പരിശീലിപ്പിക്കുന്നതിനും സ്ഥിരസ്വഭാവത്തോടുകൂടിയതും ക്രമമായും ഉള്ള കഠിനാദ്ധ്വാനം ആവശ്യമാണ്. ■

FIRST DEATH ANNIVERSARY

13th JUNE 2016

S. MATHEW

Elimil House
Kottampally PO,
Oachira, Kollam.
Rose-4, Fellowship Apts.,
Pestom Sagar, Chembur,
Mumbai-400 089.

Deeply Loved & Missed By:-
Annamma (Wife)
Jose, Meera, Sneha, Nikhita, Nikhil
Shaji, Sophi, Sherin, Steven
Wilson, Liza, Glenn
Friends & Relatives.

كنيسة القديس جريجوريوس الأرثوذوكسية
ST. GREGORIOS ORTHODOX CHURCH
P.O. Box : 2229, Sharjah - U.A.E.

അപേക്ഷകൾ ക്ഷണിക്കുന്നു

ത്രീയേക ദൈവത്തിനു സ്തുതി

ദൈവകൃപയാൽ പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ 1978 - ൽ ഷാർജയിൽ സ്ഥാപിതമായ, സെ.ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിലെ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഇടവക ചാരിറ്റി കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ, ഈ വർഷം രണ്ടു പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുക്കുന്നതിന് ആഗ്രഹിക്കുന്നു. അർഹമായ അപേക്ഷകൾ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയരായിട്ടുള്ള പെൺകുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും ക്ഷണിക്കുന്നു. 2016 ആഗസ്റ്റ് മാസം 15 - ാം തീയതിക്കു മുമ്പായി ഷാർജയിൽ ലഭിക്കത്തക്കവണ്ണം അപേക്ഷകൾ അയച്ചു തരേണ്ടതാണ്.

നിബന്ധനകൾ

1. പ്രായപൂർത്തിയായ പെൺകുട്ടികളുടെ, നിർധനരായ കുടുംബങ്ങളിൽ നിന്നുള്ള അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളു.
2. പുനഃർവിവാഹത്തിനുള്ള അപേക്ഷകളും, വിവാഹം നടന്ന അപേക്ഷകളും പരിഗണിക്കുന്നതല്ല.
3. അപേക്ഷകന് അടുത്ത കാലത്ത് ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കേറ്റിന്റെ ഒറിജിനലോ, പകർപ്പോ, റേഷൻ കാർഡിന്റെ പകർപ്പോ ഉണ്ടായിരിക്കണം.
4. പെൺകുട്ടിയുടെ ഇടവകയിലെ ബഹു. വികാരിയച്ചന്റെ ശുപാർശക്കത്ത് പള്ളിയുടെ ലെറ്റർഹെഡിൽ (സീലോടുകൂടി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
5. അപേക്ഷകനുമായി ബന്ധപ്പെടുവാനുള്ള അടുത്ത ടെലഫോൺ നമ്പരോ, ബഹു. ഇടവക വികാരിയച്ചന്റെ ടെലഫോൺ നമ്പരോ അപേക്ഷയിൽ കാണിച്ചിരിക്കണം.
7. ഷാർജ ഇടവകയിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൽ കിട്ടിയിട്ടുള്ള വ്യക്തികളുടെ അപേക്ഷകൾ ശുപാർശ ചെയ്യാതിരിക്കുവാൻ കഴിയുന്നതും ശ്രദ്ധിക്കണം.
   വധു മലങ്കര ഓർത്തഡോക്സ് സഭാംഗം ആയിരിക്കണം.
8. അറിയിപ്പ് കിട്ടുന്നതനുസരിച്ച് ഈ കത്തിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, പെൺകുട്ടികൾക്ക് അനുയോജ്യനായ യുവാവിനെ പെൺകുട്ടികളുടെ മാതാപിതാക്കൾ/രക്ഷിതാക്കൾ കണ്ടുപിടിക്കേണ്ടതും ആ വിവിരം ബഹു. ഇടവക മാനേജിംഗ് കമ്മിറ്റിയുടെ ശുപാർശകത്ത് സഹിതം 2016 ഒക്ടോബർ മാസം 30 - ാം തീയതിക്കു മുമ്പായി ബഹു. ഷാർജ ഇടവക വികാരിയച്ചനെ അറിയിച്ചിരിക്കേണ്ടതുമാണ്.
9. മേൽ വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക്, പത്ത് ദിവസത്തിനുള്ളിൽ, ഷാർജ ഇടവക ചാരിറ്റി കമ്മിറ്റി അംഗീകരിക്കുന്ന വിവരം അപേക്ഷകരെ അറിയിക്കുന്നതും, വിവാഹത്തിനുള്ള തീയതിയും മറ്റ് ക്രമീകരണങ്ങളും ചെയ്യാവുന്നതാണ്.
10. വിവാഹം നിശ്ചയിച്ച വിവരം, വധുവിന്റെ ഇടവക ബഹു. വികാരിയച്ചൻ അറിയിക്കുന്ന മുറയ്ക്ക്, സാമ്പത്തിക സഹായങ്ങൾ അപേക്ഷകന്റെ പേരിൽ, അതാത് ഇടവക ബഹു. വികാരിയച്ചൻ മുഖാന്തിരം നൽകുന്നതുമാണ്.
11. അറിയിപ്പ് കിട്ടുന്നതനുസരിച്ച് ബഹു. ഇടവക വികാരി സാക്ഷിപ്പെടുത്തിയ ഇടവകയിൽ നിന്നുള്ള ദേശകുറിയുടെ പകർപ്പ്/സാക്ഷ്യപത്രത്തിന്റെ പകർപ്പോ അയച്ചുതരണം.
12. അറിയിപ്പ് കിട്ടുന്നതനുസരിച്ച്, ഗുണഭോക്താവിന്റെ/അപേക്ഷകന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങൾ ലഭിക്കത്തക്കവിധത്തിൽ, ബാങ്ക് പാസ്സ്ബുക്കിന്റെ കോപ്പി അയച്ചു തരണം.
13. വരന്റേയോ, വധുവിന്റേയോ ഇടവക പള്ളിയിൽ വച്ച് വിവാഹം നടത്താവുന്നതാണ്.
14. ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക ചാരിറ്റി കമ്മിറ്റിയുടെ തീരുമാനങ്ങൾ അന്തിമം ആയിരിക്കും.

വധൂവരന്മാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

ദിർഹം 15,000.00 തത്തുല്യമായ തുക (ഏകദേശം 2,75,000.00 രൂപ)

a) 1,50,000.00 ഇൻഡ്യൻ രൂപയുടെ ഒരു ഫിക്സഡ് ഡിപ്പോസിറ്റ് വരന്റെയും, വധുവിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ടായി നിക്ഷേപിച്ച് നൽകുന്നു.
b) വധുവിന് 16 ഗ്രാമിന്റെ ഒരു മാലയും, വരനും വധുവിനും 6 ഗ്രാം വീതമുള്ള മോതിരവും ആഭരണമായി നൽകുന്നു. (ഏകദേശം 80,000.00)
c) വധുവിന് മന്ത്രകോടിക്കും, വിവാഹ സമയത്ത് ധരിക്കുന്നതിനുള്ള വസ്ത്രങ്ങൾക്കും മറ്റു ചെലവുകൾക്കുമായി 10,000.00 രൂപയും നൽകുന്നു
d) വിവാഹ ചെലവിലേക്കായി 35,000.00 രൂപ വിവാഹം നടത്തുന്ന പാർട്ടിക്ക് (വരൻ/വധു) നൽകുന്നു.

സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചാരിറ്റി കമ്മിറ്റിയ്ക്കുവേണ്ടി

ഫാ. അജി കെ. ചാക്കോ (വികാരി/പ്രസിഡന്റ്)

The Vicar
St. Gregorios Orthodox Church
P. O. Box : 2229, Sharjah, U.A.E.

വിജയികൾ



അഖില മലങ്കര സൺഡേസ്ക്കൂൾ ഹയർ സെക്കണ്ടറി വിഭാഗം ഉപന്യാസ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ ക്രിസ്റ്റോ നൈനാൻ. മാവേലിക്കര പുന്നമൂട് എം. ജി.എം. സൺഡേസ്ക്കൂൾ വിദ്യാർത്ഥി. ഫാ. നൈനാൻ ഉമ്മന്റെയും സൂസൻ നൈനാന്റെയും മകൻ.

അഖില മലങ്കര സൺഡേസ്ക്കൂൾ സെൻട്രൽ സോണിൽ സംഗീതത്തിന് രണ്ടാം സ്ഥാനം നേടിയ അങ്കുഷ് ആനി തോമസ് ബുധനൂർ സെന്റ്. ഏലിയാസ് ഇടവകയിൽ മാമ്പള്ളിൽ അനിയൻ തോമസിന്റെയും ജോയിസ് അനിയന്റെയും മകൻ.

സൺഡേസ്ക്കൂൾ സെൻട്രൽ സോൺ സബ് ജൂണിയർ സംഗീതത്തിന് ഒന്നാം സ്ഥാനം നേടിയ സെറിൻ എം. ലൂക്ക്. കടമ്പനാട് നസറേത്ത് സൺഡേസ്ക്കൂൾ വിദ്യാർത്ഥി. എടത്തുണ്ടിൽ ലൂക്കോസിന്റെ മകൾ.

ഡോക്ട്രേറ്റ്

പൂന സർവകലാശാലയിലെ National Centre For Cell Science (NCCS) ൽ നിന്ന് ബയോടെക്നോളജിയിൽ ഡോക്ട്രേറ്റ് നേടിയ ജിനുമേരി അജി ജോൺ. മുംബൈ ഭദ്രാസനത്തിൽ നാസിക് സെ. ജോർജ് ഇടവകാംഗമായ എസ്. മത്തായിക്കുട്ടിയുടെയും അച്ചാമ്മയുടെയും മകൾ. നാസിക്-ദേവ്ലാലി സെന്റ് മേരീസ് ഇടവകാംഗം അജി ജോണിന്റെ സഹധർമ്മിണി.

വിജയി

സൺഡേസ്ക്കൂൾ മത്സര പരീക്ഷയിൽ 6-ാം ക്ലാസ്സിൽ A+ നേടിയ അജോ കെ. ഐസക്ക്. കൊല്ലം ഭദ്രാസനത്തിൽ പുത്തൂർ സെന്റ് ജോർജ് വലിയ പള്ളി സൺഡേസ്ക്കൂൾ വിദ്യാർത്ഥി.

പൗരോഹിത്യ സുവർണ്ണ ജൂബിലി



പൗരോഹിത്യ സുവർണ്ണ ജൂബിലി ജൂൺ 8-ന് ആഘോഷിക്കുന്ന ചേപ്പാട് തണ്ടളത്ത് ഫാ. ടി. സി. ജോൺ. 1980 മുതൽ 2012 വരെ സഭാ മാനേജിംഗ് കമ്മിറ്റി അംഗമായിരുന്നു. കരിപ്പാൽ, കരുവാറ്റ, കാർത്തികപ്പള്ളി, ഹരിപ്പാട്, ഡാണാപ്പടി, പള്ളിപ്പാട്, ആനാരി, പുതിയകാവ്, ഏവൂർ പള്ളികളിൽ വികാരിയായിരുന്നു. ഹരിപ്പാട് മിഷൻ സെന്ററിന്റെ സ്ഥാപക പ്രസിഡന്റ്, സെ. തോമസ് ബാലഭവന്റെ പ്രസിഡന്റ്, ഡയറക്ടർ, പരുമല ആശുപത്രി കൗൺസിൽ അംഗം എന്നി നിലകളിലും പ്രവർത്തിച്ചു. കാരമുട്ടേൽ, മാതിരംപള്ളി, എരിക്കാവ് എന്നീ പള്ളികളുടെ സ്ഥാപക വികാരിയാണ്. ചേപ്പാട് സെ. ജോർജ് ഇടവകാംഗം.

ഇപ്പോൾ തഴക്കര സെമിനാരിയുടെ മാനേജർ, വികാരി, സ്നേഹലോകം മാസിക പബ്ലിഷർ. സഹധർമ്മിണി: റിബേക്കാ ജോൺ (റിട്ട. അദ്ധ്യാപിക) മക്കൾ: ചെറിയാൻ ജോൺ, ലേയാ ജോൺ. മരുമക്കൾ; പ്രീതി ജോൺ, കോടമ്പള്ളിൽ ജോഷ് സി. ബന്നി.

സുപ്പീരിയർ



കൊട്ടാരക്കര ചെങ്ങമനാട് ബേദ്ലഹേം ആശ്രമം സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട റവ. കെ. സഖറിയാ റമ്പാൻ. കോട്ടയം പഴയ സെമിനാരി മാനേജരുമാണ്.

ശുശ്രൂഷകനെ ആവശ്യമുണ്ട്

മുംബൈ ഭദ്രാസനത്തിലെ കല്യാൺ സെന്റ് തോമസ് വലിയ പള്ളിയിലേക്ക് ഒരു ശുശ്രൂഷകനെ ആവശ്യമുണ്ട്. മാന്യമായ ശമ്പളവും, താമസ സൗകര്യങ്ങളും ലഭിക്കുന്നതാണ്. വയസ്സ് 45-ൽ കവിയരുത്.

Contact:
Rev. Fr. Shaji Chacko, Cell. 09004519433

For Favours Received

Koshy Family

Skaria Kuriakose

ON THE LORD'S PRAYER

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ!



■ സഖേർ

ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണേ! നിലവിലുള്ള പ്രാർത്ഥനാസങ്കേതങ്ങളിലെ പിഴവുകൾക്കെതിരായി കലഹിച്ചുപോന്ന ക്രിസ്തുവിനോടാണ് ഇങ്ങനെയൊരു ആവശ്യം ഉന്നയിക്കപ്പെട്ടത്. പ്രാർത്ഥനകളിലെ നാടകീയതയും പ്രാർത്ഥിക്കുന്നവരുടെ കപടതയും പ്രകടനപരതയും ജല്പനങ്ങളും വാക്കുകളുടെ പെരുപ്പവുമെല്ലാം വിമർശനവിധേയമാക്കുന്നുണ്ട് തമ്പുരാൻ! നിങ്ങൾ യാചിക്കുന്നതിന് മുമ്പേ ആവശ്യങ്ങളറിഞ്ഞീടുന്ന കാരുണികന്റെ മുമ്പിലെ നില്പ് അഥവാ പ്രാർത്ഥന എന്നത് ആത്മശുദ്ധീകരണത്തിനും സ്വയ പ്രകാശനത്തിനും ദൈവീക സ്വഭാവത്തിലെ പങ്കാളിത്തത്തിനും വേണ്ടിയുള്ള പ്രയത്നങ്ങളാണെന്ന ആത്മബോധത്തിലേക്കാണ് താൻ പഠിപ്പിച്ച പ്രാർത്ഥനയിലൂടെ ക്രിസ്തു നയിക്കുക. സത്യത്തിൽ വ്യവസ്ഥാപിത സങ്കല്പങ്ങളുടെ ഒരു തകർക്കലാണ് ഇവിടെ സംഭവിക്കുക. യേശു അവരോട് പറഞ്ഞു: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ചൊല്ലേണ്ടിയത്:

Our Father

(ഞങ്ങളുടെ പിതാവേ!) ഒന്നാം വാക്ക്. അവർണ്ണനീയ ഗുണവിശേഷങ്ങൾക്കുടമയായ സർവ്വശക്തനായ ദൈവത്തോടുള്ള നമ്മുടെ ബന്ധത്തെ കുറിക്കുന്ന അഭിസംബോധന. ഒപ്പം പ്രാർത്ഥന ഒരു ബന്ധത്തിന്റെ പ്രവൃത്തിയാണെന്ന ഓർമ്മപ്പെടുത്തലുമാണ്. കാലാതിവർത്തിയായ ദൈവത്തെ അടുത്തറിയുന്നതുപോലെ ഒരു വിളി. ഞങ്ങളുടെ പിതാവേ! സകല മാനവരാശിയുടെ സൃഷ്ടാവിനോടുള്ള ഈ വാക്ക് മനുഷ്യവർഗ്ഗത്തിന്റെ സഹോദര്യത്തെയും ഏക പിതൃത്വത്തെയും കർത്തൃത്വത്തെയും സൂചിപ്പിക്കുന്നുണ്ട്. വിഭാഗീയതയുടെയും ഉച്ചനീചത്വത്തിന്റെയും വർത്തമാനങ്ങൾക്കിടയിൽ ഏറെ പ്രസക്തമായ സഹോദര്യത്തിന്റെ ആശയം ഉൾക്കൊള്ളുന്നു. പക്ഷേ, ബിഷപ്പ് ഡെസ്മണ്ട് ടുട്ടു പറഞ്ഞ മാതിരി, സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ സാഹോദര്യത്തിന്റെ വിശുദ്ധി സൂചിപ്പിക്കുന്നുവെന്ന് അവകാശപ്പെടുന്ന ചിലരുടെ പ്രാർത്ഥന കഴിഞ്ഞുള്ള പ്രവൃത്തി കണ്ടാൽ ദൈവം അവരുടെ അപ്പനും ശേഷിക്കുന്നവരുടെ രണ്ടാനപ്പനുമാണെന്ന് കരുതിപ്പോകുമത്രേ! മറ്റൊന്നു കൂടെയുണ്ട്, അപ്പാ എന്ന വിളിയിലൂടെ പുത്രത്വത്തിന്റെ അവകാശം മാത്രമല്ല; ഉത്തരവാദിത്വം കൂടെ നാമോർക്കേണ്ടതുണ്ട്. പിതാവ് വിശുദ്ധനായിരിക്കുന്നത്പോലെ നാമും വിശുദ്ധി കാത്തുസൂക്ഷിക്കേണ്ടതായിട്ടുണ്ട്. പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നാമും കരുണയുള്ളവരാകണം. ദൈവമക്കളെന്ന പദവിയുള്ള നമ്മുടെ അശുദ്ധിയെയും കരുണാരാഹിത്യത്തെയും വിലയിരുത്താൻ ഈ വിളി പ്രേരിപ്പിക്കുന്നു. നമ്മിൽ പാപബോധമുണർത്തുന്നു. അനുതാപത്തിലൂടെ അഹന്തയെ ശമിപ്പിക്കാൻ നിർബന്ധം ചെലുത്തുന്നു. സ്വയകേന്ദ്രീകൃത ബോധത്തിൽനിന്ന് ദൈവാശ്രയത്തിലേക്ക് നയിക്കുന്നു. ഞങ്ങളുടെ പിതാവേ എന്നൊരൊറ്റ വാക്കിൽ നിന്നാണ് ഇവയെല്ലാം!

Who art in Heaven

(ആകാശങ്ങളിലിരിക്കുന്ന!) സർവ്വവ്യാപിയായ ദൈവത്തെ ഏതെങ്കിലുമൊരു സ്ഥാനനിർണ്ണയത്തിലൂടെ പരിമിതപ്പെടുത്തുകയല്ല, മറിച്ച്, നമ്മുടെ ബോധത്തെ കുറെക്കൂടി ഉയർന്ന തലത്തിലേക്ക് ഉണർത്താനുള്ള ഒരു പദമായി ഈ വിശേഷണത്തെ ഗ്രഹിക്കേണ്ടതാണ്. ഇവിടെ ത്തന്നെ നമ്മുടെ ആന്തരിക പരിവർത്തനം ആരംഭിക്കുന്നു.

Hallowed be Thy Name

(നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ!) ദൈവത്തിന്റെ പേരെന്താണ് ? ഞാനാകുന്നവൻ ഞാനാകുന്നു എന്നതാണ് മോശയ്ക്ക് ലഭിച്ച ഉത്തരം. ത്രിത്വവ്യാകരണം ചമച്ച കപ്പദോക്യൻ പിതാക്കന്മാർ പറയുന്നു. വി. ത്രിത്വം എന്നത് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ മനുഷ്യൻ അനുഭവിക്കുന്ന ദൈവീക പ്രവർത്തനങ്ങൾക്ക് അവൻ നൽകിയ പേരുകളാണ് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. മനുഷ്യബുദ്ധിയുടെ പാരമ്യത്തിൽ അവൻ എത്തിച്ചേർന്ന പദമാണ് വി.ത്രിത്വം. അപരിമേയ ദൈവസത്തയുടെ വിശുദ്ധിയെക്കുറിച്ചുള്ള ഈ പരാമർശവും നമ്മുടെ അശുദ്ധാവസ്ഥകളുടെ തിരിച്ചറിവിലേക്കും അനുതാപത്തിലേക്കും നമ്മെ നയിക്കുന്നതാണ്.

Thy kingdom come

(നിന്റെ രാജ്യം വരേണമേ!) ഭൂമിയിലെ രാജ്യങ്ങൾക്കെല്ലാം അതിരുകളുണ്ട്. അതുകൊണ്ട് തന്നെ സ്നേഹ

ത്തിനും വെറുപ്പിനും സാധ്യതകളുണ്ട്. സംഘർഷങ്ങൾ സ്വഭാവികതയാകും. എന്നാൽ സ്വർഗ്ഗരാജ്യം എന്നത് നിത്യതയുടെ ബോധത്തിലേയ്ക്കാണ് നയിക്കുക. അതിർത്തികളും സംഘർഷങ്ങളും അന്യമായ സ്നേഹഭൂമിക. ദൈവരാജ്യം ദൈവേഷ്ടം നടപ്പിലാക്കുന്ന ഇടമാണ്. നമ്മുടെ ഹൃദയങ്ങൾ തന്നിഷ്ടങ്ങൾക്ക് പകരം ദൈവഹിതം അന്വേഷിച്ച് സ്വർഗ്ഗങ്ങളായിത്തീരേണ്ടതിനെയും ഈ പ്രാർത്ഥന ഓർമ്മിപ്പിക്കുന്നു.

Thy will be done on earth as it is in heaven

(നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ!)

ദൈവരാജ്യവും ദൈവഹിതവും അഭേദ്യബന്ധം പുലർത്തുന്നവാക്കുകളാണ്. ഇത് വീണ്ടെടുപ്പിന്റെ ചരിത്രം അനുസ്മരിപ്പിക്കുന്ന പ്രാർത്ഥനാവരിയാണ്. ദൈവഹിതത്തിന്റെ അനുസരണം. മനുഷ്യൻ കാലിടറി വീണതും മനുഷ്യൻ വീണ്ടെടുക്കപ്പെടുന്നതും ഇതേ ഇടത്തിലാണ്. ദൈവഹിതത്തിന് മുകളിൽ സ്വന്തഹിതം വയ്ക്കുമ്പോൾ ആദം വീഴുന്നു. സ്വഹിതത്തിന് മുകളിൽ ദൈവഹിതം വയ്ക്കുന്നതിലൂടെ രണ്ടാം ആദമായ ക്രിസ്തു നമ്മെ വീണ്ടെടുക്കുന്നു. സ്വേച്ഛയുടെ വാരിക്കുഴികളെ ഈ പ്രാർത്ഥന കാട്ടിത്തരുന്നു. ദൈവമായിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപിടിക്കാതെ തന്നെത്താൻ താഴ്ത്തി കുരിശിലെ മരണത്തോളം അനുസരണ കാട്ടിയ ക്രിസ്തുവാണ് നമ്മുടെ പരമദൃഷ്ടാന്തം. ക്രിസ്തു സദൃശ്യമായ അനുസരണമാണ് ഈ പ്രാർത്ഥന നമ്മുടെ ജീവിതത്തോട് ആവശ്യപ്പെടുക. ആഥോസിലെ സന്യാസിമാരിലൊരുവൻ ഇങ്ങനെ പറയുന്നു, ദൈവകൽപ്പനയെ മനുഷ്യൻ അനുസരിക്കുക മൂന്ന് വിധത്തിലാണ്. ഒന്നാമത്, ശിക്ഷയോടുള്ള ഭയം മൂലം, അത് അടിമത്തപരമായ നിലയാണ്. രണ്ട്, പ്രതിഫലമാഗ്രഹിച്ചുകൊണ്ടുള്ള വേല; അത് വേതന വ്യവസ്ഥയിലുള്ള ബന്ധം പോലെയാണ്. മൂന്നാമത്, ശുദ്ധവും നിസ്വാർത്ഥവുമായ സ്നേഹത്തെപ്രതി. ഇതാണ് ക്രിസ്തുവിന്റെ രീതിശാസ്ത്രം. താൻ സ്വമനസ്സാലെ അഥവാ തിരുമനസ്സായ പ്രകാരമാണ് സ്വർഗ്ഗത്തിൽ നിന്നിറങ്ങിയത്. അത്രമേൽ ലോകത്തെ സ്നേഹിക്കയാൽ! സന്യാസ പാരമ്പര്യങ്ങളിലെ അനുസരണവ്രതം ഏറെ പ്രസക്തമാണ്. കാണപ്പെടുന്ന ഗുരുവിന്റെ മുമ്പിൽ സ്വേച്ഛയുടെ സമസ്ത താല്പര്യങ്ങളും പരിഗണനകളും സമ്പൂർണ്ണമായി അടിയറവെയ്ക്കാൻ ശീലിക്കുന്നതിലൂടെ ഒരുവൻ കാണപ്പെടാത്ത ദൈവത്തെയാണ് അനുസരിക്കാൻ പഠിക്കുക. മാബൂഗിലെ പീലക്സിനോസ് പറയുന്നു, 'humiliity is the daughter of obedience, which is the attitude of a monk'. ദൈവഹിതാനുസരണം ആത്യന്തികമായി മാനവരാശിയുടെ അടിസ്ഥാനപരമായ ആതുരതകൾക്ക് ഒരൗഷധം തന്നെയാണ്. മറ്റൊരുവിധത്തിൽ, 'നിന്റെ ഹിതം പോലെ' എന്നത് ഒരു തിരിച്ചറിവിന്റെയും സമചിത്തതയുടെയും പ്രാർത്ഥനകൂടെയാണ്. ജീവിതത്തിൽ കൃപ നിറയുമ്പോഴും, മറ്റു ചിലപ്പോൾ പരാജയങ്ങൾ രുചിക്കുമ്പോഴും മാനാപമാനങ്ങൾ മാറിമാറി വരുമ്പോഴും രോഗദുരിതമേറുമ്പോഴും ഏത് സാഹചര്യങ്ങളിലും ദൈവഹിതമാണ് നിറവേറ്റപ്പെടുന്നതെന്ന ബോധ്യം നമ്മിലുണർത്തുന്ന സകല ബുദ്ധിയെയും കവിയുന്ന ദൈവികസമാധാനത്തിന്റെ പ്രാർത്ഥനയാണിത്. സ്വാശ്രയവും നിഗളവുമെന്ന പാഠങ്ങളിൽ നിന്ന് വിനയത്തിന്റെ രാജപാതയിലേയ്ക്ക് നമ്മെ നയിക്കുന്ന അപേക്ഷയുമാണ്.

> കാണപ്പെടുന്ന ഗുരുവിന്റെ മുമ്പിൽ സ്വേച്ഛയുടെ സമസ്ത താല്പര്യങ്ങളും പരിഗണനകളും സമ്പൂർണ്ണമായി അടിയറവെയ്ക്കാൻ ശീലിക്കുന്നതിലൂടെ ഒരുവൻ കാണപ്പെടാത്ത ദൈവത്തെയാണ് അനുസരിക്കാൻ പഠിക്കുക.

Give us this day our daily bread

(ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നും തരണമേ!) അപ്പം രണ്ട് കാര്യങ്ങളെ സൂചിപ്പിക്കുന്നു. ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളെയും സത്താപരമല്ലാത്ത ആവശ്യങ്ങളുടെ നിരാകരണവും! വയലിലെ പുല്ക്കൊടിയെപ്പോലും കരുതുമെന്ന് പറഞ്ഞവൻ പിന്നെയെന്തിന് സൃഷ്ടിയുടെ മകുടമായ മനുഷ്യനോട് അപ്പത്തിനുവേണ്ടി യാചിക്കാൻ പഠിപ്പിക്കുന്നു. ഒരുപക്ഷേ, ജീവൻ നല്കുന്നവനും അത് സമൃദ്ധിയായി നല്കുന്നവനും ദൈവമാണെന്ന വിവേകത്തിൽ നിന്നൊരു മറവി ഉണ്ടാകാതിരിപ്പാൻ ഈ പ്രാർത്ഥന നമ്മെ സഹായിച്ചേക്കും ! ഒപ്പം 'ഞങ്ങൾക്ക് തരണമേ' എന്ന ഉച്ചരിക്കുമ്പോൾ വൈയക്തിമായ ഒരാവശ്യം നേടിയെടുക്കലിനുപരി മാനവികതയുടെ സാമൂഹിക മാനത്തെയും ഓർമ്മിപ്പിക്കുന്നുണ്ട്. ആദാമിനെ ഉണ്ടാക്കുന്നത് വരെ നല്ലത് എന്ന് പറഞ്ഞ ദൈവം ആദമിന്റെ കാര്യത്തിൽ അവൻ ഏകനായിരിക്കുന്നത് 'നല്ലതല്ല' എന്ന് വ്യക്തമാക്കുന്നുണ്ട്. മനുഷ്യജീവിതത്തിന്റെ സാമൂഹികമാനവും പാരസ്പര്യവും ഈ പ്രാർത്ഥനയും വെളിപ്പെടുത്തുന്നു. പങ്കിടീലിലും കൂട്ടായ്മയിലുമാണ് ആനന്ദവും വിശുദ്ധിയും കണ്ടെത്താനാവുക. മാക്സിമോസിനെപ്പോലെയുള്ളവർ 'ഇന്ന്' (The day) എന്ന പദത്തിന് 'വർത്തമാനകാല ചരിത്രം' (present history) എന്ന് വരെ അർത്ഥം നല്കുന്നുണ്ട്! സഭാപിതാക്കന്മാർ വ്യവഹാരിക അർത്ഥത്തിനുമപ്പുറത്തേക്കാണ് സഞ്ചരിക്കുക. ഈ ചരിത്രത്തിലെ നമ്മുടെ അപ്പം ക്രിസ്തു തന്നെയാണ് അവരെ സംബന്ധിച്ചിടത്തോളം! വി. യാക്കോബിന്റെയും വി. ബസേലിയോസിന്റെയും വി. ജോൺ ക്രിസോസ്റ്റത്തിന്റെയുമൊക്കെ വി. കുർബ്ബാന തക്സാകളിൽ കർത്തൃപ്രാർത്ഥനയുടെ സ്ഥാനം നോക്കുക. നാം സമർപ്പിക്കുന്ന അപ്പവീഞ്ഞുകൾ തിരുശരീരരക്തങ്ങളായിത്തീരുന്ന വി. ബലിയനുഷ്ഠാനത്തിന്റെ അവസാനഭാഗത്തായും ജനസമൂഹം വി. കുർബ്ബാന സ്വീകരിക്കുന്നതിന് തൊട്ട് മുമ്പിലായുമാണ് സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ചൊല്ലുക. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവനുള്ള അപ്പമായ ക്രിസ്തുവിന്റെ സാന്നിദ്ധ്യബോധത്തോടെ 'ഇന്നും' ചെലവിടുവാൻ ഈ പ്രാർത്ഥന നമുക്ക് മുഖാന്തിരമാവണം.

And Forgive our trespasses, as we forgive those who trespass against us

(ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ!)

ക്ഷമ യാചിക്കുക എളുപ്പമാണ്. ക്ഷമിക്കുക അത്ര അനായസകരമായ ഒരു പ്രവൃത്തിയല്ലതാനും. ഒരു നിബന്ധന

ഈ വരികളിലുണ്ട്. നാം ക്ഷമിക്കുന്നതുപോലെ എന്നാണ് നാം ഏറ്റുപറയുക. നാം ക്ഷമിച്ചില്ലെങ്കിൽ ഞങ്ങളോട് ക്ഷമിക്കേണ്ടതില്ല എന്നൊരർത്ഥവും വന്നുപോകുന്നു, അല്ലേ! സത്യത്തിൽ ക്ഷമയുടെ കലയാണ് ഇവിടെ അഭ്യസിപ്പിക്കുക. ദൈവിക ക്ഷമയുടെ ലാവണ്യം നോക്കുക. അവൻ സമൃദ്ധിയായി ക്ഷമിക്കുന്നു. അളവു കൂടാതെയും വാദിക്കാതെയും എല്ലായ്പ്പോഴും ക്ഷമ നൽകാൻ ഒരുക്കമുള്ളവനാണ്. ശിക്ഷാർഹന്മാരോട് ഉദാസീനത കാണിക്കുന്നവനാണ്. ക്ഷമയുടെ 'ദൈവിക ശൈലി' വെളിപ്പെടുത്തുന്ന ഉപമയാണ് ധൂർത്തപുത്രന്റേത്. അവന്റെ മടങ്ങിവരവിന്റെ ആഘോഷം നോക്കുക. കഴുകിവെടിപ്പാക്കൽ. പുതുവസ്ത്രമണിയിക്കൽ, മോതിരങ്ങൾ, പാദരക്ഷകൾ, സമൃദ്ധിയായ വിരുന്നൊരുക്കൽ! ശ്രദ്ധിക്കുക, വീണുപോയ മനുഷ്യനെ വീണ്ടെടുത്ത് ദൈവരാജ്യത്തിന്റെ പ്രത്യക്ഷ പ്രതീകമായ സഭയിൽ ചേർക്കുമ്പോഴും മാമോദീസായിലൂടെ ക്രിസ്തുവിനെ ധരിപ്പിച്ച് അനശ്വരതയുടെ വാസ്ത്രമണിഞ്ഞ് നിത്യവിരുന്നിലേക്ക് സംബന്ധികളാക്കുന്നു. സത്യത്തിൽ ഓരോ കൂദാശാ സ്വീകരണവും ഓരോ മടങ്ങിവരവുകൾ കൂടെയാണ്. ദൈവത്തോടുള്ള ക്ഷമ ചോദിക്കലുമാണ്!

And Lead us not into temptation, but deliver us from evil

(പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ! പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമെ!) പ്രലോഭനമാണ് ആദമിനെ വിശ്വാസത്യാഗത്തിലേയ്ക്കാഴ്ത്തുക. സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണ് പരീക്ഷയിലകപ്പെടൽ ! നന്മയെ അനുസരിക്കുന്നതിനും നന്മയിൽ വളരുന്നതിനും നന്മയെ തെരഞ്ഞെടുക്കുന്നതിനുള്ള വിവേചനബുദ്ധി (discernment) ദൈവം നല്കിയിട്ടുണ്ട്. വിവേചനബുദ്ധിയും വിധിനിർണ്ണയബുദ്ധിയും (judgement) രണ്ടാണ്. ക്ഷമയെക്കുറിച്ചുള്ള വരിയും പരീക്ഷയെക്കുറിച്ചുള്ള വരിയും തമ്മിൽ വി. മാക്സിമോസ് ബന്ധപ്പെടുത്തുന്നു. നമ്മോട് അതിക്രമം കാട്ടിയവരെ വിധിക്കാനുള്ള ഒരു വിചാരത്തിലേയ്ക്ക് നാം എത്തിച്ചേരുന്ന നില തന്നെ ഒരു പ്രലോഭനമാണെന്ന് അദ്ദേഹം പറയുന്നു. അത്തരം തിന്മകൾ അദ്ധ്യാത്മികമായ നമ്മുടെ പ്രതിരോധശേഷിയെത്തന്നെ നശിപ്പിക്കുകയാണ്. എന്നാൽ, ഗുണപരമായ ചില പരീക്ഷകളുണ്ടെന്ന് ചില സന്യാസപിതാക്കന്മാർ ഓർമ്മിപ്പിക്കുന്നുണ്ട്. ദൈവാശ്രയത്തിൽ കൂടുതൽ കരുത്തരാവാനുള്ള അവസരങ്ങൾ കൂടെയാണ് പരീക്ഷകൾ എന്നവർ പറയുന്നു. പരമനന്മയായ ദൈവത്തിലേയ്ക്കുള്ള സത്യാന്വേഷണ പാതയിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കുന്നതെന്തും തിന്മയുടെ മുഖമാണ്. ആ ശത്രുവിൽ നിന്നുള്ള രക്ഷയും ഈ പ്രാർത്ഥന ആവശ്യപ്പെടുന്നു.

For Thine is the kingdom, and the Power, and the Glory; for ever and ever, Amen

(എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു, ആമേൻ!) വി. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇല്ലാത്തവരികൾ. എന്നാൽ വി. മത്തായിയുടെ സുവിശേഷം രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. തിന്മയോടുള്ള നിരന്തരസമരത്തിലെ സകല വിജയവും അവന്റെ രാജ്യത്തിന് വേണ്ടി അവന്റെ ശക്തിയാൽ നേടുന്നതാകയാൽ അവന്റെ മഹത്വത്തിന് വേണ്ടിയുള്ളതാകുന്നു. ആമേൻ. ഈ പ്രാർത്ഥനയും അതിന്റെ ധ്യാനവും കൂടുതൽ ക്രിസ്തുസ്വഭാവത്തിലേയ്ക്കുള്ള നമ്മുടെ വളർച്ചയ്ക്ക് കാരണമായിത്തീരേണ്ടതുണ്ട്. അല്ലാത്തപക്ഷം, വാക്കുകളുടെ ജല്പനങ്ങളെക്കുറിച്ചുള്ള ക്രിസ്തു വിലാപം നമ്മിലും അന്വർത്ഥമാകാനിടയുണ്ട് സഖേ !

അവലംബം : 1. Reflections on the Lord's prayer, Daniel J. Sahas, Holy Cross Orthodox Press, Boston 2004 2. Our Father by Alexander Schmemann, St. Vladimir's Seminary Press, New York 2002

മലങ്കരസഭ മാസിക

സപ്തതി

ഏലൂർ: മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ മലങ്കരസഭ മാസികയുടെ സപ്തതി ആഘോഷം നടന്നു. ഇതിന്റെ ഭാഗമായി 70 വരിക്കാരെ ചേർത്തതിന്റെ രേഖകൾ പ്രമോട്ടർ ടി. കൊച്ചു ജോർജ്, വികാരി ഫാ. എ.വി. മാത്യൂസ് കോറെപ്പിസ്ക്കോപ്പ എന്നിവർ സർക്കുലേഷൻ മാനേജർ കെ. എ. ജോണിനു കൈമാറി. ഫാ. മൊബിൻ വർഗീസ്, ഫാ. ജോസഫ് സണ്ണി ജോൺ, എം.ടി. പോൾ എന്നിവർ പ്രസംഗിച്ചു.

സം|ഭാ|ഷ|ണം

മലങ്കര ഓർത്തഡോക്സ് സഭയുടെ രണ്ടായിരം വർഷത്തെ ചരിത്രം വസ്തുനിഷ്ഠവും അടിസ്ഥാനപരവുമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഡോ. സി.വി. ചെറിയാൻ എഴുതിയ ഓർത്തഡോക്സ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യ (Orthodox Christianity in India) എന്ന കൃതി, മലങ്കരസഭയുടെ സ്വാതന്ത്ര്യവും സ്വയശീർഷകത്വവും വെളിപ്പെടുത്തുന്നു. അദ്ധ്യാപകൻ, ഗവേഷകൻ, ചരിത്രം, രാജ്യാന്തരബന്ധങ്ങൾ എന്നീ വിഷയങ്ങളിൽ നിരവധി ഗവേഷണം നടത്തിയ അനുഭവജ്ഞാനം ഈ കൃതിയെ മഹത്വരമാക്കുന്നുന്നു - പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ 'Orthodox Christianity in India' എന്ന കൃതിക്ക് 2003-ൽ എഴുതിയ ഈ ആമുഖം ഡോ. സി.വി. ചെറിയാന്റെ അക്കാദമിക്ക് പാരമ്പര്യത്തെ വെളിപ്പെടുത്തുന്നു.

ഇന്ത്യ ചരിത്രം, സംസ്ക്കാരം, രാജ്യാന്തരബന്ധങ്ങൾ, സഭാചരിത്രം തുടങ്ങിയ വിഭാഗങ്ങളിൽ ആഗാധപാണ്ഡിത്യം നേടിയ ഡോ. സി. വി. ചെറിയാൻ മധുരിക്കുന്ന സ്മരണകൾ ഇവിടെ പങ്കിടുന്നു. പഠനം, ഗവേഷണം, അദ്ധ്യാപനം തുടങ്ങിയ മേഖലകളിലേയ്ക്ക് ഉയരുവാൻ ആഗ്രഹകിക്കുന്ന തലമുറയ്ക്ക് ഡോ. ക്ലേറി സി. വി. ചെറിയാന്റെ ജീവിതം മാതൃകാപരമാണ്. ഹൃസ്വമായ ചരിത്രസ്പന്ദനങ്ങൾ:

വിദ്യാഭ്യാസം

പ്രൈമറി വിദ്യാഭ്യാസം ചെങ്ങന്നൂർ എണ്ണയ്ക്കാട് ഗവ. എൽ.പി.സ്ക്കൂൾ, ഹൈസ്ക്കൂൾ, എൻ.എസ്. ഹൈസ്ക്കൂൾ മാന്നാർ. കോട്ടയം സി.എം.എസ്. കോളേജിൽ ഇന്റർമീഡിയേറ്റ്. ബി.എ.യും എം.എ.യും (ഹിസ്റ്ററി) യൂണിവേഴ്സിറ്റി കോളജ്, തിരുവനന്തപുരം. പി.എച്ച്.ഡി. കേരളാ സർവ്വകലാശാലയിൽ നിന്നും ലഭിച്ചു (1971).

ഗവേഷണം

1953-ൽ കോട്ടയം സി.എം.എസ്. കോളജിൽ ഹിസ്റ്ററി അദ്ധ്യാപകനായി. 'അമേരിക്കയും കൊറിയയും തമ്മിലുള്ള രാജ്യാന്തര ബന്ധങ്ങൾ (1945-1960)' എന്നതായിരുന്നു ഗവേഷണ പ്രബന്ധം.

ഹൈദരാബാദിലെ അമേരിക്കൻ ഗവേഷണപഠന കേന്ദ്രം, ഡൽഹിയിലെ രാജ്യാന്തര ബന്ധങ്ങളുടെ ലൈബ്രറി, ഹാരി എസ്. ട്രൂമാൻ ലൈബ്രറി,

ഡോ. സി.വി. ചെറിയാന്റെ ചരിത്രസ്പന്ദനങ്ങൾ

ഇന്ത്യ ചരിത്രം, സംസ്ക്കാരം, രാജ്യാന്തരബന്ധങ്ങൾ, സഭാ ചരിത്രം തുടങ്ങിയ വിഭാഗങ്ങളിൽ ആഗാധപാണ്ഡിത്യം നേടിയ ഡോ. സി. വി. ചെറിയാൻ മധുരിക്കുന്ന സ്മരണകൾ പങ്കിടുന്നു. പഠനം, ഗവേഷണം, അദ്ധ്യാപനം തുടങ്ങിയ മേഖലകളിലേയ്ക്ക് ഉയരുവാൻ ആഗ്രഹിക്കുന്ന തലമുറയ്ക്ക് നവതിനിറവിലായ ഡോ. ക്ലേറി സി.വി. ചെറിയാന്റെ ജീവിതം മാതൃകാപരം.



DR. C.V. CHERIAN

വാഷിംഗ്ടൺ ഡി.സി. എന്നിവടങ്ങളിൽ ഗവേഷണം നടത്തി. ഇതിനായി 'ഫുൾ ബ്രൈറ്റ് സ്കോളർഷിപ്പ്' ലഭിച്ചിരുന്നു.

സി.എം.എസ്.കോളജിൽ ഹിസ്റ്ററി വിഭാഗത്തിൽ വകുപ്പ് അദ്ധ്യക്ഷനായിരുന്നു. 1983-ൽ കോട്ടയത്ത് മഹാത്മാ ഗാന്ധി സർവ്വകലാശാല ആരംഭിച്ചപ്പോൾ അവിടെ 'സ്ക്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് വകുപ്പ്' ഡയറക്ടറായി ചുമതല എടുത്തു. എം. ജി. സർവ്വകലാശാലയിൽ സോഷ്യൽ സയൻസ് വിഭാഗത്തിൽ ഫാക്കൽറ്റി ഡീൻ ആയും പ്രവർത്തിച്ചു. 1990-ൽ വിരമിച്ചു.

പ്രധാനപ്പെട്ട രചനകൾ

ചരിത്രം, രാജ്യാന്തര ബന്ധങ്ങൾ, സഭാചരിത്രം എന്നീ പഠന വിഭാഗങ്ങളിൽ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്.

ഇന്ത്യാചരിത്രം, ജപ്പാനും കൊറിയകളും, അമേരിക്കൻ ചരിത്രസംഗ്രഹം, *Collective Security and the United Nations; A Study of the Koerean Experience, A History of Christianity in Kerala from the Mission of St. Thomas to the Arrival of Vasco da Gama AD 52-1498, Ancient India, Indian History Vol I & II, Contemporary World History, Medieval India, Modern India*എന്നിവയാണ് പ്രധാന കൃതികൾ.

ഇതിൽ പല ഗ്രന്ഥങ്ങളും കോളേജ്, യൂണിവേഴ്സിറ്റി തലങ്ങളിലെ പാഠപുസ്തകങ്ങൾ ആയിരുന്നു. ഇവ കൂടാതെ വിവിധ വിഷയങ്ങളിൽ നിരവധി ഗവേഷണ പ്രബന്ധങ്ങളും എഴുതിയിട്ടുണ്ട്.

കോറൂയോ സ്ഥാനം ലഭിച്ചത് വിശദീകരിക്കാമോ?

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി നൽകിയ സ്ഥാനമാണ് കോറൂയോ. ഇത് 1941-ലാണ്. അപ്പോൾ എനിക്ക് പന്ത്രണ്ട് വയസ്സുമാത്രം. ഈ കോറൂയോ സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞ് വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷിക്കുവാനുള്ള ഭാഗ്യം ലഭിക്കുന്നു. പതിവായി ഞാൻ ഇടവക പള്ളിയിലെ ആരാധനയിൽ പങ്കെടുക്കും. ഇപ്പോൾ അവസരം ലഭിക്കുമ്പോഴെല്ലാം മാതൃദേവാലയമായ പെരിങ്ങിലിപ്പുറത്ത് ആരാധനയ്ക്കായി പോകുന്നു.

ചരിത്രപഠനം എന്തിന്?

ഭൂതകാലം അറിയാതെ ഇന്നിനെ അറിയുവാൻ സാധിക്കുകയില്ല. കൂടുതൽ നല്ല ഭാവിക്കുള്ള ആസൂത്രണവും അസാദ്ധ്യമാകുന്നു. ചരിത്രരചനയിൽ പലരും സ്വന്തം നിലപാട് സാധൂകരിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ചരിത്രരചന ഫലപ്രദമാകുന്നത് സത്യത്തിന്റെ അടിസ്ഥാനത്തിൽ ആകുമ്പോൾ മാത്രമാണ്.

രാജ്യാന്തരബന്ധങ്ങളിലെ പ്രസക്തി എത്രമാത്രമാണ്?

ഒരു രാജ്യത്തിനും സ്വയമായി നിലനിൽപ്പില്ല. അയൽരാജ്യങ്ങളുമായും ഇതരരാഷ്ട്രങ്ങളുമായുള്ള ബന്ധങ്ങളിൽക്കൂടി മാത്രമാണ് ഏതൊരു രാജ്യത്തിനും സ്വന്തം വളർച്ച പ്രയോജനകരമായി സാക്ഷാത്കരിക്കുവാൻ കഴിയൂ.

ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് പരസ്പരം സഹായവും സഹകരണവും ആവശ്യമായിരിക്കുന്നതുപോലെ കുടുംബങ്ങൾക്കും രാഷ്ട്രങ്ങൾക്കും ഇതര കുടുംബങ്ങളുടെയും രാഷ്ട്രങ്ങളുടെയും സഹകരണവും സൗഹൃദബന്ധങ്ങളും അനുപേക്ഷണീയമാകുന്നു.

പ്രാചീന കാലത്ത് ഇന്ത്യ സാംസ്ക്കാരിക അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നു. അതിനാൽ വിദേശത്തുനിന്നും അനേകർ ഇവിടേയ്ക്ക് വന്നിരുന്നു. ലോകരാഷ്ട്രങ്ങളുമായുള്ള ബന്ധം ആദിമുതൽ തന്നെ ഇന്ത്യ വളർത്തിയിരുന്നു. മെച്ചപ്പെട്ട രാജ്യാന്തരബന്ധങ്ങൾ നിലനിർത്തുവാനുള്ള ഉത്തരവാദിത്വവും രാഷ്ട്രത്തിനുണ്ട്. ഈ രംഗത്ത് കൂടുതൽ ഗവേഷകരും പഠിതാക്കളും വളർന്നുവരണം.

ജീവിതത്തെ നയിക്കുന്ന ദർശനം എന്താണ്?

ഒരു മനുഷ്യനും സ്വയമായി അയാളുടെ ജീവിതനിയോഗം സാക്ഷാത്കരിക്കുവൻ സാദ്ധ്യമല്ല. ജീവിതഗതിക്ക് രൂപഭാവങ്ങൾ നൽകുന്ന ഒരു ദൈവികത ഉണ്ട്. അതിലുള്ള വിശ്വാസം ഉണ്ടാകണം. എന്തു സംഭവിച്ചാലും അത് നന്മയ്ക്കായി ഒത്തുചേർന്നു വ്യാപരിക്കും എന്ന ബോധ്യം ഉണ്ടാകണം. ഇത് ജീവിത സമാധാനത്തിന് അനുപേക്ഷണീയമാകുന്നു.

കുടുംബം?

ഭാര്യ: മല്ലപ്പള്ളി പൗവ്വത്തിക്കുന്നിൽ വടക്കേക്കര കുഞ്ഞമ്മ ചെറിയാൻ.

മക്കൾ; സെറിനാ ഈപ്പൻ (അദ്ധ്യാപിക), പരേതയായ അനീന ചെറിയാൻ, എലിസബത്ത് ജോർജ് (തിരുവനന്തപുരം)

മക്കളും നാലു കൊച്ചുമക്കളും. കോട്ടയത്ത് വിശ്രമ ജീവിതം നയിക്കുന്നു.

- ഫാ. കരിങ്ങാട്ടിൽ ■

SOPANA ACADEMY

ഇടവകേതര ശുശ്രൂഷ വികസിപ്പിക്കണം

■ പരിശുദ്ധ കാതോലിക്കാ ബാവാ

കോട്ടയം: മലങ്കരസഭയിൽ ഇടവകേതര വൈദിക ശുശ്രൂഷകൾ വികസിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിക്കണമെന്ന് പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ പ്രസ്താവിച്ചു.

അതിർത്തികൾക്കപ്പുറത്തേക്കുള്ള ശുശ്രൂഷയും ദൗത്യം എന്ന വിഷയത്തിൽ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിലെ സോപാന അക്കാദമിയിൽ നടന്ന ത്രിദിന വേദശാസ്ത്ര സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പ. ബാവ.

വൈദികരുടെ ജീവിതവും ശുശ്രൂഷയും ദൈവത്തേയും സഭയേയും ശുശ്രൂഷിക്കുവാനുള്ളതാണ്. അതിനുള്ള എല്ലാ വെല്ലുവിളികളേയും അതിജീവിക്കുവാൻ കഴിയണം. ഇടവകേതരമായ വ്യത്യസ്ത ശുശ്രൂഷകൾ കണ്ടെത്തുവാൻ കഴിയണം. അത് സഭയ്ക്കും പൊതുസമൂഹത്തിനും പ്രയോജനകരമാകണം. വേദശാസ്ത്ര അഭ്യസനത്തിൽ വൈദികനാകുക എന്ന ഒറ്റ ലക്ഷ്യം മാത്രമാകരുത്. ഇടവകേതര ശുശ്രൂഷകൾ കണ്ടെത്തി പ്രതിബദ്ധതയോടെ പ്രവർത്തിക്കണം. ഇത്തരം പുതിയ ചിന്തകൾക്കും അന്വേഷണങ്ങൾക്കും വിത്തിടുവാൻ സോപാന അക്കാദമി പ്രയോജനപ്പെടുന്നതിൽ സന്തോഷിക്കുന്നു എന്ന് പ. ബാവ പറഞ്ഞു.

ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഫാ. ഡോ. റ്റി. ജെ. ജോഷ്വ, ഫാ. ഡോ. കെ.എം. ജോർജ്, കുരുവിള എം. ജോർജ് എന്നിവർ പ്രസംഗിച്ചു.

വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾക്ക് ഡോ. തോമസ് മാർ അത്താനാസിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് എന്നീ മെത്രാപ്പോലീത്തന്മാർ മുഖ്യ നേതൃത്വം നൽകി.

ഫാ. സഖറിയാ നൈനാൻ, ഫാ. ഡോ. വർഗീസ് വർഗീസ് എന്നിവർ ബൈബിൾ ക്ലാസ് നയിച്ചു. ഫാ. ഫിലിപ്പ് കുരുവിള, ഫാ.ഡോ. റെജി മാത്യു, ഫാ. ഡോ. എബ്രഹാം ഉമ്മൻ, ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, പ്രൊഫ. മേഴ്സി ജോൺ, ഫാ. ജോൺ മാത്യു, ഫാ. ജോഷി വർഗീസ്, ഫാ. തോമസ് വർഗീസ് ചാവടിയിൽ, ഫാ. എബ്രഹാം തോമസ്, ഫാ. അശ്വിൻ ഫെർണാണ്ടസ്, ഫാ. ഡോ. കോശി വൈദ്യൻ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

നേതൃത്വത്തെക്കുറിച്ച് നടന്ന സംവാദത്തിൽ സഭാ മാനേജിംഗ് കമ്മറ്റിയംഗം ഡോ. വർഗീസ് പുന്നൂസ് മോഡറേറ്ററായിരുന്നു. പുതിയ തലമുറയുടെ ആത്മീയ നവോത്ഥാനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്താൻ കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. 'ക്രിസ്തുദർശനം ഉൾക്കൊണ്ട് സമൂഹത്തിലും സഭയിലും പ്രവാചക ബോധ്യത്തോടെ പ്രവർത്തിക്കുന്നവർ വളർന്നു വരണം. സമകാലീക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവയോട് ക്രിയാത്മകമായി പ്രതികരിച്ച് നൂതന കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുവാൻ കഴിയണം. വിശുദ്ധിയും നന്മയും നിറയുന്ന നേതാക്കന്മാരെ സൃഷ്ടിക്കുവാൻ സാധിക്കണം. നല്ല നേതൃത്വ വൈഭവം ലഭ്യമാകതക്കരീതിയിൽ ഹ്രസ്വവും ദീർഘവുമായ കോഴ്സുകൾ നേതൃത്വത്തിലേക്കെത്തുവാൻ ആഗ്രഹിക്കുന്ന പുതിയ തലമുറയ്ക്ക് നൽകുവാൻ കഴിയും. സഭയുടെ വിവിധ പ്രവർത്തനങ്ങളിൽ വൈദികർക്ക് ഒപ്പം സ്ത്രീകളും പുരുഷന്മാരുമുള്ള നേതൃത്വത്തെ ശക്തിപ്പെടുത്തണം'.

ക്രിസ്തീയ നേതൃത്വത്തെക്കുറിച്ച് നടത്തിയ ചർച്ചയിൽ പങ്കിട്ട ചിന്തകളുടെ സംക്ഷിപ്തം. നേതൃത്വ സംവാദത്തിൽ നിന്നും:

നേതൃത്വശേഷി വികസിപ്പിക്കണം

ഓരോ വ്യക്തിയിലുമുള്ള വാസനകളും കഴിവുകളും തിരിച്ചറിയുവാൻ നേതൃത്വത്തിലുള്ളവർക്കു കഴിയണം. സത്യസന്ധമായും സ്വതന്ത്രമായും അഭിപ്രായങ്ങൾ പറയുവാൻ അവസരം ഉണ്ടാകണം. യഥാർത്ഥ നേതൃത്വം വിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. വിശ്വാസമാണ് നേതൃത്വത്തിന്റെ കരുത്ത്. എന്തുകൊണ്ടാണ് കരുത്തുറ്റ പുതിയ നേതൃത്വം വിദ്യാർത്ഥി സമൂഹത്തിൽ ഉണ്ടാകാത്തത്. എനിക്ക് തോന്നുന്നത് സഭയുടെ വിശ്വാസം പുതിയ തലമുറയിലേക്ക് പകർന്നു കൊടുക്കുവാൻ കഴിയാത്തതുകൊണ്ടാണ്. ഇതിന് ആരേയും കുറ്റം പറയുവാൻ കഴിയില്ല. നീതിപൂർവ്വവും സത്യസന്ധവുമായി ഏവർക്കും പ്രവർത്തിക്കുവാൻ കഴിയണം.

നല്ല നേതൃത്വം വളരണമെങ്കിൽ അദ്ധ്യാപകരെ പോലെ വൈദിക നേതൃത്വം വളർന്നു വരുന്ന തലമുറയ്ക്ക് മൂല്യബോധവും കാഴ്ചപ്പാടുകളും മാർഗ്ഗദർശനവും പകർന്നു നൽകണം. ഓരോ വ്യക്തിയേയും മനസിലാക്കുവാനുള്ള സന്നദ്ധത നേതാക്കന്മാർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. പുതിയ തലമുറയെ മനസിലാക്കുവാൻ വളരെ പ്രയാസവുമാണ്. പുതിയ തലമുറയെ മനസിലാക്കുവാൻ കഴിയും വിധം നേതൃശേഷി ഏവരും വികസിപ്പിച്ചെടുക്കണം.

– ഡോ. പോൾ മണലിൽ
(ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്)

ഫലപ്രദമായ നേതൃത്വ ശൈലികൾ വളരണം

നമ്മുടെ ഉള്ളിലേക്ക് ആഴത്തിൽ നോക്കുവാൻ കഴിയുമ്പോഴാണ് നേതൃ

ത്വത്തിന്റെ കരുത്ത് തിരിച്ചറിയുവാൻ കഴിയുന്നത്. ദൈവം നൽകുന്ന ഏതു ചുമതലയും പരിപാകതയോടെ മനുഷ്യർക്ക് പ്രയോജനകരമായി നിർവ്വഹിക്കുവാൻ സാധിക്കണം. നേതൃത്വത്തിലുള്ളവർക്ക് ദൈവത്തേയും മനുഷ്യരേയും ശ്രദ്ധിക്കുവാൻ കഴിയണം. നേതാക്കന്മാർ ഓരോ വിഷയത്തിന്റെയും ഗുണപരവും നിഷേധപരവുമായ കാര്യങ്ങൾ പഠിക്കണം. ദൈവത്തേയും മറ്റുള്ളവരേയും സ്നേഹിക്കുവാൻ കഴിയുന്നതാകണം നേതൃത്വം. ചിരിക്കുവാനും ആഹ്ലാദിക്കുവാനും നയിക്കുവാനും കഴിയുന്നതാകണം നേതൃത്വം.

വിമർശനാത്മകവും ദീർഘവീക്ഷണവുമുള്ള നേതൃത്വ ശൈലികൾ വളരണം. വിവിധ വിഷയങ്ങളിൽ കാര്യപ്രാപ്തിയുള്ള ഉപദേശക സമിതികൾ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾക്ക് ഉണ്ടാകണം. നല്ല നേതൃത്വശേഷിയോടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുവാൻ കഴിയണം.

-പ്രൊഫ. മേരി മാത്യു

വിധേയത്വം സഭയോടാകണം

മലങ്കര സഭയിൽ നേതൃത്വത്തിന്റെ ദർശനം വി. കുർബ്ബാനയിൽ കേന്ദ്രീകൃതമാണ്. ആരാധനയിൽ കേന്ദ്രീകൃതമായ നേതൃത്വം ഇന്ന് വൈദിക കേന്ദ്രീകൃതമായി തീർന്നു. നേതൃത്വത്തോട് വിധേയത്വം ഉണ്ടാകണം. ഇന്ന് വൈദികരിൽ പലർക്കും പട്ടം നൽകിയ മെത്രാപ്പോലീത്തായോടും ഭദ്രാസനത്തോടും മാത്രമേ വിധേയത്വം കാണുന്നുള്ളു. വിധേയത്വം വ്യക്തികളോടല്ല സഭയോടാണുണ്ടാകേണ്ടത്. കാതോലിക്കാ സിംഹാസനത്തോടാണ് ഉണ്ടാകേണ്ടത്. കഴിവുള്ളവരുടെ കഴിവിനെ പൊതുലക്ഷ്യത്തിലേക്ക് ഉപയോഗിക്കുവാൻ കഴിയുന്നതാണ് നല്ല നേതൃത്വ ഗുണം. നേതൃത്വ ദർശനങ്ങളിൽ പുതിയ ബോധവൽക്കരണവും കാഴ്ചപ്പാടുകളും അനിവാര്യമാണ്.

- ഡോ. എം. കുര്യൻ തോമസ്

ക്രിസ്തു മാതൃക പിന്തുടരണം

ക്രിസ്തു എന്ന ഗുരുവിന്റെ ശിഷ്യന്മാരാണ് നല്ല ക്രൈസ്തവ നേതാക്കൾ. ക്രിസ്തുവിന്റെ സുതാര്യത ശിഷ്യരുമായി സമത്വഭാവം നിലനിർത്തി. എന്നാൽ ഇന്ന് ഗുരുശിഷ്യരിൽ പ്രകടമായ വ്യത്യാസം കാണുന്നു. എല്ലായിടത്തും നേതൃത്വത്തിൽ വേർതിരിവുകൾ വർദ്ധിക്കുന്ന കാലമാണിത്. ക്രിസ്തു ദൗത്യം ഏറ്റെടുത്ത് ഒരു ക്രിസ്തുവായി തീരുക എന്നതാകണം സഭയിലെ നേതൃത്വ ദർശനം. ക്രിസ്തുവിനെപോലെ ആയിത്തീരുവാൻ നേതാക്കന്മാർക്ക് കഴിയണം. ക്രിസ്തുവിനെ മാതൃകയാക്കുന്ന നേതാക്കന്മാർ വളർന്നു വരണം.

-സിസ്റ്റർ ലൂദിയ

ലോകത്തിന്റെ വെളിച്ചമാകണം

നല്ല ക്രിസ്ത്യാനി നല്ല നേതാവാകും. സാമൂഹിക, രാഷ്ട്രീയ രംഗത്ത് ഞാൻ പ്രവർത്തിച്ചെങ്കിലും യഥാർത്ഥ നേതാവിനെ കണ്ടെത്തുവാൻ കഴിഞ്ഞില്ല. ക്രിസ്തുവാണ് യഥാർത്ഥ നേതാവ്. ക്രിസ്തുവിന്റെ സൗഖ്യദാന ശുശ്രൂഷയിൽ പങ്കുചേരുവാൻ കഴിയുമ്പോഴാണ് നേതൃത്വം യഥാർത്ഥമാകുന്നത്. ക്രിസ്തുവിന്റെ നേതൃത്വത്തിലെ അധിക സമയവും സൗഖ്യദാനത്തിന് പ്രാധാന്യം നൽകി. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നു പറഞ്ഞ കർത്താവ് നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നും പ്രസ്താവിക്കുന്നു. ലോകത്തിന്റെ വെളിച്ചമാകുവാൻ ഓരോ നേതാവിനും കഴിയണം. ക്രിസ്തുവഴിയിൽ സഞ്ചരിച്ച്, ക്രിസ്തുവിനെ വഹിക്കുവാൻ കഴിഞ്ഞാൽ നല്ല നേതാവായി തീരുവാൻ കഴിയും.

- പ്രൊഫ. ലൗലി രാജൻ

മിഷൻ ദർശനം വളരണം

സോപാന അക്കാദമി ഒരു വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സഭയുടെ നേതൃസ്ഥാനത്തേക്കാണ് സോപാന അക്കാദമി വളർന്നിരിക്കുന്നത്. വിവിധ വിഷയങ്ങളിൽ ചർച്ചകളും പഠനങ്ങളും ഗവേഷണങ്ങളും ഇതുവഴി നടക്കുന്നു. മിഷന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ ഇനിയും വ്യക്തമാക്കപ്പെടേണ്ടിയിരിക്കുന്നു. എന്താണ് മിഷൻ. എന്തിനാണ് മിഷൻ എന്നതിന് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. മിഷൻ എന്നതിന് പല സഭകളും നൽകുന്ന ഉത്തരം 'ഞങ്ങൾ ചെയ്യുന്നത് ഒക്കെ ചെയ്താൽ നിങ്ങൾ സ്വർഗ്ഗത്തിൽ പോകും' എന്നതാണ്. ഇതാണോ മിഷൻ. ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നതാണ് ക്രിസ്തുവിന്റെ സുവിശേഷം. ആരാധനയിൽ കേന്ദ്രീകൃതമായ മിഷനും നേതൃത്വവും സഭയിൽ ശക്തിപ്പെടണം. പുതുതലമുറയ്ക്ക് ആരാധന അർത്ഥവത്തായി തീരണം. ആരാധന ന്യൂജനറേഷന് അർത്ഥപൂർണ്ണമാക്കുവാൻ ഗൗരവത്തോടെ ശ്രദ്ധിക്കണം.

- ഡോ. ജോൺ കുന്നത്ത്

സ്ത്രീ നേതൃത്വം വളരണം

ഒരു നേതാവ് എങ്ങനെയായിരിക്കണം. സത്യവചനത്തെ ശരിയായി പഠിപ്പിക്കുവാനും ദൈവസന്നിധിയിൽ ലജ്ജകൂടാതെ നിൽക്കുവാനും ഒരു നേതാവിന് കഴിയണം. ദൈവത്തിന് കൊള്ളാവുന്നവരാകണം നേതാക്കന്മാർ. ക്രിസ്തുവിനെ മറ്റുള്ളവർക്ക് നൽകുവാൻ നേതാവിന് കഴിയണം. ശരിയായ വിശ്വാസം പഠിച്ച്, പഠിപ്പിക്കുവാൻ സാധിക്കണം. ഒന്നാമൻ ആകുവാൻ ആഗ്രഹിക്കുന്നവൻ ദാസനാകണം. മഹാൻ ആകാൻ ഇച്ഛിക്കുന്നവൻ ശുശ്രൂഷകനാകണം. ഇന്നത്തെ നേതാക്കന്മാരിൽ അധികാര മനോഭാവമാണ്. അതു മാറി ശുശ്രൂഷയുടെ മനോഭാവം വളർത്തണം. സംഘാതമായ ഒരു നേതൃത്വ ശൈലിയും എല്ലാവരേയും ഉൾക്കൊള്ളുന്ന നേതൃത്വ ദർശനവും വളർന്നുവരണം. സഭയിൽ സ്ത്രീകളുടെ നേതൃത്വം ഫലപ്രദമായി വളർത്തിയെടുക്കുവാൻ കഴിയണം. ക്രിസ്തുവിനെ ജീവിതത്തിൽ മാതൃകയാക്കണം. സാന്നിധ്യം മാത്രമല്ല, സ്ത്രീകളുടെ നേതൃത്വവും സഭയിൽ വളർന്നുവരുവാൻ ഏവരും പ്രത്യേകം ശ്രദ്ധിക്കണം.

- ഡോ. ജെയ്സി കരിങ്ങാട്ടിൽ

നേതൃത്വ സംവാദത്തിൽ പങ്കെടുത്തവർ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായോടൊപ്പം.

രഹസ്യ പ്രാർത്ഥനകളുടെ യോഗാത്മകത

ഫാ. ഡോ. എബ്രഹാം ഉമ്മൻ

നമ്മുടെ പാമ്പാക്കുട നമസ്കാര ക്രമത്തിലെ രഹസ്യ പ്രാർത്ഥനകളുടെ ഒരു ആസ്വാദനമായിട്ടാണ് ഈ കുറിപ്പ് എഴുതുന്നത്. മാബൂഗിലെ മാർ പീലക്സിനോസ് ബാവയുടേതായി ആഴ്ചയിലെ എല്ലാ ദിവസങ്ങളിലും പൊതുവായി ഉപയോഗിക്കാവുന്ന ഏഴു യാമങ്ങളിലെയും പ്രാർത്ഥനകളും അതേ തുടർന്ന് ഞായർ മുതൽ ശനി വരെ ഓരോ ദിവസങ്ങളിലും സാധാരണ യാമപ്രാർത്ഥനകളുടെ അവസാനം രഹസ്യമായി നടത്താനുള്ള ഏഴുനേരത്തെയും പ്രാർത്ഥനകളും ഇതിൽ നമുക്ക് ലഭിച്ചിട്ടുണ്ട്. അത്യന്തം ആകർഷകങ്ങളായതും ആത്മാവിനെ ദൈവത്തിലേക്ക് ഉയർത്തുന്നതുമായ പ്രാർത്ഥനകളാണിവ. ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെയും ദൈവശാസ്ത്രത്തിന്റെയും മകുടങ്ങളാണിവ.

പക്ഷേ ചില കാര്യങ്ങളിൽ വിയോജിപ്പ് പ്രകടിപ്പിക്കുവാനാഗ്രഹിക്കുന്നു. ഇവയുടെ ആമുഖമായി പുസ്തകത്തിൽ ചേർത്തിരിക്കുന്നത്. ഇത് *ഇഹീദയക്കാർ, ദയറാക്കാർ, താപസന്മാർ, വൃദ്ധന്മാർ, സന്യാസികൾ മുതലായ ആളുകൾക്ക് സാധാരണയായുള്ള പൊതുപ്രാർത്ഥനയ്ക്കു പുറമെ നടത്തുവാനുള്ളതാകുന്നു.* ഓർത്തഡോക്സ് സഭയിൽ യഥാർത്ഥ ആത്മീകത വൃദ്ധന്മാർക്കും സന്യസ്ഥർക്കും മാത്രമുള്ളതാണോ എന്ന സംശയം നമ്മുടെ മനസ്സിൽ ഉദിക്കുന്നു. അതുപോലെ സ്ത്രീകളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

ഒരിക്കൽ ഈ പ്രാർത്ഥനകൾ ധ്യാനിക്കുന്ന ആർക്കും ഇവയുടെ മഹത്വം വെളിപ്പെടും. സഭയിലെ ആബാലവൃദ്ധം ആളുകളും ഈ ഉന്നത ആത്മീകതയിലേക്ക് എത്തിച്ചേരാനുള്ള അവകാശവും സാധ്യതയും ഇല്ലേ? അതുപോലെ തന്നെ ചില സ്ഥലങ്ങളിൽ ഈ പ്രാർത്ഥന ഉച്ചത്തിൽ പൊതുവായി ചൊല്ലാറുണ്ട്. അതും ശരിയാണെന്ന് തോന്നുന്നില്ല. യഥാർത്ഥത്തിൽ നിശബ്ദരായി സാവധാനം ധ്യാനാത്മകമായി നിർവ്വഹിക്കേണ്ട പ്രാർത്ഥനകളാണിവ. പ്രാർത്ഥന കഴിഞ്ഞുള്ള ധ്യാനത്തിന് വളരെ സഹായകരമായ മാർഗ്ഗമാണിത്. സാധാരണ നമ്മൾ പ്രാർത്ഥിക്കുന്നതുപോലെ ഭൗതീകമായ ആവശ്യങ്ങൾക്കുവേണ്ടിയോ ഇഹലോക ജീവിതത്തിന്റെ സുഖങ്ങൾക്കും സൗകര്യങ്ങൾക്കും വേണ്ടിയോ ജീവിത പുരോഗതിക്കുവേണ്ടിയോ ഉള്ള അപേക്ഷയോ യാചനയോ ഒന്നും ഇവയിൽ ഉൾപ്പെടുത്തിയിട്ടില്ല. അഥവാ നമ്മുടെ പ്രാർത്ഥനകൾ പോലെ സ്വയത്തിൽ കേന്ദ്രീകൃതമല്ല, മറിച്ച് ദൈവത്തിൽ കേന്ദ്രീകൃതമാണ് (God Centered) ഇവയെല്ലാം. മനുഷ്യാത്മാവിന്റെ ദൈവത്തിങ്കലേക്കുള്ള പ്രയാണമാണ് ഇവയുടെ അന്തഃസത്ത. ഇവയിൽ പലതും നമ്മുടെ വിശ്വാസപ്രഖ്യാപനങ്ങളാണ്. അതുപോലെ തന്നെ ആഴമായ പാപബോധവും, അനുതാപവും പ്രദർശിപ്പിക്കുന്നവയാണിവ.

> **മനുഷ്യാത്മാവിന്റെ ദൈവത്തിങ്കലേക്കുള്ള പ്രയാണമാണ് ഇവയുടെ അന്തഃസത്ത. ഇവയിൽ പലതും നമ്മുടെ വിശ്വാസപ്രഖ്യാപനങ്ങളാണ്. അതുപോലെ തന്നെ ആഴമായ പാപബോധവും, അനുതാപവും പ്രദർശിപ്പിക്കുന്നവയാണിവ.**

ഇവയിൽ പല പ്രാർത്ഥനകളും ഈ ലോകത്തിൽ നിന്നുകൊണ്ടു തന്നെ നിത്യതയെ സ്പർശിക്കുന്ന തരത്തിലുള്ളവയാണ്. പരലോകത്തെ യാഥാർത്ഥ്യമായി നമ്മുടെ ഇന്ദ്രിയങ്ങൾക്ക് അനുഭവവേദ്യമാകുന്ന തരത്തിലാണ് ഇവ എഴുതപ്പെട്ടിരിക്കുന്നത്. അദൃശ്യലോകത്തെ കാണാനും കേൾക്കാനും ശ്വസിക്കാനും നമുക്ക് സാധിക്കുന്ന തരത്തിൽ ഇവ അവതരിപ്പിക്കുന്നു. ദൈവവുമായുള്ള യോഗാത്മതകആവർത്തിച്ചാവർത്തിച്ച് വരച്ചുകാട്ടുന്നു. പൊതുവെ പറഞ്ഞാൽ ഈ പ്രാർത്ഥനകൾ എല്ലാം അമൂർത്തമായ (abstract) കാര്യങ്ങളെക്കുറിച്ചാണ്

അപേക്ഷിക്കുന്നത്. ദൈവീക ദർശനത്തിന്റെ മനോഹാരിതയും പ്രൗഢിയും ഇവയിലൂടെ നാം ദർശിക്കുന്നു. ഫ്രഞ്ച് തത്വശാസ്ത്രജ്ഞയായ സൈമൺ ദ് ബെവോയർ പറയുന്നതുപോലെ പുരുഷനായാലും സ്ത്രീയായാലും ഒരു യഥാർത്ഥ മനുഷ്യ ജീവിയാകണമെങ്കിൽ യോഗാത്മകമായി അതിന്ദ്രീയമായ അനുഭവം ഉണ്ടായിരിക്കണം. മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യം നമ്മുടെ ഈ ലോകയാഥാർത്ഥ്യത്തിന് അപ്പുറത്തേക്ക് കടക്കുക എന്നതാണ്

ഈ പ്രാർത്ഥനകളുടെ വിഷയങ്ങൾ പരിശോധിച്ചാൽ അവയെല്ലാം ഓർത്തഡോക്സ് അദ്ധ്യാത്മീകതയുടെ രത്നങ്ങൾ ആണെന്ന് മനസ്സിലാക്കാം. ഓർത്തഡോക്സ് ദൈവശാസ്ത്രത്തിന്റെയും ആദ്ധ്യാത്മീകതയുടെയും ആണിക്കല്ലുകളാണ്.

ഞായർ - വി.കുർബ്ബാനയിലൂടെ പറുദീസായുടെ അനുഭൂതി.

ഞായറാഴ്ചയ്ക്കുള്ള യാമപ്രാർത്ഥനകളുടെ മുഖ്യ വിഷയം ആരാധനയിലൂടെ നമുക്ക് ലഭിക്കുന്ന പറുദീസയ്ക്കു തുല്യമായ അനുഭവമാണ്. നമ്മുടെ ബോധങ്ങളെ ദൈവീക ജ്ഞാനം കൊണ്ട് നിറയ്ക്കുന്ന ബോധോദയത്തിനുവേണ്ടി (enlightenment) ഉള്ള പ്രാർത്ഥനകൾ നാം ഈ ദിവസം ധ്യാനിക്കുന്നു. വിശുദ്ധ കുർബ്ബാനയിലുള്ള പങ്കാളിത്തം പറുദീസയുടെ അനുഭവം തന്നെയാണെന്ന് നാം ഓർക്കുന്നു. "മറഞ്ഞിരിക്കുന്ന ജീവന്റെ നിക്ഷേപമായ നിന്നെ അവിടെ കാണുവാനും അവന്റെ സ്നേഹം മൂലം സംസാര ശക്തിയുള്ള പറുദീസയിൽ അവൻ നട്ടുപിടിപ്പിച്ച ജീവന്റെ വൃക്ഷമായ നിന്നിൽ നിന്ന് ആഗ്രഹത്തോടെ ഭക്ഷിപ്പാനും ഞങ്ങൾക്കു കൃപ നൽകണമെ" (ഞായർ രാത്രി മൂന്നാം കൗമ). ഇത് വിശുദ്ധ കുർബ്ബാന അനുഭവം സൂചിപ്പിക്കുന്നു. എന്നാൽ ഈ അനുഭവവും കാഴ്ചയും നമ്മെ അഹങ്കാരത്തിലേക്കോ പാപത്തിലേക്കോ, വിലക്കപ്പെട്ട കനി ഭക്ഷിക്കുന്നതിലേക്കോ നയിക്കരുതെയെന്നും നാം പ്രാർത്ഥിക്കുന്നു. അത് ആദാമിനും ഹവ്വായ്ക്കും സംഭവിച്ചതുപോലെ നന്മതിന്മകളുടെ അറിവിന്റെ വൃക്ഷഫലത്തെ തിന്നുകയും പറുദീസയിൽ നിന്ന് പുറത്താക്കുകയും ചെയ്തതുപോലെ ആകരുതെന്നും നാം പ്രാർത്ഥിക്കുന്നു.

തിങ്കൾ - കർത്താവിന്റെ രണ്ടാമത്തെ വരവ്

തിങ്കളാഴ്ച നാം പ്രാർത്ഥിക്കുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവിൽ തന്റെ കൂടെയുള്ള സന്തോഷത്തിലേക്ക് നാമും ചേർക്കപ്പെടണമെ എന്നാണ്. ദൈവദത്തമായ സമാധാനം, ആത്മപ്രകാശനം, ദിവ്യസൗന്ദര്യ ദർശനം, ദൈവസ്നേഹത്തിലുള്ള മുന്നേറ്റം എന്നിവക്കുവേണ്ടി അനവധി പ്രാവശ്യം അപേക്ഷിക്കുന്നു. ഉറച്ച വിശ്വാസത്തിനുവേണ്ടിയുള്ള ഒരു പ്രാർത്ഥന വളരെ ആകർഷകമാണ്. "സംശയത്തിന്റെ കാറ്റുകൾ എന്നിൽ ഊതാതിരിപ്പാനായിട്ട് എന്റെ ബോധത്തെ നിന്റെ അറിവിലേക്ക് ഉയർത്തേണമെ". (തിങ്കൾ പ്രഭാതം) ആന്തരീക യുദ്ധത്തിൽ നാം തോറ്റുപോകാതിരിപ്പാനായിട്ടും നാം പ്രാർത്ഥിക്കുന്നു.

ചൊവ്വാ - മനസ്സിന്റെ പ്രകാശനം

"ഞങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിക്കേണമെ" (ചൊവ്വ 3-ാം മണി). ചൊവ്വാഴ്ച എല്ലാ യാമങ്ങളിലും നാം ദൈവത്തോട് അപേക്ഷിക്കുന്നത് ഈ പ്രകാശനത്തിനുവേണ്ടിയാണ്. ദൈവീക ദാനങ്ങളെ അല്ല, ദൈവത്തെ തന്നെയാണ് നാം സമ്മാനമായി ചോദിക്കുന്നത്. "ഈ ലോകം വിടുന്നതിനു മുമ്പ് നിന്റെ പരിശുദ്ധ പ്രകാശമാകുന്ന വസ്ത്രം എന്നെ ധരിപ്പിക്കേണമെ" (ചൊവ്വ 9-ാം മണി).

ബുധൻ - ആരാധനയിലൂടെ ലഭിക്കുന്ന ആത്മീക ഉന്നമനം

"ഞാൻ എന്നേക്കും നിന്നെ സ്തുതിപ്പാനായിട്ട് ഉയരത്തിലെ സംഗതികളെക്കുറിച്ചുള്ള ധ്യാനത്തിൽ എന്റെ ആത്മ ശരീരങ്ങളെ ചലിപ്പിക്കണമെ" (ബുധൻ രാത്രി 2-ാം കൗമ). ദൈവസ്തുതി അനുസ്യൂതമായി നിവൃർത്തിക്കാനുള്ള കൃപയ്ക്കുവേണ്ടിയാണ് ബുധനാഴ്ച എല്ലാ യാമങ്ങളിലും നാം പ്രാർത്ഥിക്കുന്നത്. നമ്മുടെ സ്തുതിപ്പുകൾ അശരീരികളായ മാലാഖമാരുടെ ആത്മീയ ഗണങ്ങളോട് ചേർക്കപ്പെടുവാൻ നാം ആഗ്രഹിക്കുന്നു. അനുതാപം, ഹൃദയപ്രകാശനം, ദൈവസംസർഗ്ഗം, നിത്യജീവിതത്തെക്കുറിച്ചുള്ള ധ്യാനം എന്നിവയ്ക്കുവേണ്ടിയും നാം ഈ ദിവസം പ്രാർത്ഥിക്കുന്നു.

വ്യാഴം - ദൈവവുമായുള്ള യോഗാത്മക ബന്ധം

വ്യാഴാഴ്ച സന്ധ്യ മുതലുള്ള പ്രാർത്ഥനകൾ കേന്ദ്രീകരിക്കുന്നത് ദൈവവുമായുള്ള ഇഴുകിച്ചേരലിലാണ് അഥവാ യോഗാത്മകതയിലാണ്. വ്യർത്ഥമായുള്ള സകലത്തെയും നമ്മുടെ ചിന്തകളിൽ നിന്ന് നീക്കിക്കളഞ്ഞ് "നിങ്കലുള്ള ധ്യാനം മൂലം നീ എന്റെ ഹൃദയത്തിന് നടത്തിപ്പുകാരനാകണമെ" എന്നാണ് ദൈവത്തോട് നാം ആവശ്യപ്പെടുന്നത് (വ്യാഴം രാത്രി 1-ാം കൗമ). ദൈവസ്നേഹം ലോകസംസർഗ്ഗങ്ങളിൽ നിന്ന് നമ്മെ വേർപെടുത്തുവാൻ നാം പ്രാർത്ഥിക്കുന്നു. ആത്മീക ആരാധന, സമർപ്പണം എന്നിവക്കായി നാം ഒരുങ്ങുന്നു.

വെള്ളി - വരാനിരിക്കുന്ന ലോകത്തിലെ മഹത്വീകരണം

നാം ചെന്നു ചേരാനിരിക്കുന്ന പുതിയ ലോകത്തിലെ മഹിമയ്ക്ക് നമ്മെ യോഗ്യരാക്കണമെ എന്ന അപേക്ഷയോടെയാണ് വെള്ളിയാഴ്ചയുടെ യാമപ്രാർത്ഥനകൾ ആരംഭിക്കുന്നത്. നമ്മുടെ സമയം ദൈവത്തിന്റെ ദാനം ആണ്. "ഈ രാത്രി ഞങ്ങൾ നിന്നിൽ ഉറങ്ങുകയും ആശ്വസിക്കുകയും ചെയ്യുമാറാകണമെ" എന്ന് തുടർന്ന് പ്രാർത്ഥിക്കുന്നു. ശരീരാത്മ ദേഹികളുടെ പ്രകാശനമാണ് തുടർന്നുള്ള അപേക്ഷകളുടെ ലക്ഷ്യം. വെള്ളിയാഴ്ച മദ്ധ്യാഹ്ന പ്രാർത്ഥന കർത്താവിന്റെ ക്രൂശുമായി ഏതെല്ലാം തരത്തിൽ ഏകീഭവിക്കാമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. വിശുദ്ധ പത്രോസിനെയും പൗലോസിനെയും പോലെ ദൈവീക വെളിപാടുകളാൽ നമ്മുടെ മനസ്സുകളും രൂപാന്തരം പ്രാപിക്കണമെന്ന് നാം യാചിക്കുന്നു.

ശനി - പ്രാർത്ഥനയിലൂടെ ലഭിക്കുന്ന ഹർഷോന്മാദം

ശനിയാഴ്ച സന്ധ്യാ പ്രാർത്ഥന തുടങ്ങുന്നത് ദൈവിക കിരണങ്ങളാൽ നാം പ്രകാശിതരാകണമെ എന്ന അപേക്ഷയോടെയാണ്. അന്നത്തെ രാത്രിയിലെ പ്രാർത്ഥനകൾ ദൈവീക ചിന്തകളാൽ ഉളവാകുന്ന ഹർഷോന്മാദത്തെ വിളിച്ചോതുന്ന അത്യന്തം മനോഹരമായ കാവ്യ ശകലങ്ങളാണ്.

ചുരുക്കത്തിൽ നിത്യ ജീവിതത്തെക്കുറിച്ചുള്ള ആഴമായ അവബോധമാണ് ഈ പ്രാർത്ഥനകളിലൂടെ ആരാധകരുടെ മനസ്സുകളെയും ജ്വലിപ്പിക്കുന്നത്. ഈ ലോകത്തിലെ യാതൊരു വസ്തുക്കളോ ആവശ്യങ്ങളോ അല്ല നാം ആഗ്രഹിക്കുന്നത് മറിച്ച് നമ്മുടെ ഹൃദയങ്ങൾ ദൈവസാരൂപ്യം പ്രാപിക്കണമെന്നുള്ള വാഞ്ഛയാണ്. യഥാർത്ഥ അനുതാപവും തൽഫലമായുണ്ടാകുന്ന ഹൃദയ പരിവർത്തനവും ആണ് നമ്മുടെ ലക്ഷ്യം. ഈ പ്രാർത്ഥനകൾ നാം ധ്യാനിക്കുമ്പോൾ നാം അവയിലെ വർണ്ണനകളിലൂടെ ആത്മീകതയുടെ വിവിധ തലങ്ങളിൽ എത്തിച്ചേരുകയാണ്. നാം അവയുടെ സൗന്ദര്യം ആവോളം അനുഭവിക്കുകയാണ്, ആസ്വദിക്കുകയാണ്. നമ്മുടെ ആത്മീക ജിവിതത്തിൽ ഇവ പുതിയ വെളിച്ചം പകരട്ടെ. ■

8–ാം ചരമ വാർഷികം
(07–06–2016)



തളിയച്ചിറ എടത്താമരയിൽ
ടി.എം. അബ്രഹാം
84, ഗിരിനഗർ, കൊച്ചി-20
സന്തപ്ത കുടുംബാംഗങ്ങൾ

For Favours Received



Daniel Koshy

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

കോലഞ്ചേരി:- ഏഴാം മാർത്തോമ്മായുടെ 207–ാം ഓർമ്മ ജൂലൈ 5–ന് കോലഞ്ചേരി പള്ളിയിൽ.

പത്തനാപുരം:- സഖറിയാ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 19–ാം ഓർമ്മ ജൂലൈ 7–ന് പത്തനാപുരം മൗണ്ട് താബോർ ദയറായിൽ.

മുളന്തുരുത്തി:- യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 243–ാം ജൂലൈ 10–ന് മുളന്തുരുത്തി പള്ളിയിൽ.

കോട്ടയം:- എം.ഡി. സെമിനാരി സ്ഥാപകൻ മലങ്കരസഭാ തേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ മെത്രാപ്പോലീത്തായുടെ 107–ാം ഓർമ്മ ജൂലൈ 12–ന് കോട്ടയം പഴയ സെമിനാരിയിൽ.

റാന്നി:- ഗീവർഗ്ഗീസ് മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ 17–ാം ഓർമ്മ ജൂലൈ 23–ന് റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ.

marriage

SNEHA ELSA ZACHARIAH
D/o Z.M. Zachariah & Jolly Zachariah,
Alummoottil Eden
Thumpamon

MONCY ABRAHAM
S/o P. J. Abraham & Annamma Abraham,
Poovannal Vadakkethil,
Cheriyanad

Marriage place- **St. Mary's Orthodox Syrian Church, Edavancadu, Chengannur**



യൂദായുടെ ലേഖനം

■ ഫാ. മാത്യു വറുഗീസ് പുളിമൂട്ടിൽ

മർത്തമറിയം വനിതാ സമാജത്തിന്റെ 2016-ലെ കേന്ദ്ര പരീക്ഷയ്ക്കുള്ള പഠന സഹായിയും വേദബോധനവും

യേശുക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമായ യൂദാ, എ.ഡി. 60 നും 85 നും ഇടയിൽ (എ.ഡി. 65) യഹൂദ ക്രിസ്ത്യാനികൾക്കും എല്ലായിടത്തുമുള്ള വിശ്വാസികൾക്കുമായിട്ടാണ് ഈ ലേഖനം എഴുതിയത്. ദൈവമില്ലാത്ത, നുഴഞ്ഞുകയറ്റക്കാരുടെ വലയിൽപ്പെടാതെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിനും തങ്ങളെത്തന്നെ ദൈവസ്നേഹത്തിൽ സൂക്ഷിച്ചുകൊള്ളുന്നതിനും, സംശയിക്കുന്നവരോടു കരുണ കാണിക്കുന്നതിനും, നശിച്ചു പോകുന്നവരെ രക്ഷിക്കുന്നതിനുമുള്ള ആഹ്വാനമാണ് ലേഖനത്തിന്റെ പ്രധാന പ്രതിപാദ്യവിഷയം.

യേശുക്രിസ്തുവിന്റെ സഹോദരൻ എന്ന അതുല്യമായ ബന്ധം യൂദായ്ക്ക് ഉണ്ടെങ്കിലും, യേശുക്രിസ്തുവിന്റെ ദാസൻ എന്ന മാതൃകാപരമായ ഒരു സമീപനമാണ് യൂദാ അവലംബിക്കുന്നത്. (വി. മർക്കോസ് 13:55, 6:3). ആദിമസഭയിലെ പൗലോസും ദൈവത്തെ പിതാവ് എന്നാണ് സംബോധന ചെയ്യുന്നത് (യോഹ. 3:35, 5:20; ഗലാത്യ 1:2,3, 1 കൊരി. 1:3) യൂദായും ദൈവത്തെ പിതാവ് എന്നാണ് അഭിസംബോധന ചെയ്യുന്നത്.

മൂന്നാം വാക്യത്തിൽ മനുഷ്യജാതിയെ പാപത്തിന്റെയും തിന്മയുടെയും ശക്തിയിൽ നിന്നും വിടുവിച്ച് യേശുക്രിസ്തുവിൽ പുതുസൃഷ്ടിയാക്കുകയും പരിശുദ്ധാത്മാവിനാൽ ദൈവത്തിന്റെ സ്നേഹത്തിൽ നിലനിർത്തുകയും ചെയ്യുന്ന ദൈവത്തിന്റെ പ്രവർത്തനമാണ് രക്ഷ. ഇത് ഒരിക്കലായിട്ട് വിശുദ്ധന്മാർക്ക് ഭരമേൽപ്പിച്ച, മാറ്റമില്ലാത്ത ഒന്നാണ്. Once for all delivered to the saints and it can't be changed.

നാലാം വാക്യത്തിൽ നുഴഞ്ഞുകയറ്റക്കാരെ കുറിച്ച് പരാമർശിക്കുമ്പോൾ അവർ അഭക്തരും ദുർമാർഗ്ഗികളുമാണെന്നും, അവർക്കുള്ള ശിക്ഷാവിധി, (യെരമ്യാ. 14:13-15, സങ്കീ. 94) പണ്ടുതന്നെ എഴുതിയിട്ടുണ്ടെന്നും രേഖപ്പെടുത്തുന്നു. ദൈവവിശ്വാസത്തിൽ നിന്നും ദൈവിക നീതിയിൽ നിന്നും അകന്നുപോയ വ്യാജ ഉപദേഷ്ടാക്കളെകുറിച്ച് വ്യക്തമാക്കുവാൻ മൂന്നു ദൃഷ്ടാന്തങ്ങൾ 5,6,7 വാക്യങ്ങളിൽ പരാമർശിക്കുന്നു. മിസ്രേമിൽ നിന്നും പുറപ്പെട്ടവർ ചെങ്കടലിൽ കൂടി കടന്നു വന്നുവെങ്കിലും യഥാർത്ഥമായ പാശ്ചാത്താപവും, ദൈവീകതയും ഇല്ലാതിരുന്ന അവിശ്വാസികൾക്ക് വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുവാൻ സാധിച്ചില്ല. മാമോദീസാ സ്വീകരിച്ചവരെങ്കിലും കർത്താവിനൊപ്പം നടക്കുന്നവർക്കു മാത്രമേ ദൈവരാജ്യം അവകാശിക്കുവൻ സാധിക്കൂ. (സംഖ്യാ. 14:26-37; 1 കൊരി. 10:1-13). സ്വർഗ്ഗത്തിൽ വാസസ്ഥലവും ദൈവസദൃശ്യരുമായ മാലാഖമാർ നിഗളിച്ചുകൊണ്ട് ദൈവത്തോടു മറുതലിക്കുകയും ജഡമോഹത്താൽ വാസസ്ഥാനവും വിട്ടതിനാൽ (യെശ. 14:12, ഉല്പ. 6:1-4) അന്ത്യന്യായവിധിക്കായി ചങ്ങല ഇട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു (2 പത്രോ. 3:10-14).

അധാർമ്മികതയും, ലൈംഗിക അരാജകത്വവും കാരണം (ഉല്പ. 19:1-28) സോദോം ഗോമോറായ്ക്കുണ്ടായ നാശം, ദൈവിക വിളി ലഭിച്ചവർ എത്രമത്രം വിശുദ്ധരും, ലൈംഗിക ബന്ധങ്ങൾ എത്രമാത്രം പാവനമായി സംരക്ഷിക്കേണ്ടവരാണെന്നും ഓർമ്മിപ്പിക്കുന്നു. 8-ാം വാക്യത്തിൽ വ്യാജ ഉപദേഷ്ടാക്കളുടെ പൊതു സ്വഭാവം രേഖപ്പെടുത്തുന്നു. അവർ ജഡത്തെ മലിനമാക്കുന്നവരും (defile the flesh) കർത്തൃത്വത്തെ തുച്ഛീകരിക്കുന്നവരും (reject authority) മഹിമകളെ ദുഷിക്കുന്നവരുമാണ് (speak evil of dignitaries). വ്യാജ ഉപദേഷ്ടാക്കൾ പൈശാചിക സ്വഭാവ സദൃശ്യരാണെന്നുള്ള സൂചനയും 9-ാം വാക്യത്തിൽ കാണാം. മീഖായേൽ മോശയുടെ ശരീരത്തെകുറിച്ച് പിശാചിനോടു തർക്കിച്ചു വാദിക്കുമ്പോൾ, മീഖായേൽ ദൂഷണവിധി ഉച്ചരിക്കുന്നില്ല. സഖറിയാ: 3:2 -ൽ യഹോവയുടെ മുമ്പിൽ നിൽക്കുന്ന യോശുവായെ കുറ്റം വിധിക്കുന്ന

സാത്താനെ യഹോവ ഭൽസിക്കുന്നതായി കാണാം. കുറ്റം പറയുന്ന സ്വഭാവമുള്ള പിശാച് (ഡയാബോലൊസ്) ആദാമിനെയും ഹവ്വായെയും പാപം ചെയ്യുവാൻ പ്രേരിപ്പിച്ചവനും, ഇയ്യോബിനു കഷ്ടത വരുത്തുവാൻ അനുവാദം വാങ്ങിയവനുമാണെന്ന് പഴയ നിയമം സൂചിപ്പിക്കുന്നു. എന്നാൽ ദൈവം എപ്പോഴും തന്റെ ഭക്തർക്ക് സങ്കേതമാണെന്നും (ആവർത്തനം 34:5,6) ഈ വേദഭാഗങ്ങൾ പഠിക്കുമ്പോൾ മനസ്സിലാക്കാം.

11-13 വാക്യങ്ങളിൽ, സ്നേഹസദ്യയിൽ മറഞ്ഞു കിടക്കുന്ന പാറകളെ കുറിച്ചുള്ള വിവരണം കാണാം. സമുദ്രങ്ങളിൽ മറഞ്ഞു കിടക്കുന്ന മഞ്ഞുമലകൾ (underwater razer) കപ്പലുകൾക്ക് നാശം വിതയ്ക്കുന്നതു പോലെയാണ് ഈ പാറകൾ എന്നു സൂചിപ്പിക്കുന്നു. പാറകളെ കുറിച്ചുള്ള സൂചനയിൽ 3 വ്യക്തികളെ പ്രത്യേകം ചൂണ്ടിക്കാട്ടുന്നു. കയീൻ (ഉല്പത്തി 4:3-24) അവിശ്വാസവും അസൂയയും മൂലം കൊലപാതകം എന്ന പാപത്തിലേക്ക് വീണവൻ. ബിലയാം (സംഖ്യാ 22-24) അത്യാഗ്രഹം മൂലം കൂലി കൊതിച്ച് യിസ്രായേലിനെ ശപിച്ചവൻ. കോരഹ് (സംഖ്യ. 16:1-40) അത്യാഗ്രഹം, അഹങ്കാരം, ദൈവഹിതത്തിനു എതിരായി നേതാവാകാനുള്ള (മോശയ്ക്കും അഹരോനും എതിരായി) ആഗ്രഹം എന്നിവയുള്ള മനുഷ്യൻ. ഈ സ്വഭാവമുള്ളവർ വെള്ളമില്ലാത്ത മേഘങ്ങൾക്ക് സദൃശ്യരാണ് (സദൃ. 24:14) (who don't possess what they claim to have). ഈ മേഘങ്ങൾ കാറ്റിനാൽ ഓടുന്നു. obeying their own passions and listening to the suggestions of invisible spirits. രണ്ടു വട്ടം ചത്തും വേരറ്റു പോയതുമായ വൃക്ഷങ്ങൾക്ക് സദൃശ്യരാണ്.

വിശുദ്ധർ യേശുക്രിസ്തുവിൽ വിശ്വസിച്ചതിനു ശേഷം അവർ ഉറപ്പുള്ളവരായി ജീവിക്കുന്നിനാൽ അവർക്ക് രണ്ടാമത് മരണം ഇല്ല (എഫേ. 3:17, കൊലൊ 2:7). എന്നാൽ വ്യാജ ഉപദേഷ്ടാക്കൾക്ക് ക്രിസ്തുവിലോ, സഭയിലോ ഉറച്ചു നിൽക്കുവാൻ കഴിയാത്തതിനാൽ രണ്ടാമത് ഒരു മരണം കൂടി സംഭവിക്കുന്നതായി വ്യക്തമാക്കുന്നു. (മത്താ. 13:24-30, യോഹ. 15:16) കൊടിയ കടൽത്തിരകൾക്ക് സദൃശ്യമായ. കടൽത്തിരകൾ പലപ്പോഴും അസ്വസ്ഥവും, ഇരുട്ടു വ്യാപിച്ചതും, നാശം വിതയ്ക്കുന്നതും, മാനവസമൂഹത്തിന് കൈപ്പിന്റെ അനുഭവം നൽകുന്നതുമാണ് (യെശയ്യാ. 57:20-21). വ്യാജ ഉപദേഷ്ടാക്കൾ പലപ്പോഴും സഭയ്ക്കും വിശ്വാസികൾക്കും മേൽപ്പറഞ്ഞ പ്രകാരമുള്ള അവസ്ഥ പ്രദാനം ചെയ്യുന്നവരായിരിക്കും. വക്രഗതിയുള്ള നക്ഷത്രങ്ങൾക്ക് സമാനമായിരിക്കും.

ഏനോക്കിന്റെ പുസ്തകത്തിൽ പ്രതിപാദിക്കുന്ന വീണുപോയ മാലാഖമാരാണ് വക്രഗതിയുള്ള നക്ഷത്രങ്ങൾ. ഇവ ഒന്നുകിൽ ഗ്രഹങ്ങളെപ്പോലെ ഒരു നിശ്ചിത സ്ഥാനത്തു നിന്ന് ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്യാത്തതും, ഉൽക്കകളെപ്പോലെ പെട്ടെന്നു പ്രകാശിക്കുകയും, ഇരുട്ടിൽ അലിഞ്ഞു ചേരുകയും ചെയ്യുന്നതുമാണ്. ആയതിനാൽ സ്നേഹ സദ്യകളിൽ മറഞ്ഞിരിക്കുന്ന ഈ വിധ സ്വഭാവങ്ങൾ ഉള്ള പാറകളെ സൂക്ഷിക്കുന്നതിനും സ്നേഹസദ്യകൾ (വിശുദ്ധ കുർബാന) സഭയിലുള്ള കൂട്ടായ്മബന്ധത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഉപകരിക്കേണ്ടതാണ്. ഈ ദുരുപദേഷ്ടാക്കളെ കുറിച്ച് ആദാം മുതൽ ദൈവത്തോടുകൂടി നടന്നവനായ ഹാനോക്ക് വരെയുള്ളവർ പ്രസ്താവിക്കുകയും, അവരെ ദൈവം തൂക്കി നോക്കുകയും ചെയ്യുമെന്ന് പ്രസ്താവിക്കുന്നു (1 ശമു. 2:3). വ്യാജ ഉപദേഷ്ടാക്കളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ, അവർ പിറുപിറുപ്പുകാരും ആവലാതി പറയുന്നവരും, സ്വന്തമോഹങ്ങൾ അനുസരിച്ചു നടക്കുന്നവരും, വമ്പു പറയുന്നവരും, മുഖസ്തുതി പറയുന്നവരും, ദൈവാത്മാവില്ലാത്തവരും, ഭിന്നത ഉണ്ടാക്കുന്നവരുമാണ്.

ആയതിനാൽ നിത്യജീവൻ പ്രാപിക്കുന്നിന്, ആത്മീക വർദ്ധനവു വരുത്തണം. പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കണം. ദൈവസ്നേഹത്തിൽ തങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളണം. ഇതിനുവേണ്ടി യൂദാ ചില നിർദേശങ്ങളും ഉപസംഹാരമായി ചൂണ്ടിക്കാട്ടുന്നു. സ്വന്തരക്ഷയ്ക്കായും മറ്റുള്ളവരുടെ രക്ഷയ്ക്കായും പ്രവർത്തിക്കുന്നവരാകണം. ജഡീക ഉല്ലാസങ്ങളിൽ മുഴുകിയിരിക്കുന്നവരുടെ ജീർണ്ണിച്ച വസ്ത്രം നീക്കി അവരെ ഉത്സാഹ വസ്ത്രം ധരിപ്പിക്കണം. ജ്ഞാനമതക്കാർ പല ദൈവങ്ങളെകുറിച്ചു പറയുന്നതിനാൽ, ഏക ദൈവത്തിൽ വിശ്വസിക്കുന്നവരാകണം. വ്യാജ ഉപദേഷ്ടാക്കളുടെ കെണിയിൽ അകപ്പെട്ടു വീഴാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളണമെന്നുള്ള ആഹ്വാനത്തോടുകൂടി ഈ ലേഖനം സമാപിക്കുന്നു.

ചോദ്യങ്ങൾ

1. ലേഖനത്തിന്റെ പ്രതിപാദന വിഷയം അഥവാ ലേഖന ഉദ്ദേശം എന്ത്?
2. രക്ഷയെക്കുറിച്ചുള്ള യൂദായുടെ ദർശനം എന്ത്?
3. വ്യാജ ഉപദേഷ്ടാക്കളെക്കുറിച്ച് വ്യക്തമാക്കുവാൻ യൂദാ നൽകുന്ന 3 ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുക.
4. വ്യാജ ഉപദേഷ്ടാക്കളുടെ പൊതു സ്വഭാവങ്ങൾ ഏവ?
5. സ്നേഹസദ്യകളിൽ മറഞ്ഞിരിക്കുന്ന പാറകൾ ഏവ?
6. നിത്യജീവൻ പ്രാപിക്കുന്നിന് നാം എന്തു ചെയ്യണം? ലേഖന പശ്ചാത്തലത്തിൽ വിശദീകരിക്കുക.

■

In Memory of
Mrs. Thankamma Yohannan
Mannumkal House
Kumbazha, Pathanamthitta
Expired on May 9, 2012

Inserted By:
Prof. Dr. C. J. Varughese
Prof. Mrs. Prescilla Varughese
Bobby Varughese &
Sumi Susan Bobby, Alwaya

മനുഷ്യ കേന്ദ്രീകൃതമായ ചികിത്സാരീതി ആവിഷ്ക്കരിക്കണം

ഡോ. തോമസ് മാർ അത്താനാസിയോസ്

പരുമല : സാമ്പത്തിക ലാഭം മാത്രം ലക്ഷ്യമാക്കി ആശുപത്രികൾ പ്രവർത്തിക്കുന്ന ഇക്കാലത്ത് മനുഷ്യ കേന്ദ്രീകൃതമായ ചികിത്സാരീതിയും സൗഖ്യദാന ശുശ്രൂഷയും ആവിഷ്ക്കരിച്ച് നടപ്പാക്കണമെന്ന് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭയുടെ മാനവശാക്തീകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓർത്തഡോക്സ് മെഡിക്കൽ ഫോറത്തിന്റെ മേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു.

ചികിത്സാ സംവിധാനങ്ങളെയോ മരുന്നിനെയോ കേന്ദ്രീകരിച്ചല്ല ചികിത്സ നടത്തേണ്ടത്. മനഃസാക്ഷിയുടെയും മനുഷ്യത്വത്തിന്റെയും അടിസ്ഥാന ബോധ്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ രോഗങ്ങൾ ആക്രമിക്കുന്നു. ധാർമ്മികതയിൽ അടിയുറച്ച ജീവിത രീതി ആവിഷ്ക്കരിക്കുമ്പോൾ രോഗങ്ങൾ അകന്നു നിൽക്കുന്നു. മനുഷ്യത്വവും സത്യസന്ധതയുമുള്ള സമൂഹ സൃഷ്ടിയാണ് സമഗ്രസൗഖ്യത്തിനുള്ള മാർഗ്ഗം.

ഫാ. ഡോ. റ്റി. ജെ. ജോഷ്വ മുഖ്യ പ്രഭാഷണം നടത്തി. വ്യക്തിത്വത്തെ സമഗ്രമായി കണ്ടുകൊണ്ട് സൗഖ്യദാന ശുശ്രൂഷ നിർവ്വഹിച്ച ക്രിസ്തുവിന്റെ മാതൃകയാണ് പിൻതുടരേണ്ടത്. ശരീരവും മനസ്സും ആത്മാവും ഉൾപ്പെട്ട വ്യക്തിയുടെ സമഗ്ര വളർച്ചയും പരിപോഷണവും സഭകളുടെ ലക്ഷ്യമാകണം. വ്യക്തിത്വത്തിന്റെ സമഗ്രതയിലേക്ക് വളരുന്നതിനുള്ള സാഹചര്യങ്ങൾ മതങ്ങൾ ഒരുക്കിക്കൊടുക്കണം. മാനവശാകതീകരണ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറി ഫാ. പി. എ. ഫിലിപ്പ് അധ്യക്ഷത വഹിച്ചു.

ഓർത്തഡോക്സ് മെഡിക്കൽ ഫോറം ജനറൽ സെക്രട്ടറി ഡോ. വർഗ്ഗീസ് പുന്നൂസ്, ഡോ. അലക്സ് പോൾ, വിപാസ്സന ഡയറക്ടർ ഡോ. സിബി തരകൻ, റീജിയണൽ സെക്രട്ടറി ഡോ. ബിജു തോമസ് കാരിച്ചാൽ എന്നിവർ പ്രസംഗിച്ചു. മാനവശാക്തീകരണ വിഭാഗം പ്രസിദ്ധീകരിച്ച 'സമഗ്രസൗഖ്യ' എന്ന പഠന സഹായി ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു. മെഡിക്കൽ ഫോറത്തിന്റെ സംരംഭമായ വിപാസ്സന വൈകാരിക സഹായ കേന്ദ്രത്തിന്റെ വെബ്സൈറ്റ് www.vipassana- mosc.org സമ്മേളനത്തിൽ പ്രകാശനം ചെയ്തു.

For Favours Received



അഭിലാഷ് ഏബ്രഹാം

ഒരു വിശ്വാസി

CORPORATE MANAGEMENT OF M.O.C. COLLEGES

DEVALOKAM, KOTTAYAM – 686 004

No.R(T)/207/2016 Phone: 0481-2573533

WANTED

Applications are invited in the prescribed form for appointment to the post of **Assistant Professors** in colleges under the Corporate Management of Malankara Orthodox Syrian Church Colleges in the following **existing substantive and anticipated vacancies in both open merit and community merit**.

ENGLISH	:	4
MALAYALAM	:	2
HINDI	:	1
SYRIAC	:	1
MATHEMATICS	:	2
PHYSICS	:	1
CHEMISTRY	:	6
ELECTRONICS	:	1
BOTANY	:	1
ZOOLOGY	:	3
HISTORY	:	3
POLITICS	:	1
COMMERCE	:	3

Age, Scale of Pay and Qualifications - As prescribed by the Govt./UGC/M.G. University rules. All appointments are subject to the approval of the Govt. of Kerala and the Mahatma Gandhi University.

Application forms can be had from the undersigned on payment of Rs. 500/- in person and Rs.550/- by post. Applicants should be fully qualified at the time of submission of applications as per University Regulations. Those who are qualified from Universities other than Mahatma Gandhi University should submit the **Equivalency Certificate** from the Mahatma Gandhi University along with the applications. Filled in applications should reach the Secretary, M.O.C. Colleges, Devalokam P.O., Kottayam – 686 004 within 30 days from the date of publication of this notification in the dailies.

Devalokam,
01.06.2016

SECRETARY

NB:-

എം.ഒ.സി. കോളജുകളുടെ ഓഫീസ് ജൂൺ മുതൽ ദേവലോകത്ത് ഹെഡ്ക്വാർട്ടേഴ്സ് ഓഫീസിൽ പ്രവർത്തനം ആരംഭിച്ചു.



Breaking The Word

2016 ജൂൺ 26

പെന്തിക്കോസ്തിക്ക് ശേഷമുള്ള ആറാം ഞായർ

വി: മത്താ. 15:32–39

യേശു അയ്യായിരം പേരെ പോഷിപ്പിച്ച സംഭവം നാം ധ്യാനിച്ചിട്ടുണ്ടാകും.ഇതിൽ ഭൂരിപക്ഷവും വിജാതീയരായ ആളുകളായിരുന്നു. അവിടുന്ന് എല്ലാറ്റിന്റെയും സൃഷ്ടാവാകയാൽ ഇസ്രായേല്യർക്ക് മാത്രമല്ല, വിജാതീയർക്കും താൻ നാഥനാണ് എന്നും എല്ലാവർക്കും താൻ ആത്മീയ പോഷണം നൽകുന്ന വിരുന്ന് ഒരുക്കുന്നുവെന്നും ഈ സംഭവം ഓർമ്മിപ്പിക്കുന്നുണ്ട്.

എല്ലാ സൃഷ്ടികളും ദൈവത്തിന്റെ സാർവ്വത്രികതലം സൂചിപ്പിക്കുന്നു. ഭൂമിയിൽ വർഷങ്ങളോളം കിടക്കുകയും കാട്ടുതീയിലോ,മറ്റ് കഠിനമായ പ്രകൃതി പ്രതിഭാസങ്ങളിലോ മാത്രം പുറംതോട് തകർന്ന് വേരുതേടുന്ന ചില ഇനം വിത്തുകൾ ഉണ്ട് . ആ വിത്തിന്റെ പിറവിക്കായി കാട്ടുതീയുണ്ടാകേണ്ടി വരുന്നു; ഭൂകമ്പങ്ങൾ ഉണ്ടാകുന്നു. എന്നാൽ ഇത് കടുത്ത ഹൃദയങ്ങളുള്ള മനുഷ്യരുടെ വാഴ്‌വിടങ്ങൾ കൂടിയാണിത്. അത്തരമൊരു ലോകത്ത് മനസ്സലിവിന്റെ നാഥൻ ഇടപെടുന്ന

വേദബോധനം

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം

ഈ സംഭവം വിശകലന വിധേയമാക്കുകയാണിവിടെ..

വി.മത്തായിയും വി.മർക്കോസും ഒരുപൊലെ രേഖപ്പെടുത്തുന്ന സംഭവമാണ്–ഏഴപ്പവും ചെറുമീനുകളും കൊണ്ട് നാലായിരത്തിൽ പരം ആളുകളെ പോഷിപ്പിച്ച സംഭവം. സ്വർഗ്ഗരാജ്യത്തിന്റെ സമൃദ്ധിയാണ് അപ്പവും ചെറുമീനും വർദ്ധിപ്പിച്ചതിലൂടെ നാം തിരിച്ചറിയേണ്ടത്.

1. അലിവുള്ള അമ്മ

ദൈവം നമ്മുടെ ലിംഗബോധത്തിനും വിവേചനങ്ങൾക്കും അതീതനാണ്. അതിനാൽ ക്രിസ്തു എല്ലാവർക്കും എല്ലാം ആകുന്നു. കല്ല്യാണവിരുന്നിലെ കുറവുകളിൽ കരഞ്ഞവരോടൊപ്പം കരഞ്ഞ അമ്മയാണ് കന്യാകമറിയം. ആ അലിവ് അമ്മയ്ക്കുള്ളതിലേറെ പുത്രൻ തമ്പുരാനിലും ഉണ്ടായിരുന്നു. അതുകൊണ്ടാണ് ആ അലിവ് മുന്തിരി രസമായി മറ്റുള്ളവർക്ക് വാത്സല്ല്യത്തിന്റെ പന്തിയിൽ പകരപ്പെടുവാനിടയായത്. യേശു പഠിപ്പിച്ച, അലിവിന്റെ ഉപമകൾ ശ്രദ്ധിച്ച് നോക്കൂ- നല്ല ശമര്യാക്കാരനും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും ഒക്കെ നമ്മെ ശുദ്ധീകരിക്കുന്നത് അങ്ങിനെയാണ്. ആസക്തികൾക്കൊടുവിൽ ഒരുപറ്റം ആളുകൾ കല്ലെറിഞ്ഞുകൊല്ലാൻ ഉപേക്ഷിക്കപ്പെട്ട വേശ്യാസ്ത്രീ. അവളുടെ കണ്ണീരിന്റെ മൂടുപടത്തിനപ്പുറമിരുന്ന് കരുണ എന്ന് നിലത്തെഴുത്തിലൂടെ കുറിച്ച ക്രിസ്തുവിൽ അമ്മയുടെ ഭാവമുണ്ടായിരുന്നു. *ദൈവം നിനച്ചതും കുറിച്ചതും കരുണയുടെ വർണ്ണത്തിലുള്ള മഷിയിലായിരുന്നുവെന്ന്* ഒരു എഴുത്തുകാരൻ കുറിച്ചിട്ടുണ്ട്.

'Jesus Of Nazerth' എന്ന പുസ്തകത്തിൽ ബെനഡിക്ട് പതിനാറമൻ മാർപാപ്പ നൽകുന്ന വിവരണം ശ്രദ്ധേയമാണ്. *മനസ്സലിവ്* എന്ന പദത്തിന്റെ ഹീബ്രുമൂലപദത്തിന് *ഗർഭപാത്രം* എന്ന അർത്ഥം കൂടിയുണ്ട് എന്നാണത്. അല്ലെങ്കിലും ഒരു മനുഷ്യജീവിതത്തിൽ ഇത്രയധികം കരുതലും കാവലും ലഭിക്കാവുന്ന ഇടം മറ്റേതാണുള്ളത്. *യേശു അവരെ വിളിച്ച് അവരോട്, എനിക്ക് ഈ ജനസമൂഹത്തോട് മനസ്സലിവ് തോന്നുന്നു. എന്തെന്നാൽ മൂന്ന് ദിവസമായി ഇവർ എന്റെ അടുക്കൽ താമസിക്കുന്നു. അവർക്ക് ഭക്ഷിപ്പാൻ ഒന്നുമില്ല. അവരെ പട്ടിണിയായി പറഞ്ഞയക്കാൻ എനിക്ക് മനസ്സുമില്ലാ. വഴിയിൽ തളർന്ന്പോയേക്കാമെന്ന് പറഞ്ഞു* (വി.മത്തായി.15:32) അവർ വഴിയിൽ തളർന്ന് പോയേക്കുമോ എന്ന് ചിന്തിക്കുന്ന *മനസ്സലിവ്* നാമിവിടെ കാണുകയാണ്. 'യരുശലേമെ,യരുശലേമേ–പിടക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കും പൊലെ നിന്റെ മക്കളെ ചേർത്തുകൊള്ളുവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു' (വി.മത്ത23.27) എന്ന വാക്കുകൾ വായിക്കുക. ഒരു അമ്മക്കിളിയുടെ വിലാപം പോലെയായിരുന്നു അത്. ഒരമ്മ ആഹാരം ഒരുക്കുന്നത് മക്കളെ കരുതുന്നത് കൊണ്ട് കൂടിയാണ്. ആരെയും കരുതുവാനില്ലാതെ പോകുന്നത് കൊണ്ടാണോ നമുക്ക് ഒരുക്കവും കാത്തിരുപ്പും ഇല്ലാതാകുന്നത്?

2. പരിരക്ഷകനായ പിതാവ്

നമ്മുടെ പരമ്പരാഗതസമൂഹത്തിൽ പിതാക്കന്മാർ പരുക്കന്മാരായി കാണപ്പെടുന്നതാണ് പതിവ്. സൈന്യങ്ങളുടെ ദൈവവും,വീരനായ യഹോവായും,സൃഷ്ടാവായ ദൈവവുമൊക്കെ യെഹൂദചരിത്രത്തിൽ പരിചയമുള്ള നാമങ്ങളാണ്.എന്നാൽ ദൈവത്തെ അബ്ബാപിതാവെ എന്ന് വിളിക്കാൻ പഠിപ്പിച്ചത് യേശു നാഥനാണ്. ദൈവത്തെ പിതാവെ എന്ന് വിളിക്കുന്നത് തന്നെ പ്രാർത്ഥനയായി. ദൈവത്തെ പിതാവായി അനുഭവിക്കുമ്പോളാണ് അവ ഹൃദയത്തെ തൊടുന്നതാകുക. മനുഷ്യന് അപരിചിതനായിരുന്ന ദൈവത്തെ പരിചയപ്പെടുത്താൻ പിതാവ് എന്നതിനെക്കാൾ അനുയോജ്യമായ പരിചിതപദമില്ല എന്ന് പറയാം.

നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമായി നാം അനുഭവിക്കുന്ന പിതൃഭാവത്തിന്റെ മിന്നൽപിണർ ക്രിസതുവിൽ ധാരാളം ഉണ്ടായിരുന്നു. ആയതിനാലാണ് യേശുവിന്റെ ചാരേയിരിക്കുന്ന ജനം സ്വയം മറന്ന് അവനോട് കൂടെ ആയിരിക്കുന്നത്. അവർ ആഹാരത്തെയോ,

മറ്റ് വൈയ്ക്തീകാനുഭവങ്ങളെയും മറന്ന് പോകുന്നത് സുരക്ഷിതനായ ആ പിതൃഭാവത്തിന് മുമ്പിലായിരിക്കണം. അപ്പം വർദ്ധിപ്പിക്കുന്ന സംഭവങ്ങളിൽ *വരിയും നിരയും ആയി അച്ചടക്കത്തോടെ ജനത്തെ ക്രമീകരിക്കുന്ന യേശുവിലും* നിറഞ്ഞ് നിൽക്കുന്നത് ഒരു പിതാവിന്റെ ചിട്ടതന്നെയാണ്. ആ ജനസമൂഹം- യേശുവിനോടുകൂടിയുള്ള ദൈവപൈതൽ മറ്റെല്ലാം മറന്ന് ദൈവത്തിലേക്ക് ആകൃഷ്ടരാകുന്ന ഒരു സമൂഹത്തിന്റെ പ്രതീകമാണ്.

യേശുവിലൂടെ പിതൃഭാവത്തെ കാണുകയെന്നത് മാത്രമല്ല, പിതാവാം ദൈവത്തിങ്കലേക്ക് നയിക്കുന്ന മനോഭാവവും നാം കാണണം. അവിടുന്ന് ഈ സംഭവത്തിന് ശേഷം മഗദാദേശത്തേക്ക് മാറിപോകുകയാണ്. എല്ലാ മഹിമയും പിതാവാം ദൈവത്തിന് സമർപ്പിക്കുവാനായിരുന്നു ഇത്. സുവിശേഷങ്ങളിൽ പിതൃഹിതം തികയ്ക്കുന്ന പുത്രനായിരുന്നു യേശു. *പുരാതനനായ വയോധികനെ കന്യക പ്രസവിച്ചുവെന്ന പാട്ട് നമ്മുടെ ഓർമ്മയിലുണ്ടാകുമല്ലോ.* ആ സ്നേഹത്തിന്റെ പൗരാണിക വൃദ്ധനായ യേശുവിൽ പിതൃഭാവം ഈ ലോകവഴിയാത്രക്കാരെ കരുതുന്നുണ്ട്, വഴിയിൽ അവർ തളർന്ന് പോയേക്കാം എന്ന് ആ പിതാവ് നമ്മെ കുറിച്ചും കരുതുന്നു. ആയതിനാൽ വിശുദ്ധ ബലിപീഠത്തിലെക്കടുത്ത് വന്ന് അവന്റെ അത്ഭുതത്തിൽ നമ്മെ ശക്തീകരിക്കാം.

3. വിശ്വഗുരു..

'A Teacher effect eternity; he can never rell where his influvence stops' എന്ന് ഹെന്റി കുറിച്ചത് എല്ലാ അദ്ധ്യാപകരെയും കുറിച്ചാണ്. ഒരു ഗുരു നിത്യതയിലേക്ക് വരെ നമ്മെ നയിക്കും, എപ്പോഴാണ് ആ മഹത് സാന്നിധ്യം നമ്മിൽ ഇല്ലാതാവുകയെന്ന് നമുക്ക് അറിയാനാകുകയില്ല. യേശു ആധികാരിക ബോധനമായിരുന്നു നടത്തിയത്. എപ്പോഴും അവനിൽ നിന്ന് പഠിക്കുവാൻ ജനം പകൽ കാലം ഉപയോഗിച്ചിരുന്നു. ഇരുട്ടിലും നിക്കോദിമോസിനെ പോലെ ചിലർ വെളിച്ചം തേടി അവനരുകിൽ എത്തിയിരുന്നു. അറിവിനൊടുവിൽ അപ്പവും അവൻ നൽകി. ഇന്നും വിദ്യാഭ്യാസ ശൈലികളിങ്ങനെയാണ്- അറിവ് ആർജ്ജനത്തിന്റെ കാലം കഴിയുമ്പോൾ അതിലൂടെ അതിജീവനത്തിന്റെ അപ്പവും അവരെ കാത്തിരിക്കുന്നുണ്ടാകണം.

ഉപജീവനത്തിനുള്ള ഉപാധിയായി വിദ്യഭ്യാസം മാറിയ ഒരു കാലഘട്ടമാണിത്. വിദ്യാഭ്യാസം കേവലം ചില നൈപുണ്യങ്ങൾ നേടിയെടുക്കാനുള്ളതായി തീർന്നിരിക്കുന്നു. നമ്മുടെ നാട്ടിലെ തൊഴിൽശാലകൾക്ക് യോഗ്യരായ തൊഴിലാളികളെ സൃഷ്ടിക്കുന്ന നൈപുണിവികസന കേന്ദ്രങ്ങളാണ് ഇന്ന് കലാലയങ്ങൾ. ശിഷ്യർ ക്രിസ്തുവെന്ന തലയോളം വളരുന്ന ഒരു ജീവിതമാണ് യേശുനാഥന്റെ.ബോധനത്തിലൂടെ സംഭവിച്ചത്.

ദൈവീകാവബോധത്തിലും നീതിബോധത്തിലും വളരുന്ന ഒരു സമൂഹസൃഷ്ടിക്ക് വേണ്ടി നിലകൊള്ളുന്ന ഈ *ഗുരു* പ്രലോഭനങ്ങളിൽ പരാജിതനായവനല്ല. പ്രലോഭകനെ പ്രകാശത്തിലേക്ക് നയിച്ചവനാണ്. പ്രകാശത്തിന്റെ ഗുരുവായ യേശുവിനെ കണ്ട് ഇരുളിന്റെ പ്രഭു ഓടിമറയുന്നത് സുവിശേഷങ്ങളിൽ നാം കാണുന്നു.() *ഗുരുവിൽ അറിവും, അപ്പവും ശേഷിക്കുന്നുവെന്നൊരു* ഓർമ്മപ്പെടുത്തൽ കൂടി ആവശ്യമായിരിക്കുന്നു. മുമ്പ് അയ്യായിരങ്ങളെ പോഷിപ്പിച്ച സംഭവത്തിന് ശേഷം അവൻ 12 കുട്ടകൾ നിറച്ച് ശേഷിച്ചവ ശേഖരിച്ചിരുന്നു. പെഷീത്താ ഭാഷ്യങ്ങളിൽ കുഫീനിൻ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത് (വി.ലൂക്കോ 9: 10 -17)എന്ന് ഭാഷാപണ്ഡിതർ ചൂണ്ടി കാണിക്കുന്നു. എന്നാൽ ഈ വേദഭാഗത്ത് എസ്പ്രീദീൻ എന്ന പദമാണ് ഉപയോഗിക്കുന്നത്. കുഫീനോ സാധാരണ വലിപ്പമുള്ളതും, എസ്പ്രീദോ വളരെയേറേ വലിപ്പമുള്ളതും ആണ്. എസ്പ്രീദോ എന്നറിയപ്പെടുന്ന വലിയ കുട്ടയിലാണ് വി.പൗലോസിനെ ഇറക്കിവിട്ടത്(അപ്പോ.പ്രവൃ9.25) അതായത് യേശുവിൽ അപ്പവും അറിവും തന്നെ സമീപിക്കുന്ന തലമുറകൾക്കെല്ലാം വേണ്ടി കരുതപ്പെട്ടിരുന്നു.ധൂർത്തിന്റെയും അമിത ഉപഭാഗങ്ങളുടെയും കാലത്ത് ശേഷിക്കുന്നവ ശേഖരിക്കാനും ആ ഗുരുനാഥൻ നമ്മെ പഠിപ്പിക്കുന്നു.

2016 ജൂലൈ 3

പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായർ

വി: യോഹ. 3 : 20 – 30

ഗലീല പ്രദേശം കർത്താവിന്റെ മനുഷ്യവതാര ശുശ്രൂഷയുടെ ഏറ്റവും പ്രധാന ഇടമെന്ന് വിശേഷിപ്പിക്കാം. കൂടാതെ കഫർന്നഹും മുതലായ സമീപപ്രദേശങ്ങളിൽ യഹൂദർ തിങ്ങിപാർത്തിരുന്നു. യേശു തമ്പുരാൻ എത്തുന്ന ഭവനം ആളുകളാൽ തിങ്ങിനിറഞ്ഞതായിരിക്കാനതും കാരണമായിരിക്കാം. ഈ സംഭവം ചില ചിന്തകൾക്ക് വെളിച്ചം പകരുന്നു.

1) ബൗദ്ധീകതയും ബന്ധുക്കളും ഏതിരായവൻ

ബൗദ്ധീകസമൂഹവും ബന്ധുക്കളും , യേശുവിന്റെ മനുഷ്യാവതാര പ്രവൃത്തനങ്ങൾക്ക് ഏറ്റവും ഉചിതമായ പിന്തുണയാകേണ്ട രണ്ട് കാര്യങ്ങളായിരുന്നു. പലപ്പോഴും അവ ചില മനുഷ്യർക്ക് എതിരായിരുന്നു. ഇത് സാധാരണതിയിൽ തിന്മയായി മാറുവാൻ ഇടയാകേണ്ടതല്ല. 'അവന്റെ ചാർച്ചക്കാർ അവന് ബുദ്ധിഭ്രമം ഉണ്ടെന്ന് പറഞ്ഞ് അവനെ പിടിക്കുവാൻ വന്നു'(വ.21). 'യെരുശലേമിൽ നിന്ന് വന്ന ശാസ്ത്രിമാരും അവന് ബെയെത്സെബൂൽ ഉണ്ട്. ഭൂതങ്ങളുടെ തലവനെ കൊണ്ട് അവൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്ന് പറഞ്ഞു'(മർക്കോ3:22)

സോക്രട്ടീസിനെ കുറിച്ച് നാം കേട്ടിരിക്കും. അദ്ദേഹത്തെ വധിക്കുന്നതിന്റെ തലേദിവസം അദ്ദേഹത്തിന്റെ ഭാര്യ, "ഇതുവരെയും ഞാൻ നിങ്ങളെ സ്നേഹിച്ചിരുന്നില്ല" എന്ന് ദുഖത്തോടെ പറഞ്ഞു. അദ്ദേഹം ഭാര്യയോട് പറഞ്ഞു 'നീ അങ്ങിനെ വിചാരിക്കേണ്ട; നാം കലഹങ്ങളിലൂടെ സ്നേഹിക്കുകയായിരുന്നു'. ചിലപ്പോഴൊക്കെ പിന്തുണ നൽകേണ്ടവർ അത് ചെയ്യാതിരിക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ വളരെയാണല്ലോ. സഭാംഗങ്ങളായിരുന്ന ചില ആളുകൾ തങ്ങളുടെ നിലപാടുകൾക്കും, സ്വാർത്ഥ താൽപ്പര്യങ്ങൾക്കും വേണ്ടി നിലകൊള്ളുന്നതിലൂടെ സഭ അപമാനിതരാവുന്ന ഘട്ടമുണ്ട്.

2. പൈശാചിക കെണികളിൽ നിന്നുള്ള മോചനം

ഭാരതീയ ചിന്തകളിൽ *'നന്മയക്ക് പകരം തിന്മ ചെയ്യുന്നത് പൈശാചികവും, നന്മയ്ക്ക് പകരം നന്മയും, തിന്മയ്ക്ക് പകരം തിന്മയും ചെയ്യുന്നത് മാനുഷികവും; തിന്മയ്ക്ക് പകരം നന്മ ചെയ്യുന്നത് ദൈവീകവും' ആണ് എന്ന് പറഞ്ഞ് വെച്ചത് നമുക്ക് പരിചിതമാണ്.* ആയതിനാൽ ശാസ്ത്രിമാരുടെ ബൗദ്ധീകത ഒരാളിൽ പൈശാചീകത ആരോപിച്ച് ഒറ്റപ്പെടുത്തുവാ

നുള്ള ശ്രമമാണ്. ഇത് പൈശാചീകമായ പ്രവൃത്തനമാണ്. ദുഷ്ടലാക്കോടെ ചെയ്യുന്ന ഇത്തരം പ്രവൃത്തനങ്ങൾ ബോധ പൂർവ്വം നടത്തപ്പെടുന്നതാണ്. അതിനാൽ പശ്ചാത്താപ ത്തിന് സാധ്യതയില്ലാത്ത ദുഷ്ടതയാണത്. ഇതിനെയാണ് കർത്താവ് പരിശുദ്ധാത്മാവിനെതിരായുള്ള പാപമായി അട യാളപ്പെടുത്തുന്നത്. ആയതിനാൽ മറ്റുള്ളവർക്കെതിരെ ബോധപൂർവ്വം തിന്മയുടെ തിരക്കഥ മെനയുന്ന പൈശാ ചികസ്വഭാവം നമ്മിൽ നിന്ന് മാറ്റപ്പെടണം. എബ്രായ ലേഖനം ഇത്തരം പ്രവണതകളെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. "ദൈവപുത്രനെ ചവിട്ടി കളയുകയുംതന്നെ വിശുദ്ധീകരിച്ച നിയമ രക്തത്തെ മലിനം എന്ന് നിരൂപി ക്കുകയും, കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്ത വൻ എത്ര കഠിനമേറിയ ശിക്ഷയ്ക്ക് പാത്രമാകും എന്ന് വിചാരിക്കുവിൻ" (10.29)

3.കരുത്ത് തകർക്കുന്ന പൈശാചീകതന്ത്രങ്ങൾ:

ആറ്റങ്ങളെ വിഭജിച്ച് സ്ഫോടനം ഉണ്ടാക്കുന്നത് നാം കേട്ടിട്ടുണ്ട്. കുടുംബവും, സഭയും സമൂഹവും ഒന്നായി നിൽക്കുന്നത് അതിന്റെ ശക്തിയെ കാണിക്കുന്നതാണ്. വിഘടനങ്ങൾ ദൗർബ്ബല്യത്തിന്റെയും നാശത്തിന്റെയും ആരംഭമാണ്. സാത്താൻ വിഭജനത്തിന്റെ പ്രഭുവാണ്. *വിഭ ജിച്ച് ഭരിക്കുക* എന്ന അധികാര രാഷ്ട്രീയ തന്ത്രങ്ങൾ പല രാജ്യങ്ങളും വ്യക്തിത്വങ്ങളും ദുർവിനിയോഗിച്ചിട്ടുണ്ട്. നമുക്ക് ശക്തിയായി തീരേണ്ടത് സാത്താൻ തന്റെ വിഭജന ത്തിന് ഇന്ധനമാക്കി മാറ്റുന്നു. ഈ രീതി ഇന്ത്യാ-പാക്കി സ്താൻ വിഭജനത്തിലും ,സഭയിലും,നമ്മുടെ കുടുംബങ്ങ ളിലും ഒക്കെ കാണാവുന്നതാണ് . ആത്മീയ ജീവിതത്തിന് കരുത്ത് പകരുന്ന പ്രാർത്ഥനയും ഉപവാസവും നമ്മുടെ ജീവിതത്തിന്റെ ഭാഗമാകണം.

4. സത്യപ്രബോധനത്തിന്റെ ആവശ്യകത

ഈ സംഭവത്തിന്റെ ചില വശങ്ങൾ ഇന്ന് നമുക്കിടയിൽ ആവർത്തിക്കുന്നുണ്ട്. പരി.സഭയ്ക്കോ,പിതാക്കന്മാർക്കോ എതിരായി നടത്തുന്ന തെറ്റായ ആരോപണങ്ങളും വിശ്വാ സവിപരീതങ്ങളും ഉണ്ട്. കുറ്റാരോപണങ്ങളും മറ്റും ഉണ്ടാ വുമ്പോൾ നാം ചിലപ്പോൾ അവയെ (1)മൗനമായി അംഗീ കരിക്കുകയോ,അതല്ലെങ്കിൽ(2) തെറ്റാണെന്ന് അറിഞ്ഞിട്ടും പ്രതികരിക്കാതിരിക്കുകയോ ചെയ്യാറുണ്ട്. എന്നാൽ യേശു തമ്പുരാൻ ദുരാത്മാവിന്റെ പ്രവൃത്തനങ്ങളെയും ദോഷഫ ലങ്ങളെയും ഒക്കെ വളരെ സൗമ്യമായി പറഞ്ഞ് കൊടു ക്കുകയാണ്. തിന്മ പ്രവൃത്തിക്കുന്നവർക്ക് സത്യവിചാര ബോധനം നൽകി തിരുത്തുവാനും നമുക്ക് സാധിക്കണം. യേശു ഈ കടമയാണ് ഇവിടെ നിർവ്വഹിക്കുന്നത്. സത്യ ത്തിന് മാത്രമെ നിലനിൽക്കാനാവൂ എന്നത് ഈ ദൗത്യ ത്തിന് ശക്തി പകരുന്നു. ഒരിക്കൽ ഗുരുവിനെ ദൈവമായി കണ്ട് ആരാധിക്കുന്ന ശിഷ്യൻ ഗുരുവിനോട് ചോദിച്ചു,ഗുരോ അങ്ങ് എന്തിനാണ് ഈ ലോകത്തിലേക്ക് വന്നത്? ഗുരു അയാളോട് പറഞ്ഞു, ഗുരുവിനെ ആരാധിച്ച് സമയം പാഴാക്കുന്നത് അവസാനിപ്പിക്കാൻ നിന്നെ പോലെയുള്ള വിഢികളെ പഠിപ്പിക്കുവാനാണ് ഞാൻ വന്നിരിക്കുന്നത് അദ്ദേഹം ഉത്തരം പറയുന്നു. അതെ ഗുരുക്കന്മാർ എപ്പോഴും അവാസ്തവമായ കാര്യങ്ങളോട് സന്ധിയില്ലാത്ത സമരത്തി ലായിരിക്കും.

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ 0481-2425444, Res. 2724224, 2727788 (Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

2016 ജൂലൈ 10
പെന്തിക്കോസ്തിക്ക് ശേഷം എട്ടാം ഞായർ
വി: യോഹ. 6:47 – 59

വിശുദ്ധ കുർബ്ബാന അപൂർവ്വചാരുതയുള്ള പ്രതിപാദ്യ മായി മാറുന്ന ഒരു വേദഭാഗമാണിത്. *തന്റെ തിരുശരീരങ്ങളി* ലൂടെ പകരുന്ന അഭൗമീക കൃപയെ കുറിച്ചാണ് ഈ വേദ ഭാഗം പ്രതിപാദിക്കുന്നത്. കഫർനഹുമിലെ സിനഗോഗിൽ കർത്താവ് പഠിപ്പിക്കുമ്പോഴാണ് ഈ സംഭാഷണവും നട ക്കുക. മിക്കപ്പോഴും ഈ സിനഗോഗ് ആ സമൂഹത്തിലെ വലിയൊരു വിഭാഗത്തിന്റെ തിരുവചന പഠനത്തിനും ആരാ ധനയ്ക്കും ഇടമായി തീർന്നു. കർത്താവ് പലപ്പോഴും പഠി പ്പിക്കുകയും അടയാളങ്ങൾ പ്രവൃത്തിക്കുകയും ചെയ്തതും ഇവിടെയാണ് എന്നോർക്കുക.

മോശ മരുഭൂമിയിൽ തങ്ങൾക്ക് മന്നാ നൽകിയെന്ന യൂദ രുടെ അവകാശവാദമാണ് ഈ സത്യപ്രകാശനത്തിലേക്ക് കർത്താവിനെ നയിക്കുന്നത്. യഹൂദർക്ക് അത്ര താൽപ്പര്യ മല്ലാത്ത വാഗ്പ്രയോഗങ്ങളാണ് *മാംസം ഭക്ഷിക്കുക, രക്തം കുടിക്കുക* എന്നീ പദപ്രയോഗങ്ങളൊക്കെ. എന്നാൽ ഇവ വി.കുർബ്ബാന അനുഭവത്തിന്റെ പശ്ചാത്തലത്തിൽ മാത്രമെ ഇവ ഗ്രഹിക്കാനാകൂ. അപ്പം വർദ്ധിപ്പിക്കുകയും,അപ്പത്തെ കുറിച്ച് പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇവിടെ ഉപ യോഗിക്കുന്ന വാക്കുകൾ വി.കുർബ്ബാനയെ കുറിക്കുന്നതാ ണ്. ബലിയർപ്പണത്തെ കുറിച്ച് വിശദമായ പ്രതിപാദ്യങ്ങൾ ഈ സുവിശേഷത്തിൽ പിന്നീട് സൂചിപ്പിക്കുന്നതിനാലാവാം ഈ ഭാഗത്ത് അവ വിട്ട് കളഞ്ഞിരിക്കുന്നത്. കർത്തൃശരീര രക്തങ്ങൾ ഭക്ഷിക്കുക വഴി നമുക്ക് ലഭിക്കുന്ന ഫലങ്ങളെ കുറിച്ച് നമുക്ക് ചിന്തിക്കാന്നതാണ്.

1. ജീവന്റെ നിത്യതേജസ്സ്: വി.കുർബ്ബാന അനുഭവത്തെ കർത്താവിന്റെ വാക്കുകളിൽ ഇപ്രകാരം പറയാം. 'സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ മനുഷ്യ പുത്രന്റെ ശരീരം ഭക്ഷിക്കാതെയും, രക്തം പാനം ചെയ്യാ തെയുമിരുന്നാൽ നിങ്ങളിൽ ജീവനുണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്'. ജീവനാണ് ഒരു ദേഹിക്ക് തേജസ്സ് പകരുന്നത്. മരണം ജീർണ്ണതയുടെ പ്രതീകമാണ്. നമ്മിലെ ജീവൻ എന്നതിനെക്കാൾ മനോഹരമായ എന്താണ് സത്യത്തിൽ ഉള്ളത്. നമ്മുടെ മനോഹരമായ ശരീരമാണ് പലപ്പോഴും ഈ ലോകജീവിതത്തിലെ സർവ്വ പ്രകടനങ്ങ ളിലേക്കും നയിക്കുന്നത് എന്നതാണ് നമ്മുടെ ധാരണ. എന്നാൽ ആത്മാവ് വേർപിരിഞ്ഞ ഒരു ശരീരം അത് എത്ര മനോഹരമായലും ലോകത്ത് നിന്ന് മാറ്റപ്പെടുവാനുള്ളതായി ആണ് വിശ്വാസികളും അവിശ്വാസികളും താൽപ്പര്യപ്പെടു ന്നത്. അതു കൊണ്ട് യഥാർത്ഥ വസന്തമെന്നൊക്കെ നാം പറയുന്നത് ജീവന്റെ ഉത്സവചാരുതക്കാണ് എന്നോർക്കുക. നിത്യജീവന്റെ ഊർജ്ജസ്രോതസ്സ് ക്രിസ്തുവാണ്.

എന്നാൽ ഈ നശ്വരതയ്ക്കപ്പുറം നമുക്ക് സാംഗത്യം നൽകുക ക്രിസ്തു മാത്രമാണ്.നമ്മുടെ അലങ്കാരങ്ങൾ ഈ ലോകത്തിന്റെ കവാടത്തിൽ ഉപേക്ഷിക്കപ്പെടുന്നതാണ്

എങ്കിൽ, നരച്ച മുടിയിഴകളെ കുറിച്ചും, പാടുകൾ വീഴുന്ന ഒരു ശരീരത്തെ കുറിച്ചും നാം ആശങ്കപ്പെടുന്നതിലേറെ നമ്മുടെ ആത്മാവിനെ കുറിച്ച് നാം വിചാരപ്പെടേണ്ടതാണ്. വേനലിൽ വാടിപോകുന്ന ചില ചെടികളെ പോലെയാണോ നാം. കർത്താവിന്റെ തിരുശരീര രക്തങ്ങൾ ഭക്ഷിക്കുകയെന്നത് നമ്മുടെ തേജസ്സാണ് എന്നോർമ്മിക്കുക.സൗന്ദര്യത്തെക്കാൾ നൂറ് മടങ്ങ് പ്രകാശം പരത്തുന്ന ഒന്നാണ് നിത്യജീവൻ എന്നത്. ഇതാണ് ഇന്ന് നമുക്ക് നഷ്ടപ്പെടുന്നത്. ഒരു വേനലിലും നഷ്ടപ്പെടാത്ത ഒന്ന്, മരണത്തിന്റെ പൊള്ളലുകൾക്ക് അടർത്തിയെടുക്കാൻ കഴിയാത്തതാണ് ക്രിസ്തു നമുക്ക് നൽകുന്നത്. 'ഞാൻ നൽകാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി കൊടുക്കുന്ന എന്റെ മാംസമാകുന്നുവെന്ന്'(വ.6.51) യേശു പറഞ്ഞത് ഇതിനെ കുറിച്ചാണ്. പിന്നീട്, അത് യാഥാർത്ഥ്യമായ ആ അന്ത്യരാത്രിയിൽ 'അപ്പം വാഴ്ത്തി ശിഷ്യർക്ക് നൽകികൊണ്ട് പറഞ്ഞു, ഇത് നിങ്ങൾക്കായി നൽകപ്പെടുന്ന എന്റെ ശരീരമാകുന്നു'(ലൂക്കോ 22.19) എന്നിങ്ങനെ കർത്താവ് ഈ വേദഭാഗത്ത് പറഞ്ഞ അതേ വാക്കുകളാൽ തന്നെ ആ വലിയ മർമ്മത്തെ അനുഷ്ഠിച്ചു.

2)അമർത്ത്യതയുടെ ഔഷധം: വി.കുർബ്ബാന നമ്മുടെ കർത്താവിന്റെ സ്ലീബായെ ഓർമ്മിപ്പിക്കുന്നു. തിരുബലി അത്യുന്നതന്റെ സന്നിധിയിലേക്കും നമ്മുടെ സമസൃഷ്ടങ്ങളിലേക്കും പാലമായി മാറുന്നു. സ്ലീബായുടെ മുകളിലേക്കും വശങ്ങളിലേക്കും ഉള്ള കുരിശ് രൂപം കർത്താവിന്റെ വചനപ്രഭ പോലെ തന്നെയായിരുന്നു. ഉന്നതങ്ങളിലേക്ക് കൈകൂപ്പി നിന്ന പുരോഭാഗം നിത്യതയെ കുറിക്കുന്നതാണ്.ഈ അപ്പം ഭക്ഷിക്കുന്നവൻ എല്ലാം എന്നേയ്ക്കും ജീവിക്കും.(വ.51) മണ്ണിൽ നിന്ന് ഉയർന്ന് സൂര്യനിലേക്ക് നോക്കി ചിരിച്ച് നിൽക്കുന്ന ഒരു സൂര്യകാന്തി പൂവിനെപോലെ നാമും നിത്യതയ്ക്ക് അഭിമുഖമായി വളരുവാനുള്ള കൃപയാണ് ക്രിസതുവിന്റെ ശരീരരക്തങ്ങൾ നമുക്ക് പ്രദാനം ചെയ്യുന്നത്. അതുകൊണ്ട് അത് താൽക്കാലികമായ വേദനകളുടെയും കഷ്ടതകളുടെയും ഇടയിൽ ചിതറിപോകുന്നില്ല. ഇവിടെയാണ് അമർത്ത്യതയുടെ ഔഷധമാണ് വി.കുർബ്ബാന എന്ന ആ നിർവ്വചനം ഓർമ്മിക്കേണ്ടത്.

3. ഐക്യത്തിന്റെ പ്രസരണങ്ങൾ: ഒരു ക്രിസ്തീയ കുടുംബത്തിന്റെയോ, സഭയുടെയോ ഒക്കെ യോജിപ്പ് ക്രിസ്തുവിലൂടെ ലഭിക്കുന്ന ഐക്യമാണ്. 'എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു'(വ.56) പിതാവും പുത്രനും തമ്മിലുള്ള ആളത്വപരമായ ബന്ധത്തിന്റെ ഒരു മാതൃക നമ്മിൽ പൂർണ്ണമാകേണ്ടതുണ്ട്. മുന്തിരി തണ്ടിൽ വസിക്കുന്ന ശാഖകളെ പോലെയുള്ള(വി.യോഹ 15: 1-10) ഒരു യാഥാർത്ഥ്യമാണിത്. ക്രിസ്തുവിൽ നിന്നടർന്ന് പോയ യൂദാസ് കെട്ടി ഞാന്ന് ചാകുന്നതിന് കാരണം ഈ ഐക്യത്തിന്റെ ഭ്രംശമായിരുന്നുവെന്ന് ഓർമ്മിക്കുക. ക്രിസ്തുവിൽ നിന്നകലുമ്പോൾ നമുക്ക് ഫലം കായ്ക്കുവാൻ കഴിയുകയില്ല എന്നതിന് അത് ഉദാഹരണമാകുന്നു. അനൈക്യം തന്നെ ആത്മീയ മരണത്തിന് കാരണമാകുന്നു.

2016 *ജൂലൈ 17*

പെന്തിക്കോസ്തിക്ക് ശേഷം ഒൻപതാം ഞായർ

വി: ലൂക്കോ. 14:7-14

നാം പലപ്പോഴും ചില സിംപോസിയങ്ങൾ കണ്ടിട്ടുണ്ടാകും. ഗൗരവ്വമായി തീൻമേശകൾക്കരികെ നടത്തുന്ന ചർച്ചകളാണല്ലോ അവ. ഒരു വിരുന്നിനോട് ചേർന്ന് മുഖ്യാസനങ്ങൾ നേടിയെടുക്കുന്ന തത്രപാടിനെ വിമർശിച്ച് കർത്താവ് നൽകിയ പാഠത്തെ ലൂക്കോസ് ഒരു സിംപോസിയം പോലെ ഭംഗിയായി നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നു. *'Respect is to be deserved,not demanded' എന്ന് ഒരു ചൊല്ല് തന്നെയുണ്ട്. വിനയത്തിന്റെ* വിഭിന്നഭാവങ്ങളെ അവതരിപ്പിക്കുന്ന ഈ വേദഭാഗം ഈ ആത്മീയ സത്യത്തിലേക്ക് വിരൽചൂണ്ടുകയാണ്.

1. സ്വർഗ്ഗത്തിന്റെ അവകാശികൾ!

സ്ഥാനങ്ങളെ ചൊല്ലിയുള്ള കലഹങ്ങളും കൊലപാതകങ്ങളും ഒട്ടേറെ ഉണ്ടായിട്ടുണ്ട്. 'വിജയികളെയല്ല, വിശുദ്ധരെയാണ് ' താൻ പരിഗണിക്കുന്നത് എന്ന് സൂചിപ്പിക്കുന്ന ഒരു വേദഭാഗമാണിത്. മരുഭൂമിയിലെ പിതാക്കന്മാരുടെ കഥകളിൽ വി.മക്കാറിയോസിനോട് അദ്ദേഹത്തെ പരീക്ഷിച്ച് പരാജിതനായ സാത്താൻ പറയുന്നത്, 'നിന്നെ എനിക്ക് പരാജിതനാക്കാനാവില്ല, എന്തെന്നാൽ നിന്റെ *വിനയം* അതെന്നെ പരാജയപ്പെടുത്തുന്നു' എന്നാണ്. ഇവിടെ സൂചിപ്പിക്കുന്ന എളിമ അഭിനയമല്ല. അതൊരു അടിസ്ഥാനഭാവമായി നമ്മിലുണ്ടാകണം.

മുഖ്യാസനങ്ങൾ ചിലരെ മറ്റുള്ളവരുടെ ഉള്ളിൽ നമ്മെ കുടിയിരുത്തുവാനുള്ള ആഗ്രഹത്തിൽ നിന്നാണ് രൂപപ്പെടുന്നത്. ഒരു നിർവ്വചനം മാർ ഐറേനിയോസ് തിരുമേനി സൂചിപ്പിച്ചിരുന്നു. 'Fame is the vain attempt to fill another person's mind with oneself'. പ്രശസ്തിയുടെ ഉറവിടം ഇങ്ങിനെയാണ്. ഒരർത്ഥത്തിൽ പ്രകടനാത്മകമായ എല്ലാ ഭാവങ്ങളും മറ്റുള്ളവരുടെ ഉള്ളിൽ കടന്നെത്താനുള്ള ഒരു ഉപാധികളാണ്. *ഒരുക്കി വെച്ച മുഖ്യാസനങ്ങളിൽ ചിലത് ഇരയ്ക്കായി കാത്ത് വെച്ച കെണിപോലെയാണ്* എന്നൊരു പൂരകം കൂടി ഓർമ്മിക്കുക. സമ്പന്നതയുടെ

Himaharsham matrimony
End to End Marriage Solutions

ഓർത്തഡോക്സ്, യാക്കോബായ സുറിയാനി സഭകളിലെ അംഗങ്ങൾക്ക് അനുയോജ്യരായ വധു വരന്മാരെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് Himaharsham Matrimony എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുള്ളത്.

നമ്മുടെ സഭാംഗങ്ങൾ വധൂവരന്മാരെ അന്വേഷിക്കുമ്പോൾ നമ്മുടെ സഭയുടെ പൈതൃകവും മൂല്യങ്ങളും കാത്തുസൂക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്ന സത്യവിശ്വാസികളുടെ കുടുംബാംഗങ്ങളുമായി വിവാഹാലോചനകൾ നടത്തുന്നതിന് ഈ വെബ്സൈറ്റ് ഉപകരിക്കപ്പെടും.

ആയതിനാൽ വിവാഹാലോചന നടത്തുവാൻ ആഗ്രഹിക്കുന്നവർ ബയോഡേറ്റയും ഫോട്ടോയും

www.himaharshammatrimony.com

എന്ന വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുകയോ താഴെ കാണുന്ന ഇമെയിൽ/ടെലിഫോൺ വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഈ പ്രസ്ഥാനം വളരുവാനും ഓർത്തഡോക്സ്, യാക്കോബായ സുറിയാനി സമാംഗങ്ങൾക്ക് അനുഗ്രഹമായി തീരുവാൻ നിങ്ങൾ പ്രാർത്ഥിക്കുകയും പേരുകൾ രജിസ്റ്റർ ചെയ്ത് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Reg. Fees: Three Months Rs. 1000/- | Six Months Rs. 2000/- | Twelve Months Rs. 4000/-

For more details:
Himaharsham Matrimony
Thekkethuruthel Buildings, Manganam P.O., Kottayam - 686 018
www.himaharshammatrimony.com
himaharshammatrimony@gmail.com
Tel. No. 0481-6051510 | 9447366629 | 9744733159

കിനാവുകൾ നൽകുന്ന മുഖ്യാസനങ്ങൾ ഒരുക്കി വച്ച് സമൂഹത്തെ കൊള്ളയടിക്കുന്ന ചില പ്രസ്ഥാനങ്ങളെ കേരളം കഴിഞ്ഞകാലങ്ങളിൽ കണ്ടിട്ടുണ്ട്.

പത്രോസ് മാർ ഓസ്താത്തിയോസ് മെത്രാച്ചൻ തന്റെ വാർദ്ധക്യ കാലത്താണ് ആ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. അക്കാലത്ത് ഉന്നതവിദ്യഭ്യാസം ലഭിച്ച അദ്ദേഹത്തെ മുമ്പ് നിരവധി തവണ മെത്രാൻ സ്ഥാനത്തേക്ക് ക്ഷണിക്കപ്പെട്ടിരുന്നു. എന്നാൽ മലമടക്കുകളിലും, അധസ്ഥിത സമൂഹത്തിനും വഴി കാട്ടുവാൻ സ്വയം പ്രതിഷ്ഠിച്ച അദ്ദേഹം അത് നിരസിക്കുകയായിരുന്നു. ഇത് ബോധ്യമുണ്ടായിരുന്ന *സഭാഭാസുരൻ കുറിച്ചത് മൂക്കഞ്ചേരിൽ പത്രോസ് കത്തനാർ എന്നെങ്കിലും സന്നദ്ധനാകുന്നെങ്കിൽ അദ്ദേഹത്തെ മെത്രാച്ചനാക്കണം* എന്നാണല്ലോ.ഭൂമിയുടെ അവകാശികൾ ആര്? എന്ന് ചോദിക്കുന്നത് പോലെ, സ്വർഗ്ഗരാജ്യത്തിന്റെ അവകാശികൾ ആര് എന്ന് നാം ചോദിച്ചാൽ അത് നിസ്വരുടെയും വിനീതരുടെയും ആണ് എന്ന് ഈ വേദഭാഗം അടയാളപ്പെടുത്തുന്നു. 'സ്വയം ഉയർത്തുന്നവർ താഴ്ത്തപ്പെടുമെങ്കിൽ'(വ.11) ഭൂമിയിൽ സ്വർഗ്ഗം തീർക്കുന്ന സ്വാർത്ഥമതികൾ എത്ര വലിയ ദുരന്തത്തിലാണ് സ്വയം പ്രതിഷ്ഠിക്കുന്നത് എന്ന് ചിന്തിക്കുക.

2. വിനയത്തിന്റെ കാപട്യഭാവങ്ങൾ

യേശു തമ്പുരാൻ ഈ ചെറിയ ഉപമയിലൂടെ വലിയ ആശയലോകത്തേക്കാണ് കൈ ചൂണ്ടുന്നത്. *ഒരു ഗുരു ആകാശത്തെ പൂർണ്ണ ചന്ദ്രനിലേക്ക് വിരൽ ചൂണ്ടുമ്പോൾ ശിഷ്യൻ ഗുരുവിന്റെ വിരൽ തുമ്പ് മാത്രം കാണുന്നവനാകുമ്പോൾ ഗുരു നിസഹായനാകുന്നു.* ഒരിക്കൽ ഒരു ഗുരു ചോദിച്ചു? 'ആരാണ് സമാധാനം അന്വേഷിക്കുന്നത്' ? കേട്ടവരിൽ ഒരാൾ പെട്ടെന്ന് '*ഞാൻ* സമാധാനം അന്വേഷിക്കുന്നു'വെന്ന് പറഞ്ഞു. ഗുരു പറഞ്ഞു 'നിന്നിലെ *ഞാൻ* എന്നത് മാറുമ്പോൾ സമാധാനം ഉണ്ടാകും'

ജീവിതത്തെ ലളിതമാക്കുന്നതിന്റെ പാഠങ്ങൾ യേശുവിൽ നിന്ന് നമുക്ക് ആർജ്ജിക്കുവാനാകണം. അൽവാറിയോസ് തിരുമേനിയും, മദർതേരേസായുമൊക്കെ സ്വന്തം വ്യക്തിത്വങ്ങളുടെ മഹത്വം ഒക്കെ ഉരിഞ്ഞിട്ട് ക്രിസ്തു വഴികളെ സഞ്ചരിച്ചത് ഇങ്ങിനെയാണ്. കുപ്പായത്തിലും, പദവികളിലും, അഹങ്കാരത്തിലും മുഖം മറച്ചിരിക്കുന്ന കപട വിനയ ധാരികൾ പതനം തേടുന്ന കൊട്ടാരം പോലെയാണ് എന്ന ചിന്തയുണ്ടാകണം.

2016 ജൂലൈ 24

പെന്തിക്കോസ്തിക്ക് ശേഷം പത്താം ഞായർ

വി: മത്താ. 18:1-11

എന്നും വ്യക്തതയുള്ള ബോധനങ്ങളാണ് യേശുനാഥൻ നൽകിയത്. ക്രൈസ്തവ സമൂഹം റോമ്മാ സാമ്രാജ്യത്തിലെ സ്ഥാനമാനങ്ങളുടെ അധികാരശ്രേണികളൊക്കെ അതിനു ഊടും പാവുമായി സ്വീകരിച്ചിട്ടുണ്ട്. സന്ന്യാസ വഴികളിൽ തീക്ഷണതുടെ പ്രതീകമായിരുന്ന കുമ്റാൻ സമൂഹത്തിൽ പോലും ചില പ്രത്യേക സ്ഥാനക്രമങ്ങൾ ഉണ്ടായിരുന്നുവത്രേ. ഇതൊക്കെ മനസ്സിലാക്കി പരിചയിച്ച കർത്തൃ ശിഷ്യന്മാർക്ക് ചില വ്യക്തികളോ, സമൂഹങ്ങളോ പത്രോസിന് പ്രത്യേക പരിഗണഗന നൽകുന്നതിലുള്ള അമർഷവും മറ്റും ഉണ്ടാവുന്നിൽ അതിശയോക്തിയില്ല. ഇതൊക്കയാണ് സ്വർഗ്ഗരാജ്യത്തിലെ വലിയവൻ *ആരാണ് എന്ന ചോദ്യത്തിലേക്ക് നയിച്ചത് എന്ന് ചില വ്യഖ്യാതാക്കൾ പറയുന്നു. കർത്താവ് ഇവിടെ അവതരിപ്പിച്ച ഉത്തരം ഒരു ശിശുവായിരുന്നു. അത് ആ സമൂഹത്തിലെ ജീവിക്കുന്ന, മുഴക്കമുള്ള ഉത്തരമായിരുന്നു. ഈ ഉത്തരധ്വനികളിൽ ചിലതാണ് ഇവിടെ കുറിക്കുന്നത്.*

1. പദവികളെ പാർശ്വവത്ക്കരണത്തിന് ഉപകരണമാക്കരുത്.

കർത്താവ് നടുവിൽ നിർത്തിയ *ആ ശിശു* അവരുടെ ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരമായി. ഈ ശിശു അന്ത്യോഖ്യായിലെ വി.ഇഗ്നാത്തിയോസ് ആണ് എന്നത് സുവിദിതമാണല്ലോ. കർത്താവ് അവനെ എടുത്തു എന്ന അർത്ഥത്തിൽ *ദൈവം വഹിച്ചവൻ* എന്നർത്ഥമുള്ള *തെയോഫോറസ്* എന്ന അപരനാമവും അദേഹത്തിന് ലഭിച്ചു.

ഇന്നത്തെ ലോകസാഹചര്യങ്ങളിൽ ഈ ഉദാഹരണം വിശകലനം അർഹിക്കുന്നുണ്ട്. സ്ത്രീകളും കുട്ടികളും ആണ് ലോകത്തിൽ ഏറ്റവും ചൂഷണം അനുഭവിക്കുന്ന രണ്ട് വിഭാഗങ്ങൾ. ഗലാത്യ ലേഖനത്തിലെ ഒരു സൂചന 'അവകാശി...ശിശുവായിരിക്കുന്നിടത്തോളം ദാസനേക്കാൾ ഒട്ടും സവിശേഷതയുള്ളവനല്ല' (ഗലാത്യ 4:1) എന്നാണല്ലോ. ശിശുവിന് എല്ലാം ദാനങ്ങളായിട്ടാണ് പരിഗണിക്കപ്പെട്ടുവന്നത്. അത് യോഗ്യതയുടെയോ മറ്റും വിധത്തിലാണ് എന്ന് ചിന്തിക്കപ്പെട്ടിരുന്നില്ല. *പദവികൾ ഒന്നും ഇല്ലാത്ത ഒരു ശിശു സ്വർഗ്ഗരാജ്യത്തിനർഹനാണ് എന്ന് പറയുമ്പോൾ സ്വർഗ്ഗരാജ്യ പരിഗണനകൾ ലോകത്തിന്റെ ക്രമങ്ങളിൽ നിന്ന് വ്യത്യസ്തമെന്ന് സൂചിപ്പിക്കപ്പെടുന്നു. ശിശുക്കൾ ദുർബലരാണ്.* എല്ലാ വിധത്തിലും അവരെ കരുതേണ്ടവർ തന്നെ അവരെ ചൂഷണം ചെയ്യുന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ ലോകം വിഭാവനം ചെയ്യുന്ന *മഹത്വം* പണവും പദവിയും നൽകുന്നത് മാത്രമാണ്. ശിശുവിന് സഹജമായ നൈർമ്മല്ല്യമാണ് യേശു പ്രധാനമായി കാണുന്നത്. ബാലവേലയും ലൈംഗീക ചൂഷണവും അടക്കമുള്ള സാമൂഹ്യ തിന്മകളുടെ ഇരകളായി കുഞ്ഞുങ്ങൾ തീരുന്നുണ്ട്. ഇത്തരത്തിലുള്ള ചൂഷണങ്ങൾക്കെതിരെ സഭാമക്കൾ പ്രവൃത്തിക്കേണ്ടത് എത്ര അനിവാര്യമാണ് എന്ന് ചിന്തിക്കുക

2. വളർച്ചയുടെ വഴിയിൽ നഷ്ടപ്പെട്ട നന്മയാണ് ശൈശവം.

ശിശുക്കളുടെ അകവും പുറവുമെല്ലാം ഒന്ന് തന്നെയാണ്. അവർ നൈസർഗീകതയുടെ നേരവകാശികളാണ്. ആ അടിസ്ഥാന സ്വഭാവം മനുഷ്യന് ഉണ്ടാവേണ്ട ദൈവാശ്രയ സ്വഭാവത്തെയും,ദൈവം നമുക്ക് എല്ലാവർക്കും പിതാവാണ് എന്നതിനെയും വെളിപെടുത്തുന്നു. *അപ്പോൾ എനിക്ക് വളർച്ചയുടെ വഴികളിൽ നഷ്ടപ്പെട്ട നന്മയാണോ ശൈശവം എന്ന് ചിന്തിക്കേണ്ടി വരുന്നു. അന്തോണി ഡി മെല്ലോ കുറിച്ചത് പോലെ,* ഗുരു പറഞ്ഞു 'ഇതാണ് നിന്റെ തെറ്റ് നീ ദൈവത്തെ പുറത്ത് അന്വേഷിക്കുന്നു'. എന്നാൽ അവനെ എനിക്ക് ഉള്ളിൽ കാണുവാനാകുമോ? 'നിന്റെ അകം തന്നെ നിന്റെ പുറവുമെന്ന് നീ കാണണത്തെന്ത്' ?

ശ്രീനാരായണ ഗുരു എഴുതിയത് പോലെ *ശിശുവാകുകയെന്നാൽ അറിവും അർത്ഥവും, അകവും,പുറവുമെല്ലാം ഒന്ന് തന്നെയാവുക* എന്ന് തന്നെ. വിവിധ ഭാവങ്ങളുടെ മുഖം മൂടികൾ മാറി മാറി അണിയുന്നതാണ് വ്യക്തിത്വ വളർച്ചയുടെ അടിസ്ഥാനസ്വഭാവമെന്ന് മനശാസ്ത്രകാരന്മാർ. *പേർസോണാ* എന്ന പദം തന്നെ *മുഖം മൂടി* എന്ന അർത്ഥം ഉള്ളതാണ്. എല്ലാം ശിശുക്കളിൽ ശുദ്ധഭാവത്തിൽ കാണാം. ചിരിയും കരച്ചിലും എല്ലാം നൈസർഗീകമായി സംഭവിക്കുന്നതാണ്. സ്നേഹം തന്നെ ഒരു നടനഭാവമാക്കി മാറ്റിയ നമ്മുടെ ലോകത്ത് നിന്ന് ഒരു പൈതലിനെ പോലെ പിതാവിങ്കലേക്ക് ദൃഷ്ടിയുയർത്തുവാനാവുന്ന ദൈവശ്രയം വർദ്ധിപ്പിക്കണേ എന്ന് പ്രാർത്ഥിക്കാം.

■

സമ്യഗ് ദർശനം



ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

ഒരു മനുഷ്യനെ ശത്രുക്കൾ പിന്തുടർന്ന് ഓടിക്കുകയായിരുന്നു. അയാൾ വളരെ വ്യഗ്രതപ്പെട്ട് ശത്രുക്കളിൽ നിന്ന് ഓടി രക്ഷപെടാൻ ശ്രമിച്ച് കൊണ്ടിരിക്കുകയുമാണ്. അവർ അടുത്തടുത്ത് വരികയാണ്. ഓരോ നിമിഷവും അടുത്ത് അടുത്ത് വരുന്ന കുതിരകുളമ്പടികളെ അയാൾക്ക് കേൾക്കാമായിരുന്നു. അത് മരണമാണ് രക്ഷപെടാൻ യാതൊരു മാർഗ്ഗവുമില്ലെന്നു തോന്നുന്നു. കാരണം അയാൾ വഴിമുട്ടി നിൽക്കുകയാണ്. നിരത്ത് അവസാനിച്ചിരിക്കുന്നു. അയാൾ അഗാധമായൊരു ഗർത്തത്തിന്റെ വക്കിലെത്തി. എടുത്തു ചാടുകയാണെങ്കിൽ അയാൾ തീർച്ചയായും മരിക്കും. തിരിഞ്ഞോടാൻ കഴിയില്ല കാരണം ശത്രുക്കൾ അയാളെ കൊല്ലും. താഴേക്ക് എടുത്തു ചാടിയാൽ ചിലപ്പോൾ രക്ഷപെടാൻ സാധ്യതയുണ്ടെന്ന് അയാൾ പ്രതീക്ഷിക്കുന്നു ഒരു പക്ഷെ അംഗവൈകല്യം സംഭവിച്ചാലും ചിലപ്പോൾ ജീവൻ കിട്ടുമല്ലോ. എന്നാൽ ഒരത്ഭുതം സംഭവിച്ചാൽ അംഗവൈകല്യം കൂടാതെ തന്നെ രക്ഷപെടുകയും ചെയ്യാം. എന്നാൽ ഗർത്തത്തിലേക്ക് അയാൾ സൂക്ഷിച്ച് നോക്കി അയാളെ വിഴുങ്ങാൻ വായ് പിളർന്ന് നിൽക്കുന്ന രണ്ട് സിംഹങ്ങൾ. മറ്റ് വഴികളൊന്നും കാണാതെ പുറകോട്ട് പോകാനും മുന്നോട്ട് പോകാനും ആകാതെ ഒത്ത നടുവിൽ ഒരു മരത്തിന്റെ വേരിൽ അയാൾ പിടിച്ച് തൂങ്ങുന്നു.

അത് തണുപ്പുള്ള ഒരു പ്രഭാതമായിരുന്നു. അയാളുടെ കൈകൾ മരവിക്കാൻ തുടങ്ങി. നിമിഷങ്ങൾക്കുള്ളിൽ ആ വേരിൽ പിടിച്ച് തൂങ്ങി നിൽക്കാൻ പോലും കഴിയില്ലെന്ന് അയാൾക്ക് മനസ്സിലായി. അയാളുടെ കൈകൾ വഴുതിപ്പോകുന്നുണ്ടായിരുന്നു. എല്ലാ പിടുത്തങ്ങളും അയാൾക്ക് നഷ്ടപ്പെടുകയായിരുന്നു. ഓരോ നിമിഷം കഴിയുന്തോറും മരണം സുനിശ്ചിതമായിത്തീരുകയാണെന്ന് അയാൾക്ക് മനസ്സിലായി.

അപ്പോൾ രണ്ട് ചുണ്ടെലികൾ ഒന്ന് കറുത്തതും ഒന്ന് വെളുത്തതും ആ മരത്തിന്റെ വേര് കടിച്ച് മുറിക്കുകയാണെന്ന് അയാൾ കാണുന്നു. ആ ചുണ്ടെലികൾ കാലത്തെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്ന് അയാൾക്കു ബോധ്യപ്പെട്ടു. രാവും പകലും ജീവിതത്തിന്റെ നാരായ വേരുകളാണ് അറുത്ത് കളയുന്നത് എന്ന് അയാൾ മനസ്സിലാക്കി രാവും പകലും മരണത്തിലേക്ക് അടുത്ത് കൊണ്ടിരിക്കുകയാണ്. ചുണ്ടെലികൾ പണികൾ തുടരുകയാണ് അയാളുടെ കൈകൾ മരവിച്ചുകൊണ്ടിരിക്കുന്നു. താഴ്വരയുടെ അഗാധതയിൽ സിംഹങ്ങളുടെ ഗർജ്ജനം അയാൾ കേൾക്കുന്നു. മറുവശത്ത് ശത്രുക്കൾ അടുത്ത് അടുത്ത് വരുന്ന ശബ്ദവും അയാൾ കേൾക്കുന്നു. അയാളുടെ സ്ഥിതി വളരെ ദയനീയമായി.

പെട്ടെന്ന് മരത്തിന്റെ മുകളിൽ ഒരു തേനീച്ച കൂട് അയാളുടെ ദൃഷ്ടിയിൽപ്പെടുന്നു. ആ കൂട്ടിൽ നിന്ന് തേൻതുള്ളികൾ താഴേക്ക് കിനിത്തിറങ്ങിക്കൊണ്ടിരിക്കുന്നു. ശത്രുക്കളെക്കുറിച്ചും സിംഹങ്ങളെക്കുറിച്ചും കറുത്തതും വെളുത്തതുമായ എലികളെക്കുറിച്ചും മരവിച്ച് കൊണ്ടിരിക്കുന്ന സ്വന്തം കൈകളെക്കുറിച്ചും അങ്ങനെ എല്ലാറ്റിനെക്കുറിച്ചും അയാൾ മറന്ന് പോയി അയാളുടെ മനസ്സ് ആ തേൻതുള്ളികൾ കേന്ദ്രീകരിക്കപ്പെടുന്നു. അയാൾ വായ തുറക്കുന്നു. ആ തേൻതുള്ളി നാവിൽ ഇറ്റിറ്റ് വീഴുന്നു. വളരെ മധുരമൂറുന്ന തേൻതുള്ളികൾ അയാൾ ആർത്തിയോടെ അകത്താക്കി. അയാൾ മുകളിലേക്ക് നോക്കുമ്പോൾ തേൻകൂടിനടുത്ത് ഫണം വിരിച്ചാടുന്ന ഒരു സർപ്പം അതിൽ വിഷം വമിപ്പിക്കുന്നു.

മനുഷ്യജീവിതത്തിന്റെ യാത്രകളും അതിനിടയിൽപ്പെടുന്ന ആകർഷണ വലയങ്ങളും എത്ര സാധ്യതയാണ് പകരുന്നത് എന്ന് ഈ കഥ ഓർമ്മിപ്പിക്കുകയാണ് സർവ്വതിന്റെയും മാധുര്യമാണ് ആദ്യം നമ്മുടെ കണ്ണിൽപ്പെടുക. അതിന്റെ സൗന്ദര്യമാണ് നമ്മുടെ കണ്ണിൽ ഉടക്കുക. എത്ര സമയം ഈ മധുരം, എത്രനേരം ഈ സൗന്ദര്യം നിലനിൽക്കും എന്നത് എക്കാലത്തേയും മനുഷ്യന്റെ മുമ്പിലെ ചോദ്യചിഹ്നമാണ്. ആർത്തിയുടെ, ആസക്തികളുടെ, ആസ്വാദനങ്ങളുടെ നാവുകൾ നീട്ടിയിരിപ്പാണ് നമ്മൾ എല്ലാ ദിശകളിൽ നിന്നും നമ്മെ വേട്ടയാടാവുന്ന മരണത്തെപ്പറ്റി നാം മറന്ന് പോയിരിക്കുകയാണ്. നൈമിഷികമായ ചില രക്ഷപെടലുകൾ മാത്രം നടത്തി പുതിയ പ്രലോഭനങ്ങളുടെ വാതായനങ്ങൾ നമുക്ക് മുമ്പിൽ തുറന്ന് കൊണ്ടേയിരിക്കുന്നു.

ആദ്യം നമുക്കിത് തോന്നുക ആശ്വാസത്തിന്റെ വഴിയെന്നാണ് എന്നാൽ അകപ്പെട്ടു കഴിഞ്ഞാവും എല്ലാറ്റിന്റെയും അപകടവഴികൾ നമുക്ക് വെളിപ്പെടുക. താത്കാലികമായ ഒരു ആശ്വാസ വഴികളിലും അകപ്പെടാതിരിക്കാനുള്ള കരുത്ത് നേടുക എന്നതാണ് ആത്മീയത. ഹൊ! എന്തെല്ലാമാണ് നമ്മെ ഭ്രമിപ്പിക്കുക. ഭക്ഷണം... ലൈംഗികത... പണം... പദവി... അധികാരം... സൗന്ദര്യം തേൻതുള്ളികൾ നമുക്ക് നേരേ ഇറ്റ് വീണ് കൊണ്ടിരിക്കുകയാണ്. ആർത്തിയോടെ വായ് പിളർന്ന് അത് നാവിൽ തൊടുമ്പോഴാണ് നാമറിയുക അതിന് പിന്നിൽ വിഷമാവേശിപ്പിക്കുന്ന ഒരു സർപ്പമുണ്ടായിരുന്നെന്ന്.

ചില അന്ധതകളാണ് സർവ്വതിനെയും പ്രാപിക്കാൻ നമ്മുടെ ഇന്ദ്രിയങ്ങളെ ബലഹീനമാക്കുന്നത് ചില വെളിച്ചങ്ങളാണ് മാധുര്യമെന്ന് തോന്നുന്നവയെ മറികടക്കാൻ നമ്മെ ശക്തമാക്കുന്നത്. "വെളിച്ചമുണ്ടാകട്ടെ" എന്ന് ദൈവം എന്നും പറഞ്ഞിട്ടും നമ്മൾ വെളിച്ചമില്ലാതെ എത്രനാൾ? തേൻതുള്ളികൾ ഇറ്റ് വീഴ ുന്നതിനെ അകമ്പടി സേവിച്ച് നമ്മൾ എത്ര ദൂരം...?

E-mail: fr.thirumangalam@gmail.com

പഠനം

സ്വർഗ്ഗവും നരകവും

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ആകുലതയിൽ നിന്ന് ഉടലെടുക്കുന്ന ഒരു ചിന്തയായി സ്വർഗ്ഗത്തേയും നരകത്തേയും നമുക്ക് മനസ്സിലാക്കാം. ഇവിടെയായിരിക്കുമ്പോൾ നന്മ ചെയ്തു ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരു പ്രധാന ചിന്തയാണ് ഈ ധ്രുവ സങ്കല്പങ്ങൾ സ്വർഗ്ഗവും നരകവും.

■ ഫാ. കെ. വി. ഏലിയാസ്

പരിശുദ്ധ സഭ എന്നും ഓർക്കേണ്ടതായി പറയുന്ന കാര്യങ്ങളാണ് 'മരണം, ന്യായവിധി, സ്വർഗ്ഗം-നരകം' എന്നിവ. സ്വർഗ്ഗവും നരകവും യാഥാർത്ഥ്യമാണെന്നകാര്യമാണ് ഇതിലൂടെ സഭ പഠിപ്പിക്കുന്നത്. എങ്കിൽ എന്താണ് സ്വർഗ്ഗം, എന്താണ് നരകം എന്നചോദ്യം പ്രസക്തമാണ്. വി. വേദപുസ്തകം, ചരിത്രം, സഭയുടെ ആരാധനാ ക്രമം എന്നിവയിലൂടെ ഇവസംബന്ധിച്ച ഒരന്വേഷണമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. സ്വർഗ്ഗവും നരകവും രണ്ട് 'സ്ഥല'ങ്ങളാണെന്ന (Space) ചിന്തയാണ് പൊതുവെ സഭ വച്ചുപുലർത്തുന്നത്.

സ്വർഗ്ഗവും നരകവും വേദപുസ്തകത്തിൽ

പുറപ്പാട് 20:4, ആവർത്തനപുസ്തകം 5:8 ഭാഗങ്ങളിൽ പത്തുകല്പനകൾ പറയുന്നിടത്ത് പ്രപഞ്ചത്തെ മൂന്നു തട്ടുകളാക്കി സൃഷ്ടിച്ചിരിക്കുന്നുവെന്ന ഒരു പരാമർശമാണുള്ളത്. 'മേൽ സ്വർഗ്ഗത്തിലോ, താഴെ ഭൂമിയിലോ ഭൂമിക്കുകീഴെ വെള്ളത്തിലോ' എന്ന് പറയുമ്പോൾ ദൈവത്തിന്റെ ലോകസൃഷ്ടി മൂന്നു തട്ടുകളായാണെന്ന് പറയുന്നു. ഈ ആശയം സങ്കീർത്തനക്കാരനും പിന്തുടരുന്നു (ഉദാ. സങ്കീ. 115:15-17). സ്വർഗ്ഗം ദൈവത്തിന്റെ സിംഹാസനവും ഭൂമി അവന്റെ പാദപീഠവുമാണ്.

സ്വർഗ്ഗം

ലോകസൃഷ്ടിയെക്കുറിച്ചുപറയുന്ന ഉല്പത്തി 1:6-8 ഭാഗങ്ങളിൽ 'ആകാശം' എന്ന പ്രയോഗം എബ്രായ ഭാഷയിലെ 'സ്വർഗ്ഗം' എന്ന അർത്ഥം വരുന്ന വാക്കിന്റെ വിവർത്തനമാണ്. ഇവിടെയും സങ്കീ. 148:4 ലും ഭൂമിക്കു മേലുള്ള ഒരു വിതാനമാണ് സ്വർഗ്ഗം/ആകാശം. അത് തൂണുകളാൽ താങ്ങി നിർത്തിയിരിക്കുന്നതായി ഇയ്യോബ് 26:11ലും, അടിസ്ഥാനമുള്ളതായി 2 ശമു. 22:8ലും നാം വായിക്കുന്നു. മഴയും മഞ്ഞും കന്മഴയും ഇടിയുമെല്ലാം പുറപ്പെടുന്നത് ഇവിടെ നിന്നാണ് (പുറ. 9:2235, യെശയ്യ 55:10, യോശു. 10:11). ദൈവം നൽകുന്ന അടയാളങ്ങൾ കാണുക ഈ വിതാനത്തിലാണ്. (ഉല്പ. 9:12-17). ദൈവസൃഷ്ടിയുടെ സമഗ്രത (totality) ആകാശവും ഭൂമിയും ചേർന്ന് സൂചിപ്പിക്കുന്നു. അങ്ങനെ സ്വർഗ്ഗം/ആകാശം ഒരു ഭൗതിക യാഥാർത്ഥ്യമായി വി. വേദപുസ്തകം ചിത്രീകരിക്കുന്നു.

ദൈവം സീനായ് പർവ്വതത്തിലും (ആവ. 33:2, സങ്കീ. 68:17) ദേവാലയത്തിലും (1 രാജാ 8:12-13, സങ്കീ. 68:17-18, യെഹസ്കീ. 43:7) സീയോനിലും (സങ്കീ. 74:2, യെശ 8:18, യോവേൽ 3:17, 21) വസിക്കുന്നുവെന്നുണ്ടെങ്കിലും ദൈവത്തിന്റെ അധിവാസസ്ഥലം സ്വർഗ്ഗമാണെന്ന പരാമർശം (യെശ. 6:1, സങ്കീ. 11:4, യെശ. 66:1), സൃഷ്ടിയിൽ നിന്നും ദൈവം വേറിട്ടു നിൽക്കുന്നുവെന്നും ദൈവം പ്രപഞ്ചാതീതഭാവനാണെന്നും (transcendent) വ്യക്തമാക്കുന്ന ഒരു പരാമർശമാണ്. അതുകൊണ്ട് രക്ഷയുടെ ഉറവിടം സ്വർഗ്ഗമാണ് എന്ന് മനസ്സിലാക്കാം.

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള യഹൂദ ചിന്തയുടെ ഉത്ഭവത്തോടെ മരിച്ചവർ ദൈവത്തോടുകൂടെ സ്വർഗ്ഗത്തിൽ വസിക്കുന്നുവെന്ന ചിന്ത രൂപപ്പെട്ടു. അപ്പോക്രിഫാ ഗ്രന്ഥങ്ങളായ അബ്രഹാമിന്റെ പ്രമാണം, 2 എസ്ദ്രാസ് എന്നീ പുസ്തകങ്ങൾ ഈ ചിന്ത മുന്നോട്ടുവയ്ക്കുന്നു (ദാനീ. 12:2-3).

സ്വർഗ്ഗം നിത്യാനന്ദത്തിന്റെ ഇടമാണെന്ന ചിന്ത പുതിയനിയമം സാക്ഷ്യപ്പെടുത്തുന്നു (യോഹ. 14:2, 2 കൊരി 5:1-10). ഇത് വിശ്വാസികളുടെ

സുരക്ഷാകേന്ദ്രമാണ് (ഫിലി. 3:20, എബ്രാ. 11:16, വെളി. 11:12). പൗലോസ് ശ്ലീഹാ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു (2 കൊരി. 12:2) എന്ന പ്രസ്താവം സ്വർഗ്ഗം വ്യത്യസ്ത തലങ്ങളിലുണ്ടെന്ന സൂചനയാണ്. പ്രവാസാനന്തര യഹൂദ ലിഖിതങ്ങൾ സ്വർഗ്ഗത്തെ ഏഴു തലങ്ങളുള്ളതായി ചിത്രീകരിക്കുന്നുണ്ട്. ഇതിൽ ഒന്നോ അതിലധികമോ ദുഷ്ടന്മാരുടെ ശിക്ഷയ്ക്കുള്ള ഇടമാണത്രെ.

അതെന്തായിരുന്നാലും യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണമാണ് നീതിമാന്മാരായ സകല മനുഷ്യർക്കും മാതൃക (യോഹ. 14 :11-3, 1 കൊരി. 15:20-28, റോമ. 8:29-30).

നരകം/പാതാളം

യവനഭാഷയിൽ 'ഹെയ്ഡ്സ് ' എന്നും എബ്രായഭാഷയിൽ 'ഷെയോൾ' എന്നും പറയുന്ന ഈ സ്ഥലം മരിച്ചവർ എല്ലാവരും ചെന്നുചേരുന്ന ഇടമാണ്. പീഡനത്തിന്റെ സ്ഥലമല്ല മൃതരെല്ലാവരും ചെന്നെത്തുന്ന ഒരു പൊതു ഇടമാണിത് എന്ന് അപ്പോക്രിഫാ പുസ്തകങ്ങൾ വിവരിക്കുന്നു (2 മക്കാ. 6:23, ഹാനോക്കിന്റെ പുസ്തകം 102:5, 103:7 മുതലായവ).

പുനരുത്ഥാന സമയത്ത് പാതാളം അതിലേല്പിച്ചിരുന്ന സകലരേയും തിരിച്ചേൽപ്പിക്കും. (ഹാനോക് 51:3; 2 എസ്ദ്രാസ് 4:42, വെളി. 20:13) അതായത്, പാതാളത്തിന്റെയും പൂർണ്ണനിയന്ത്രണം ദൈവത്തിനു തന്നെ.

മരിച്ചുകഴിഞ്ഞാൽ ഏഴുദിവസത്തേക്ക് മൃതരുടെ ആത്മാക്കൾ സ്വതന്ത്രമായി നടന്ന് നീതിമാന്മാർക്കുള്ള പ്രതിഫലവും തിന്മചെയ്തവർക്കുള്ള പീഢനങ്ങളും ചുറ്റിനടന്നു കാണുന്നുവെന്ന് 2 എസ്ദ്രാസ് 7:55-101 ഭാഗങ്ങളിൽ കാണുന്നു. നിത്യദണ്ഡനത്തിന്റെ സ്ഥലമായി നരകത്തെ ചിത്രീകരിക്കുന്നത് പിൽക്കാല രചനകളിലാണ്.

വി. ആരാധനാക്രമത്തിൽ

നമ്മുടെ വി. കുർബ്ബാനയിൽ സകല പരേതരെയും (ആനീദെ) ഓർക്കുന്ന ഞായറാഴ്ചത്തെ സെദ്റായിൽ ഇങ്ങനെ വായിക്കുന്നു, 'മറഞ്ഞു കിടക്കുന്നതായ മരിച്ചവരെ കബറുകളുടെ ഉള്ളിൽ നിന്ന് പുറത്തുകൊണ്ടു വരുവാനായി വിളങ്ങുന്ന പാതാളത്തിന്റെ വാതിൽ തുറക്കപ്പെടുന്നു", പാതാളം സകല പരേതരുടെയും വാസസ്ഥലമെന്ന കാര്യമാണ് ഇവിടെയും സൂചിതം.

മുഖസ്തുതിയില്ലാത്തതായ നീതിയോടുകൂടിയ ഭയങ്കര ന്യായവിധി ദിവസത്തിൽ ഇവരെയെല്ലാം ഒരുമിച്ചുകൂട്ടും ന്യായവിധിയുടെ ശേഷമാണ് യഥാർത്ഥത്തിൽ ശാശ്വതമായ ജീവനോ നിത്യനാശമോ ഒരുവനു ലഭിക്കുന്നത്. ന്യായവിധിയിലേയ്ക്കു പ്രവേശിക്കാതെ മരണത്തിൽ നിന്ന് ജീവനിലേയ്ക്കു കടക്കണമെന്നാണ് നാം പ്രാർത്ഥിക്കുന്നത്. വൈദികരുടെ ശവസംസ്കാര ശുശ്രൂഷയിൽ (3-ാം ക്രമം പ്രുമിയോൻ - സെദ്റാ) 'ദു:ഖങ്ങളില്ലാത്തതും മരണം വാഴ്ച നടത്താത്തതുമായ' ഒരുസ്ഥലമാണ് സ്വർഗ്ഗം എന്ന് കാണുന്നു. വേദനകളോ ദു:ഖങ്ങളോ നെടുവീർപ്പുകളോ അവിടെയില്ല. ഇങ്ങനെയുള്ള ഒരുദേശത്തേയ്ക്ക് ഈ ആത്മാവ് പറന്നുയരണം എന്നും പറയുന്നു. അതായത്, നീതിമാന്മാർക്കായി കാത്തുവച്ചിരിക്കുന്നതും ഭൂമിയിൽ നിന്നും ദൂരെ ഉയരത്തിലുള്ളതും അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് മുതലായ പൂർവ്വികർ വസിക്കുന്നതും, പുത്രനാം ദൈവം മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നതുമായ 'മഹോന്നത' മാണ് സ്വർഗ്ഗരാജ്യം. വേദപുസ്തകം നമുക്ക് മുമ്പിൽ അവതരിപ്പിച്ച മൂന്നു തട്ടുകളുള്ള പ്രപഞ്ചസങ്കല്പത്തെ അങ്ങനെ അടിയുറച്ചു വിശ്വസിച്ചുതന്നെയാണ് വി. സഭ സ്വർഗ്ഗത്തെ മനസ്സിലാക്കുന്നത്. യെശയ്യാവ് തന്റെ ദർശനത്തിൽ കണ്ടതും (6-ാം അദ്ധ്യായം) ഈ സ്വർഗ്ഗം തന്നെ. അത് ദൈവത്തിന്റെ വാസസ്ഥലം. നന്മ ചെയ്തവർ ചെന്നുചേരുന്നയിടം, ഇതുവരെ ജീവിച്ച് കടന്നുപോയ വിശുദ്ധർ സന്തോഷാനന്ദാഹ്ലാദത്തോടെ വസിക്കുമിടം.

നമ്മുടെ ആരാധനാ ക്രമങ്ങൾ പാതാളത്തെ സങ്കടരംഗമായി ചിത്രീകരിക്കുന്നു. ആഴമേറിയ കുഴിയിലേക്ക് വിളിക്കപ്പെടുകയെന്നാൽ നിത്യദണ്ഡനത്തിലേക്കു നിപതിക്കുകയെന്നാണ്. വെള്ളത്തിനുവേണ്ടിയാചിക്കുന്ന ധനവാന്റെ അവസ്ഥയാണിത്. ഈ നരകം-അബദ്ദോൻ-ന്യായവിധിനാൾവരെ മൃതർ തങ്ങുന്ന സ്ഥലമല്ല, പ്രത്യുത ന്യായവിധിയിൽ തിന്മചെയ്തവരായി വിധിക്കപ്പെട്ട് ശിക്ഷിക്കപ്പെടുന്നവർ നിത്യനാശത്തിന്, ദണ്ഡനത്തിന് അടിപ്പെടുന്ന സ്ഥലമാണ്.

വലതുഭാഗത്തെ കുഞ്ഞാടുകളോടു ചേരുക, ജീവന്റെ സ്ഥാനത്തു നീതിമാന്മാരുടെ കൂട്ടത്തിൽ ചേരുക (സ്ത്രീകളുടെ ശവസംസ്കാരം. 1-ാം ശുശ്രൂഷ സ്ലൂസോ, 3-ാം ശുശ്രൂഷ സ്ലൂസോ) 'സ്വർഗ്ഗരാജ്യത്തിലെ മണവറയും തോട്ടവും മേശയും' കർത്താവിൽ നിന്ന് നേടുക (ഹൂത്തോമ്മോ ശവസംസ്കാരം) എന്നൊക്കെ പറയുന്നത് സ്വർഗ്ഗരാജ്യാനുഭവം.

പുനരുത്ഥാന ദിവസം വരെ വസിച്ചിട്ട്, ന്യായവിധിക്കു വിധേയപ്പെട്ട് ശിക്ഷിക്കപ്പെടുന്നവരുടെ അവകാശം നരകം. കെടാത്ത തീയും, ചാകാത്ത പുഴുവും, അന്ധകാരവും അവിടുത്തെ അവസ്ഥയാണ്. പാപികൾ ഈ ആഴമേറിയ കുഴിയിലേക്ക് വിധിക്കപ്പെട്ട് ഇടത്തുഭാഗം നിത്യദണ്ഡനത്തിലേയ്ക്ക് തള്ളപ്പെടുകയും ചെയ്യപ്പെടുന്നു. ഈ അവസ്ഥയാണ് നരകം.

വേദപുസ്തകം സ്വർഗ്ഗത്തേയും നരകത്തേയും ഒരു ത്രിതല പ്രപഞ്ചഘടനയിലാണ് അവതരിപ്പിക്കുന്നത്. മദ്ധ്യത്തിൽ നാം വസിക്കുന്ന ഭൂമി. സ്വർഗ്ഗം ജീവനിലേയ്ക്കു മാറുന്നവരുടെ, ആശ്വാസവും ആനന്ദവും നിറഞ്ഞ സ്ഥലം. നരകമാകട്ടെ തിന്മ ചെയ്തവർ ന്യായവിധിക്കുശേഷം ശിക്ഷിക്കപ്പെട്ട് അവകാശമാക്കുന്നയിടം. നിത്യസൗഭാഗ്യത്തിന്റെയും നിത്യദണ്ഡനത്തിന്റെയും രണ്ടു ധ്രുവങ്ങളായി സ്വർഗ്ഗവും നരകവും നമുക്ക് മുമ്പിൽ വിരചിതമാക്കുന്നു. ഈ അർത്ഥത്തിൽ തന്നെയാണ് പരിശുദ്ധ സഭയും, അതിന്റെ ആരാധനാ ക്രമങ്ങളിലൂടെ സ്വർഗ്ഗത്തേയും നരകത്തേയും വിശദമാക്കാൻ ശ്രമിക്കുന്നത്.

ആത്യന്തികമായി, മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ആകുലതയിൽ നിന്ന് ഉടലെടുക്കുന്ന ഒരു ചിന്തയായി സ്വർഗ്ഗത്തേയും നരകത്തേയും നമുക്ക് മനസ്സിലാക്കാം. ഇവിടെയായിരിക്കുമ്പോൾ നന്മചെയ്തു ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരു പ്രധാന ചിന്തയാണ് ഈ ധ്രുവ സങ്കല്പങ്ങൾ (സ്വർഗ്ഗവും നരകവും) നമുക്ക് തരുന്നത്. ■



Towards Just and INCLUSIVE COMMUNITIES

We, the delegates from 30 Member Churches, 17 Regional Christian Councils, 17 All India Christian Organizations, 7 Related Agencies and 3 autonomous bodies gathered for the XXVIII Quadrennial Assembly of the National Council of Churches in India that met in Jabalpur, Madhya Pradesh India. It was hosted by Jabalpur Diocese of Church of North India from 27-30 April 2016, deliberating on the theme "Towards Just and Inclusive Communities".

The cry for Justice and Inclu sivity arises from the context of socio-political, economic, cultural and other challenges in the country. Lack of social protection undermines the spirit of inclusive society. A vast majority of people in our society have no ability to raise voices to express their opinion on how the societies they live in, should run. One gets the impression that the present Government of India has the agenda of making the whole country a Hindu nation in which the adherents of minority religions are marginalized. It is a great threat to the democratic values of our country. Unfortunately, this traditionally peace-loving country is plagued by communal problems. Even food culture has been violated in the name of religion. Exclusive marginalisation continues on an increasing scale; various sectors in the society keep on being victimized because of such marginalization. It is a negative impact which hinders growth. In the cries and struggles of the marginalized for justice, there is hope for the realization of inclusive communities within the Church and society.

Today, Injustice and Exclusiveness have become the bleeding wounds of all creation. There is suffering, darkness and hopelessness all around. It is against the very act of creation which bears witness to God's loving and creative inclusion. This creator God loves all without discrimination (Matt 5:44-45). The original vision of harmonious relationship between God-Humans-Nature needs to be reaffirmed, reconciled and restored.

Contextual Reflections

In the emerging global order there is rising economic and social inequality. God's creation is groaning under the pressure of greed, selfishness and endless pursuits of affluence by a miniscule minority of the human race, based on exploitation of nature and human race, meant to meet the basic needs of all the creatures of the world.

The keynote address delivered at the Quadrennial Assembly highlighted that there is a cross in every resurrection, and raised the question "Is there a resurrection in every cross?" in the context of the myriad sufferings in the world. Human beings tend to be so overwhelmed by their sufferings that they do not discern the resurrection hope in suffering. We have to experience the cross and the resurrection.

The phenomena of injustice in the world also leads to the sin of exclusivity. However, God who has created us diverse and unique, upholds the principle of inclusivity. Diversity should be celebrated and respected, leading to integration of all creation. Jesus, in the prayer for his disciples (Jn. 17:21) asked God that "they may be all one" crossing all barriers of culture and tradition. We should have the same concern for our co-creation. Human beings should likewise break down all dividing walls of injustice and hostility. In the conversation with the Samaritan woman in John 4, Jesus challenges all of us to break the walls of ethnicity, caste, class and gender, so that we all become one in God. Bearing the image of God, we are all called to review and renew our relationship with one another based as the principle of justice and peace.

The contemporary context challenges churches in India and the ecumenical movements to review their present mission paradigms. They would have to collectively discern the signs of the times, identify the needs and challenges of creation, critically examine their diaconal engagements, and commit themselves to relevant, liberative, just and inclusive expressions of the Gospel.

In the Indian context, the church needs to urgently respond by seriously reflecting on the following:

1. Remembering Christ in all walks of life;

2. Revisiting Hospitality to establish Inclusive communities;

3. Reaffirming Life for Justice.

Specific issues based on Biblical reflection in the Indian Context

Life gives opportunity to identify and to name the spaces of injustice and exclusion. Death does not allow us to recognize and to name. Jesus has given us life in abundance, which gives us power to name and recognize the problems/issues/concerns for leading abundant life.

We have found the way towards resurrection and hope, but we are not ready to participate in the journey .... THE CHURCH NEEDS TO MEND ITS WAYS so that it can participate responsibly in God's Redeeming Work. Failure to mend leads to being vulnerable to marginalization and consequent victimization in society.

Following are the areas of mending which the church needs to reconsider for action:

1. Jesus said, 'the Kingdom of God belongs to children... those accepting little ones accept the Kingdom of God'. Regrettably, though children hold kingdom values, homes / churches / societies do not give them space in the mainstream of life. The children of our land are asking for space and recognition in our homes, churches, and societies.

2. Jesus as a dynamic youth, actively participated in the church and society of his time. Today youth of the church are in need of being inspired by the life and witness of Jesus for active participation.

3. Theologies of lives affirm the importance of holistic fellowship. Hence there is the need to cross diverse margins and to meet, interact, mutually edify and challenge.

4. Jesus, even in the moment of betrayal and death, washed the feet of his disciples. A similar principle and practice is evident in the people's Diakonia. The Church needs to adopt this service model of Jesus in its ministry.

5. Acts 8 talks about the Ethiopian eunuch entering the fellowship of believers through baptism. The church should be concerned about including people with sexual diversities to complement the mission of God.

6. The Nazareth Manifesto is a prophetic call of Jesus to work with the ignored, rejected and broken people in the society. Dalits and tribals should constitute the main mission concern of the Church; they should not be relegated to the sub-mission of the Church.

7. Jesus used relevant modes of communication to preach and motivate. Today the church needs to reconsider its communication for promoting life and dignity for everyone.

8. The birth, passion, death and resurrection of Jesus remind us of the role of women in his life. Jesus encouraged and motivated a woman to be an apostle to the apostles. In the light of Jesus' example, the Church is challenged to respond to women / gender issues sensitively and responsibly.

9. Being aware of his civil rights as a citizen, Jesus addressed civil and political issues of his time. Therefore, individuals and Churches need to be encouraged to participate in the democratization process in our country that helps to deepen social political and economic democracy at the grassroots.

10. John 15 highlights that 'through Jesus all the branches are connected to bear fruit'. The disabled too are branches and are rightfully members of the body of Christ that bears fruit. The church needs to recognize this vital relationship.

A Call to... NCCI:

• Being an ecumenical space for all the orthodox and protestant churches and ecumenical movements in India, it needs to facilitate stronger relationships among member churches and all Christian communities at large.

• To promote Just and Inclusive communities which practise Christian values and ethos.

• To engage in protecting the constitutional values of the Republic of India.

A Call to... Churches:

• To get rid of practices of injustice and exclusion, and to extricate its mission from aligning with financial and political powers, and to purge itself of corrupt religious and socio-economic systems and structures. Hence we will have to practice and promote caste-free, classless, gender-equal churches as just and inclusive communities.

• To restore the beauty and integrity of God's creation.

■

DOCTORATE

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും നിയമത്തിൽ പി.എച്ച്.ഡി നേടിയ അഡ്വ. ഡോ. ജെയ്സി കരിങ്ങാട്ടിൽ *കേരളത്തിലെ കുടുംബ കോടതികൾ* എന്ന വിഷയത്തിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് ഡയറക്ടർ ഡോ. ജോർജ്ജ് ജോസഫിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസത്തിൽ എം.എ.യും, ബൗദ്ധിക സ്വത്തവകാശ നിയമത്തിൽ എൽ.എൽ.എം ഉം, ബി.എഡും കരസ്ഥമാക്കി. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും എൽ.എൽ.ബിക്ക് രണ്ടാം റാങ്കും ലഭിച്ചു. യുവജനപ്രസ്ഥാനം കേന്ദ്ര സെക്രട്ടറിയായിരുന്നു.

ആയൂർ പുഞ്ചക്കോണം സി. കിര്യാന്റെയും തങ്കമ്മ കിര്യാന്റെയും മകളും ഓർത്തഡോക്സ് സെമിനാരി പ്രൊഫസർ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിലിന്റെ (ചീഫ് എഡിറ്റർ, മലങ്കര സഭാ മാസിക) സഹധർമ്മിണിയുമാണ്. പന്തളം അറത്തിൽ സെന്റ് ജോർജ്ജ് മഹാ ഇടവകാംഗം. മക്കൾ: ബോധിഷ്, ബോധിഷ.

BRIDE GROOM WANTED

Orthodox parents seeks alliance for their daughter 26 yrs 155 cm, working a Assistant Professor at an aided college, kottayam, invites proposals from parents of professionally qualified god fearing boys.

Contact :
9447175864

BRIDE WANTED

Orthodox parents from outside kerala invite proposals for their son 29 years, 178 cm, ME, PhD, and postdoctoral scientist working in USA. God fearing and professionally qualified girls Orthodox, Jacobite, Marthoma family, USA, Gulf and Outside kerala preferred.

Contact: 09405510316, 09970507182, 9403658512

BRIDE GROOM WANTED

Orthodox girl, 24/160, BDS, doing internship invite proposals from parents of professionally qualified employed boys.

Contact:
9447119538, 9495553689

BRIDEGROOM WANTED

MBBS DCH Orthodox Girl 27 160 Very Fair Seeks Alliance From Well Employed Professionals B Tech / MBBS / MD. M4 I'd - 4143994.

Contact 08860217159 /9447278610 .

Parents Originally from Pathanamthitta, currently settled in Bangalore.

BRIDE GROOMWANTED

Orthodox parents from Kerala invites proposals for their son, 26/176 M.Tech in Aeronautics from IIT Kanpur. Now working in GE Aviation at Banglore.

CONTACT No.:
9447800992

BRIDE & BRIDEGROOM WANTED

Pune settled Orthodox parent seek alliance from noble God fearing Orthodox/Jacobite/Malankara/Marathomite families for my children.

Daughter: 26/162, medium complexion, MCA, working in Pune. Professionally qualified employed boys in India or abroad.

Son: 29/167, medium complexion, B.Com, MBA, working in abroad (Baharin) professionally qualified employed girls in India or abroad (preferable Baharin)

020 - 27412630 / 9890757028 bini.virgo@gmail.com

For Favours Received

Achamma George

പാവനസ്മരണ

"നിന്റെ മഹത്വമുദിക്കുംനാൾ, നിൽക്കണമിവർ വലഭാഗേ"

അന്നാമ്മ ചാണ്ടി (103) (29-06-2011)

ചെറിയാൻ ചാണ്ടി (80) (22-7-1985)

ആശാര്യത്ത്, പാറേകുന്നിൽ
കോയിപ്രം- ചെങ്ങന്നൂർ

സന്തപ്ത കുടുംബാംഗങ്ങൾ

മകൻ: പി.സി. ഏബ്രഹാം, മരുമകൾ: ജോളി ഏബ്രഹാം
മക്കൾ, കൊച്ചുമക്കൾ

ആശാര്യത്ത്, KN-35 അങ്കമാലി

3rd Death Anniversary (17-06-2016)

Kolady House
Eranahipalam,
Calicut
Inserted by:
Sorrowing Family

K. GEORGE JOSEPH

For Favours Received

ഒരു വിശ്വാസി



Mary Ninan

ഒരു വിശ്വാസി

മാധ്യമ വിചാരം

പുതിയ സർക്കാരിൽ കണ്ണുംനട്ട്...

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ പ്രമുഖ സ്ഥാനമാണ് പത്രമാധ്യമങ്ങൾക്ക്. അഞ്ചു വർഷത്തേക്കുള്ള ഇടതു തരംഗം പ്രമുഖ മലയാള പത്രങ്ങൾ ആഘോഷമാക്കി. വർണ്ണാഭമായ ഒന്നാം പേജിന്റെ രൂപശില്പത്തിലും തലക്കെട്ടിന്റെ ഘടനയിലും രാഷ്ട്രീയ പ്രത്യയ ശാസ്ത്രം വിളംബരം ചെയ്യുന്നു.

പത്രങ്ങൾ വ്യത്യസ്ത കാഴ്ചപ്പാടോടെയാണ് ഒന്നാം പേജ് അണിയിച്ചൊരുക്കിയത്. *കേരളം ശരിവെച്ചു* എന്ന മനോരമ കണ്ടെത്തിയപ്പോൾ കേരള കൗമുദി *എല്ലാം ശരിയാക്കും* എന്നും വീക്ഷണം *ഇടത്തോട്ടായി, ശരിയാകുമോ* എന്നുമാണ് ബാനർ ന്യൂസ്.

ദേശാഭിമാനി *ഹൃദയം നൽകി കേരളം* എന്നെഴുതിയപ്പോൾ ജന്മഭൂമിയിൽ *താമര വിരിഞ്ഞു* എന്നായി.

കേരളഭൂഷണം, ജനയുഗം, സിറാജ്, മെട്രോ വാർത്ത എന്നിവ *കേരളം ചുവന്നു* എന്ന് തലക്കെട്ട് നൽകി.

ദീപികയും മംഗളവും *ഇടതു തരംഗം* എന്നെഴുതിയപ്പോൾ മാതൃഭൂമി *ചെങ്കൊടിയേറ്റം* എന്നും മാധ്യമം *ചെങ്കൊടുങ്കാറ്റ്* എന്നും തലക്കെട്ട് നൽകി.

എല്ലാ പത്രങ്ങളും പുതിയ സർക്കാരിൽ പ്രതീക്ഷവെച്ച് എഡിറ്റോറിയൽ എഴുതി. പത്രങ്ങളിലെ തലക്കെട്ടുകളും എഡിറ്റോറിയലും ആത്യന്തികമായി പകരുന്നത് രാഷ്ട്രീയ വിചാരമാണ്. കേരളത്തിലെ പ്രമുഖ 10 മലയാള പത്രങ്ങളിലെ എഡിറ്റോറിയലിന്റെ അവസാന വരികൾ നമുക്ക് ശ്രദ്ധിച്ച് വായിക്കാം.

1. എല്ലാവർക്കും തുല്യനീതിയും സമഗ്ര വികസനവും വാഗ്ദാനം ചെയ്ത് അധികാരത്തിലെത്തുന്ന ഇടതുസർക്കാരിന് ആ ജനകീയ വാഗ്ദാനങ്ങൾ സാർഥകമാക്കാനാവട്ടെയെന്ന് ആശംസിക്കാം. **(മലയാള മനോരമ)**

2. അധികാരം ആരുടെ കണ്ണുകളെയും മഞ്ഞളിപ്പിക്കാതിരിക്കട്ടെ, ജനവികാരം എന്താണെന്ന് കാണാൻ രാഷ്ട്രീയം കൊണ്ട് അധികാരത്തിലേറുന്നവർ ഒരിക്കലും മറക്കാതിരിക്കട്ടെ **(മാതൃഭൂമി)**

3. അഴിമതി രഹിത മാർഗ്ഗങ്ങളിലൂടെ ജനക്ഷേമ പദ്ധതികൾ നടപ്പാക്കിയും സ്ത്രീകളും കുട്ടികളും ആദിവാസികളും ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങളുടെ സുരക്ഷ ഉറപ്പാക്കിയും സദ്ഭരണം നടത്താൻ പുതിയ സർക്കാരിനു സാധിക്കണം **(ദീപിക)**

4. നീറുന്ന നൂറുകൂട്ടം പ്രശ്നങ്ങളുടെ നടുവിലാണ് പൊതുസമൂഹം. അവരുടെ പ്രതീക്ഷകൾക്കൊപ്പം ഉയരുവാൻ കഴിയുംവിധം പ്രവർത്തിക്കാൻ പുതിയ സർക്കാരിന് കഴിയട്ടെ. **(മംഗളം)**

5. രാജ്യം അടക്കി ഭരിക്കുന്ന ഫാസിസ്റ്റ് പ്രസ്ഥാനം മതേതര കേരളത്തെ പിടിയിലൊതുക്കാൻ നടത്തുന്ന ആസൂത്രിത നീക്കത്തെ നിസ്സാരവത്ക്കരിക്കുന്നത് സങ്കടകരമാകും. കക്ഷിബന്ധങ്ങൾക്കതീതമായ മതേതര സമൂഹത്തിന്റെ ജാഗ്രതയാണ് പ്രതിരോധനത്തിന്റെ ഫലപ്രദമായ വഴി. **(മാധ്യമം)**

6. ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങളുടെ തിക്തഫലങ്ങൾ മതനിരപേക്ഷ ഘടന ആക്രമിക്കപ്പെടുന്നതിന്റെ ഭാഗമായുണ്ടാകുന്ന ആശങ്കകൾ തുടങ്ങിയവ കൂടുതൽ ജനവിഭാഗങ്ങളെ എൽഡിഎഫിനോട് ചേർത്ത് നിർത്തി. **(ദേശാഭിമാനി)**

7. പ്രതീക്ഷിച്ചതിനെക്കാൾ തിളക്കമേറിയ വിജയത്തോടെ എൽ.ഡി.എഫ്. ഭരണത്തിലേറുമ്പോൾ ജനങ്ങളുടെ പ്രതീക്ഷകളും വാനോളം ഉയരത്തിലാണ്. എല്ലാം ശരിയാക്കാനുള്ള അവസരമാണ് ജനങ്ങൾ അവർക്ക് നൽകിയിരിക്കുന്നത്. **(കേരള കൗമുദി)**

8. ജനം വോട്ടിലൂടെ നൽകിയ അധികാരം ജനസേവനത്തിനുള്ള മാർഗ്ഗമായി കണ്ട് അതിനനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാവണം. അല്ലെങ്കിൽ ഇപ്പോൾ നിങ്ങൾക്കായി പച്ചക്കൊടി കാണിച്ചവർ നിങ്ങൾക്കെതിരെ തിരിയാൻ ഏറെക്കാലം വൈകില്ല. **(വീക്ഷണം)**

9. കേരളത്തിന്റെ സവിശേഷതയ്ക്കനുസരിച്ചുള്ള ഭാവനാസമ്പന്നമായ നയങ്ങളും പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഈ വലിയ ഭൂരിപക്ഷത്തിന്റെ ജനവിധി ഭാവി സർക്കാരിന് കരുത്തായിത്തീരും. **(കേരള ഭൂഷണം)**

10. അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും ജനങ്ങൾക്ക് മടുത്തു. അത്തരം നീച പ്രവർത്തികളെ കെട്ടുകെട്ടിക്കാനാണ് ജനം ഉറപ്പിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പ് ഫലം അതിന് അടിവരയിട്ടിരിക്കുന്നു. **(ജന്മഭൂമി)**

- Jtk

യുവജനപ്രസ്ഥാനം പരിസ്ഥിതി സമ്മേളനം പങ്ങട സെന്റ് മേരീസ് പള്ളിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

പങ്ങട: പരിസ്ഥിതിയെ സ്നേഹിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചു. യുവജനപ്രസ്ഥാനം പരിസ്ഥിതി സമ്മേളനം പങ്ങട സെന്റ് മേരീസ് പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ. ബാവാ.

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. യുവജനപ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ, ഫാ. തോമസ് വർഗീസ് കാവുങ്കൽ, ഫാ. ഫിലിപ്പ് തരകൻ, ഫാ. കുര്യാക്കോസ് മാണി, പ്രശസ്ത ഗായിക വൈക്കം വിജയലക്ഷ്മി, ജോജി പി. തോമസ്, എൻ. ഐ. അനിൽമോൻ, ഷിജോ മാത്യു, റെനിൽ രാജൻ, ബോബിൻ മർക്കോസ് എന്നിവർ പ്രസംഗിച്ചു.

സി.ബി.എസ്.ഇ. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A1 കരസ്ഥമാക്കിയ ഹാബേൽ ജോൺ സാബു. ചെങ്ങന്നൂർ ബഥേൽ മാർ ഗ്രിഗോറിയോസ് ഇടവകയിൽ കടവിൽ തോപ്പിൽ കെ. ജെ. സാബുവിന്റെയും മിനി സാബുവിന്റെയും മകൻ.

Advt.

ഒരു വലിയ ലക്ഷ്യത്തിലേക്ക്

പരുമല
സെന്റ് ഗ്രിഗോറിയോസ്
ക്യാൻസർ കെയർ സെന്ററിന്റെ
നിർമ്മാണത്തിന്റെ ഒരു
ചതുരശ്ര അടിക്കുവേണ്ട തുക

₹3700

ഞാൻ നൽകുന്നു



Cheques & Drafts are to be drawn in favour of
ST. GREGORIOS INTERNATIONAL CANCER CARE CENTRE, PARUMALA
A/c No. 11310200003697, IFSC: FDRL0001131
Federal Bank, Mannar, Kerala.

ST. GREGORIOS INTERNATIONAL CANCER CARE CENTRE
Parumala P.O., Pathanamthitta Dist. Kerala State., India. Pin 689 626
Tel.: 0091 (0) 479 2312266, 23142465 Fax: 0091(0)4792312866
sgicccparumala@gmail.com : www.sgiccc.com
Find on as / sgi cancercarecentreparumala



വീണ്ടും തിളക്കമാർന്ന വിജയം

B.M.M. SENIOR SECONDARY SCHOOL

POTHENPURAM P.O., PAMPADY; Tel: 0481-2506431
A CBSE New Generation School; Estd: 1983
Owned and Managed by Malankara Orthodox Church
Website: www.bmmschoolpampady.in
e-mail:bmmpampady@rediffmail.com; Affiliation No:930047,CBSE

School Toppers
Science 96.2%
Commerce 94.2%

Class XII (AISSCE)
A1 in All Subjects





Jilu Jaimon | Sherin Susan Sobichen | Abiya K Jacob, Avin Abraham, Chelsa Reji, Gifty Alin Jacob, Milan Tom Kurian.

34 Years of Excellence

Class X (AISSE) A1 in All Subjects

Adithya V Nair, Ann Mary Philip, Ansu Sara Shajan, Elaija Elsa Viji, Evlyn Ann Joseph, R. Gopika, Gowri Anil, Greeshma Thomas, R. Harikrishna, Heera Rajan V.

Jalena Mathew, Josphen Marya Varghese, Kavitha Suresh, Keerthi Sankar, Keziya Sabu, Lijoe M George, Maheswari Sureshbabu, Mariya John, Meera Gayathri D., Melvin Sebastian

Parvathy PK., Revathy B. Jayaraj, Riya Ann Abraham, Sandra Maria Sajan, Sandra Saji, Sharu Elsa Shaji, Sneha Rachel Biju, Sona Susan Zacharia, Sonal Sunny, Sruthy Jacob



Tess Toni, Varsha Sajan George, Gokul Santhosh, R Jayasurya, Nikhil Jose, Reuben Thomas Lal, Sai Karun.

Faculty Wanted
Physics, M.Sc; B.Ed

Design: 9544347070

XI Admission closes on 4th June, Class starts on 6th June

* Securing 100% result since the first batch 1994. * Presenting students for plus two since 1998. * Experienced and well-qualified teachers. * Well equipped Science & Computer Labs. * Language Lab * Audio Visual/Seminar Hall, Eco-Spiritual classes. * Indoor & outdoor courts for games & sports. * Karate, Skating, Yoga. *Separate hostels for boys & girls. *Resident teachers to guide the students. * **Entrance Coaching by Brilliant, Pala**

Manager	Bursar & Local Manager	Principal
H.H.Baselius Marthoma Paulose II	Rev. Fr. Mathew K. John	Prof. Dr. Issac Thomas

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/June/2016

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

Baselios Mathews II College of Engineering

(Approved by AICTE and Affiliated to University of Kerala & APJ Abdul Kalam Technological University) INSTITUTION CODE: BMC

Lake View, Sasthamcotta, Kollam, Kerala 690 520. Ph: 0476-2835579, 2836595.
Email: info@bmce.ac.in www. bmce.ac.in







ENGINEERING WITH A SPIRITUAL EDGE

A serene, sylvan and lake-side campus situated in the pilgrim land of Angel Bava (H.H. Baselios Marthoma Mathews II, Catholicos of the East & Malankara Metropolitan), our founder.

Efficient and Committed management team under the eminent leadership of H.G. Zacharias Mar Anthonios Metropolitan.

Highly Qualified, Dedicated, Experienced and Research oriented Faculty.

Mentoring and Counseling : Effective mentoring with individual care, Full Time Counseling facilities and stress management guidance.

Transport system connecting the campus to all important points

Entrepreneurship Development and Startup Activities: Industry-Institute Interaction Cell, Entrepreneurship Development Club, IEDC, BMC Technologies (In house product development).

Tie-Ups: National Instruments, Techno park Business Incubation Cell, Startup Boot Camp, Microsoft Academy, Cisco Academy, Yokogawa

Knowledge Enhancement: International Conferences, Publications, Workshops, Short Term Courses, FDP's, Certification Courses to enhance and exhibit Knowledge potential of Faculty and Students.

Infrastructure : Data Centre , High speed internet, OFC backbone, more than 500 computers, Wi Fi, Ultra modern computer labs, Full-fledged laboratories, workshops, Seminar Halls, Conference Halls and Tutorial Rooms.

Hostels under the supervision of dedicated Priests.

Library : More than 30,000 books, International & National Journals, Digital Library (IEEE, ASCE, Springer), Department Libraries

COURSES OFFERED

B.Tech
- Applied Electronics & Instrumentation Engineering
- Civil Engineering
- Computer Science & Engineering
- Electronics & Communication Engineering
- Electrical & Electronics Engineering
- Mechanical Engineering

M.Tech
- Computer Science & Engineering

Sports and Games : Facilities for outdoor and indoor games, Sports Fests, State Level Tournaments.

Recent Achievements: University of Kerala I[st] rank and IV[th] rank bagged by our M.Tech Computer Science & Engineering students.

Our Alumini are placed in leading Companies

WIPRO ALLSEC TECHNOLOGIES CSS CORP hp Cognizant sutherland. TCS ABB NATIONAL INSTRUMENTS YOKOGAWA SIEMENS HCL IBM

Admission Contact
8281801579
8547849269
0476-2835579

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL